# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

മേയ് 2024 | വാല്യം 51 ലക്കം 2 | പേജ് 12 | വില 10.00 രൂപ

UNITY Monthly | May 2024 | Volume 51 Issue 2 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


## ലോക്സഭാ തെരഞ്ഞെടുപ്പ്

# രാഷ്ട്രീയം കൈവെടിഞ്ഞ പ്രചാരണം; നിസ്സംഗതയിലാഴ്ന്ന ജനങ്ങൾ

പതിനെട്ടാം ലോക്സഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പോളിംഗ് ഏപ്രിൽ 26ന് നടന്നു കഴിഞ്ഞു. ഇതരസംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് പ്രക്രിയ ജൂൺ ഒന്നിനുള്ളിലേ പൂർത്തിയാകൂ. വോട്ടെണ്ണൽ ജൂൺ നാലിനും. ഓരോ ദിനം കഴിയുന്തോറും നാടിന്റെ ജനാധിപത്യപ്രക്രിയ അടിമുടി ഒരു പ്രഹസനമായി മാറുന്നുവെന്നാണ് തിരഞ്ഞെടുപ്പ് പ്രചാരണ രംഗത്ത് ദൃശ്യമാകുന്ന രാഷ്ട്രീയ യാഥാർത്ഥ്യങ്ങൾ വ്യക്തമാക്കുന്നത്. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ക്രമേണ അസ്തമിക്കുകയാണ്. കണക്കറ്റ അഴിമതിപ്പണവും മൃഗീയമായ അധികാരവും ഉപയോഗപ്പെടുത്തി രാജ്യത്തിന്റെ ജനാധിപത്യപ്രക്രിയയെ ഒന്നാകെ അട്ടിമറിക്കുകയാണ് നരേന്ദ്ര മോദിയും സംഘവും.

അടിമുടി വ്യാജമായ പ്രസ്താവന നടത്തിക്കൊണ്ട് രാജ്യത്തെ ഇരുപത് കോടി വരുന്ന ഒരു ജനവിഭാഗത്തിനുനേരെ വെറുപ്പ് പടർത്തി രാജസ്ഥാനിലെ ബൻസ്വാരയിൽ പ്രസംഗിച്ച നരേന്ദ്ര മോദിക്കെതിരെ ചെറുവിരലനക്കാൻ ഇലക്ഷൻ കമ്മീഷൻ തയ്യാറായിട്ടില്ല. ഗുജറാത്തിലെ സൂറത്തിൽ ബിജെപി നേടിയ എതിരില്ലാത്ത വിജയം രാജ്യത്തിന്റെ ജനാധിപത്യഘടനയുടെ മുഖത്തേറ്റ പ്രഹരമാണ്. കോൺഗ്രസ്സ് സ്ഥാനാർത്ഥിയെക്കൊണ്ട് അവസാന നിമിഷം പത്രിക പിൻവലിപ്പിച്ച മധ്യപ്രദേശിലെ ഇൻഡോറിൽ ഭീഷണിയും സമ്മർദ്ദങ്ങളും പ്രലോഭനങ്ങളും പ്രയോഗിച്ച് ഇതര സ്ഥാനാർത്ഥികളുടെയും പത്രിക പിൻവലിപ്പിക്കാൻ ബിജെ പി നടത്തിയ എല്ലാ സീമകളും വിട്ട മുഷ്കിനെ എസ്‌യുസിഐ(കമ്യൂണിസ്റ്റ്)ന്റെ ഇൻഡോറിലെ സ്ഥാനാർത്ഥി പരാജയപ്പെടുത്തി. പാർട്ടി സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശ പത്രികയിൽ ഒപ്പിട്ട പത്തുപേരിൽ ഒരാളുടെയെങ്കിലും പിന്തുണ ഇല്ലാതാക്കാൻ ബിജെപി പയറ്റിയ കുതന്ത്രങ്ങളെല്ലാം പാർട്ടി സഖാക്കളുടെ മുമ്പിൽ നിഷ്ഫലമായി. അങ്ങിനെ എതിരില്ലാത്ത വിജയം ഇൻഡോറിൽ ആവർത്തിക്കാൻ നമ്മുടെ പാർട്ടി അനുവദിച്ചില്ല. പാർട്ടികളെയും സ്ഥാനാർത്ഥികളുൾപ്പെടെ ഇതര കക്ഷിനേതാക്കളെയും വിലക്കെടുത്തും കുറുമാറ്റിച്ചും രാഷ്ട്രീയ ധാർമ്മികതയെ അധികാരബൂട്ടുകൾക്കു കീഴിൽ ചവിട്ടിയരക്കുകയാണ് ബജെപി. പോളിംഗിന്റെ അവസാന തീയതിയായ ജൂൺ ഒന്നിനുമുമ്പ് എന്തെല്ലാം ജനാധിപത്യ ധ്വംസനങ്ങൾക്കും രാഷ്ട്രീയ സദാചാരരാഹിത്യത്തിനും സാക്ഷിയാകേണ്ടിവരുമെന്ന് ആർക്കും സങ്കൽപ്പിക്കാനാവില്ല.

### മനംമടുത്ത ജനങ്ങൾ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ നിന്ന് അകലുന്നു

സംസ്ഥാനത്ത് കഴിഞ്ഞ രണ്ട്

(ശേഷം 2–ാം പേജിൽ)



# സഖാവ് വി.വേണുഗോപാൽ: ഉന്നത നിലവാരമാർജ്ജിച്ച വിപ്ലവനേതാവ് – പ്രൊവാഷ് ഘോഷ്

ഏപ്രിൽ 12ന് കൊൽക്കത്തയിലെ മൗലാലി യുവകേന്ദ്രയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റി സംഘടിപ്പിച്ച സഖാവ് വി.വേണുഗോപാൽ അനുസ്മരണസമ്മേളനത്തിൽ ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നടത്തിയ പ്രസംഗം.

സഖാവ് അദ്ധ്യക്ഷൻ,
സഖാക്കളേ,

നമ്മെ വിട്ടു പിരിഞ്ഞ ഒരു നേതാവിനെയോ സഖാവിനെയോ അനുസ്മരിച്ചുകൊണ്ട് സംഘടിപ്പിക്കുന്ന അനുശോചന യോഗങ്ങൾ, കേവലം ചടങ്ങോ അനുഷ്ഠാനമോ ആയല്ല നാം കാണുന്നത് എന്നു നിങ്ങൾക്കേവർക്കുമറിയാം. വേർപിരിഞ്ഞ സഖാവിനെ നാമോർക്കുന്നത് അദ്ദേഹത്തിന്റെ ജീവിതസമരത്തിൽനിന്നു പാഠമുൾക്കൊള്ളാനാണ്, നമ്മുടെ മഹാനായ നേതാവും ഗുരുവും സമുന്നത മാർക്സിസ്റ്റ് ആചാര്യനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളെ ആ സഖാവ് എങ്ങനെ സ്വജീവിതത്തിൽ പ്രാവർത്തികമാക്കി എന്നു മനസ്സിലാക്കാനാണ്. നാമെല്ലാവരും സഖാവ് ശിബ്ദാസ് ഘോഷിന്റെ ശിഷ്യരാണ്, ഓരോരുത്തരുടെയും ജീവിതത്തിൽ നിന്നു നാം പരസ്പരം പഠിക്കുന്നു. നമ്മുടെ പാർട്ടി ഒരു കുടുംബമാണ്. സഖാക്കളെന്ന നിലയിൽ നമ്മൾ തമ്മിലുള്ള ബന്ധം സഖാവ് ശിബ്ദാസ് ഘോഷ് പ്രദാനം ചെയ്ത വിപ്ലവപാഠങ്ങളുടെയും നൈതികതയുടെയും അടിസ്ഥാനത്തിലുള്ളതാണ്. അതുകൊണ്ട്, നമുക്കു നേരിട്ടറിയാവുന്നതോ അല്ലാത്തതോ ആയ ഒരു നേതാവോ

(ശേഷം 10–ാം പേജിൽ)

## ഏപ്രിൽ 24: എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാപനദിനം

# യാതനാനിർഭരമായ പോരാട്ടത്തിന്റെ ഏഴരപ്പതിറ്റാണ്ട്

ബ്രിട്ടീഷ് ആധിപത്യത്തോട് വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം നടത്തിയ വിവിധ വിപ്ലവഗ്രൂപ്പുകളിൽ പ്രവർത്തിച്ചിരുന്ന ഏതാനുംപേർ ചേർന്നാണ് സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) എന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് 1948ൽ രൂപം നൽകുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് മുഖ്യമായും നേതൃത്വം നൽകിയ ഇന്ത്യൻ നാഷണൽ കോൺഗ്രസിന് വിദേശാധിപത്യത്തിന് അന്ത്യംകുറിച്ച് തദ്ദേശീയ ഭരണം സ്ഥാപിക്കണമെന്ന ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. ചൂഷണവാഴ്ച്ചയ്ക്ക് അറുതിവരുത്താൻ അതുവഴി സാധ്യമാകില്ല എന്ന് തിരിച്ചറിഞ്ഞവരാണ് ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാനായിമുന്നോട്ടുവന്നത്. ക്വിറ്റ് ഇന്ത്യ സമരകാലത്തെ ജയിൽവാസം ഈ വിപ്ലവകാരികൾക്ക് തീക്ഷ്ണമായ പ്രത്യയശാസ്ത്രസമരത്തിന് അവസരം നൽകി. ജീവിതത്തിന്റെ സമസ്തരംഗങ്ങളിലുമുള്ള സമൂലമായ മാറ്റമാണ് വിപ്ലവം എന്നതുകൊണ്ടുതന്നെ ജീവിതത്തെയാകമാനം പരിവർത്തനപ്പെടുത്തുന്നവർക്കേ അതിന് നേതൃത്വം നൽകാനാകൂ എന്നവർ മനസ്സിലാക്കിയിരുന്നു. ആ പരിവർത്തനം മാർക്സിസമെന്ന മഹനീയ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ് നടത്തേണ്ടത്. ആ ദർശനത്തിന്റെ അടിസ്ഥാനപാഠങ്ങളും അതിന്റെ മൗലികമായ ധാരണകളും ആർജ്ജിച്ചെടുക്കാനുള്ള തീവ്രമായ ശ്രമം അവർ ആരംഭിച്ചു. ജയിൽ മോചിതരായ ശേഷവും കഠിനതരമായ ആ സമരം തുടർന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി കെട്ടിപ്പടുക്കാനായി അവർ നടത്തിയ ആ സമരം ചരിത്രത്തിൽ സമാനതകളില്ലാത്ത ഒന്നായിരുന്നു.

1920കൾ മുതൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ(സിപിഐ) ഇന്ത്യയിൽ പ്രവർത്തിച്ചിരുന്നു. ലോകവ്യാപകമായി കമ്മ്യൂണിസ്റ്റ് ദർശനത്തിനുണ്ടായിരുന്ന യശസ്സും ജനപിന്തുണയും സ്വഭാവിക

(ശേഷം 4–ാം പേജിൽ)




മേയ് ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് എഐയുറ്റിയുസിയുടെ നേതൃത്വത്തിൽ നടന്ന റാലി.

# സമരരാഷ്ട്രീയത്തിന്റെ അപ്രതിരോധ്യത രാഷ്ട്രീയമണ്ഡലത്തിൽ സ്ഥാപിച്ചുകൊണ്ടുമാത്രമേ ഫാഷിസ്റ്റ് വിപത്തിനെ ചെറുക്കാനാകൂ

(1–ാം പേജിൽ നിന്ന്)

തിരഞ്ഞെടുപ്പുകളിലെയും പോളിംഗിനേക്കാൾ 6 ശതമാനത്തോളം ഇടിവ് ഇത്തവണ ഉണ്ടായിരിക്കുന്നു. തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ വേളയിൽ എവിടെയും ദൃശ്യമായ നിർവ്വികാരതയും താൽപ്പര്യരാഹിത്യവും പോളിംഗിലും തുടരുകയാണുണ്ടായത്. ജനകീയ ഉൽസവമെന്ന് വിശേഷിപ്പിച്ചുകൊണ്ട് ഇലക്ഷൻ കമ്മീഷൻ ജനങ്ങളെ വോട്ടിംഗിലേക്കുകൊണ്ടുവരാനായി കോടികൾ മുടക്കി ബോധവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനായി പത്ര–ചാനൽ പരസ്യങ്ങൾ, വഴിനീളെ ഡോക്കുമെന്ററി പ്രദർശനങ്ങൾ, യുവാക്കളെ ആകർഷിക്കാനായി സംഗീതപരിപാടികൾ തുടങ്ങിയ പ്രചാരണപ്രവർത്തനങ്ങൾ സ്വീകരിച്ചു. പത്രങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും പരമാവധി എരിവും പുളിയും മസാലയും ചേർത്ത് തിരഞ്ഞെടുപ്പ് വാർത്തകൾ വിളമ്പി. ജനങ്ങളെ പോളിംഗ് ബൂത്തിലെത്തിക്കാൻ ഇത്രയൊക്കെ ചെയ്തിട്ടും കാര്യമായ ഒരു ചലനവും സൃഷ്ടിക്കപ്പെട്ടില്ല. വലിയൊരു വിഭാഗം ജനങ്ങളും വോട്ടിംഗിൽനിന്ന് വിട്ടുനിന്നു. ഒന്നും രണ്ടും ഘട്ടങ്ങളിൽ വടക്കേ ഇന്ത്യയിൽ പോളിംഗ് ശതമാനം ശരാശരി അറുപത് ശതമാനമാണ്. ഇനി അവശേഷിക്കുന്ന അഞ്ച് ഘട്ടങ്ങളായുള്ള തിരഞ്ഞെടുപ്പിന്റെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രചാരണത്തിലും ജനങ്ങൾ ഒരു താൽപ്പര്യവും കാട്ടുന്നില്ല എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. തിരഞ്ഞെടുപ്പെന്ന രാഷ്ട്രീയപ്രക്രിയയിൽ ആകെത്തന്നെയും കഠിനമായ നിരാശയും അസംതൃപ്തിയും പ്രതിഷേധവുമാണ് ജനങ്ങളിൽ പ്രകടമാകുന്നത്.

ഏഴിലധികം പതിറ്റാണ്ടുകളായി വ്യവസ്ഥാപിത പാർലമെന്ററി പാർട്ടികളുടെ സീമകളില്ലാത്ത വഞ്ചനക്കും കാപട്യത്തിനും ജനങ്ങൾ ഇരകളായിക്കൊണ്ടിരിക്കുകയാണ്. നഗ്നമായ വാഗ്ദാനലംഘനം നടത്തിയതിനുശേഷം പ്രകടനപത്രികകൾ തിരഞ്ഞെടുപ്പ് ജുംല മാത്രമല്ലേ, അതൊക്കെ ആരെങ്കിലും വിശ്വസിക്കുമോ എന്നുചോദിച്ച് മുഖമടച്ച് പ്രഹരിക്കുന്ന രാഷ്ട്രീയ കക്ഷികൾ ജനങ്ങളെ ക്ഷമയുടെ നെല്ലിപ്പലകയിലെത്തിച്ചിരിക്കുന്നു. ആവർത്തിക്കപ്പെട്ട തിരഞ്ഞെടുപ്പുകൾക്കും വിജയങ്ങൾക്കും ശേഷം നിസ്സഹായരായ മനുഷ്യരുടെ ദുരിതങ്ങൾ മാറ്റമില്ലാതെ തുടരുന്നു. തിരഞ്ഞെടുപ്പ് ഫലം എന്തുതന്നെയായാലും തങ്ങളുടെ ജീവിത യാതനകൾക്ക് ഒരവസാനവുമുണ്ടാകില്ല എന്ന ഉറച്ച ബോധ്യം കഴിഞ്ഞകാല അനുഭവങ്ങളിലൂടെ ജനങ്ങളിൽ ചെറുതെങ്കിലും ഒരു വിഭാഗത്തിനുണ്ടായിരിക്കുന്നു. ഈ ബോധ്യത്തിൽനിന്ന് ഉടലെടുക്കുന്ന നിരാശയും ഉദാസീനതയും ജനാധിപത്യപ്രക്രിയയിൽ നിന്ന് ആകെ അകന്നുനിൽക്കാൻ അവരെ പ്രേരിപ്പിക്കുന്നു.

രാജ്യത്തിന്റെ ഭാവിതന്നെ നിർണ്ണയിക്കപ്പെടുന്ന ഘട്ടത്തിൽ നടക്കുന്ന തിരഞ്ഞെടുപ്പിലാണ് ഈയളവിലുള്ള നിസംഗതയും മടുപ്പും ജനങ്ങൾ പ്രകടിപ്പിക്കുന്നത്. എത്രയും വേഗം നിഷ്കാസിതമാക്കേണ്ടുന്ന ഒരു രാഷ്ട്രീയകക്ഷി മൂന്നാമതും ഭരണത്തിലെത്താൻ ഏറ്റവും നീചമായ മാർഗ്ഗങ്ങൾ അവലംബിക്കുന്ന ഈ തിരഞ്ഞെടുപ്പിൽ ജനങ്ങളുടെ സബോധമായ പങ്കാളിത്തവും ഇടപെടലും എത്രയോ അനിവാര്യമായിരുന്നു. എന്നാൽ നമ്മൾ അതു കണ്ടില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? കേന്ദ്രാധികാരത്തിലുള്ള ബിജെപിയുടെ നയങ്ങൾക്കെതിരെ ജനങ്ങളെ ആകെ തെരുവിലണിനിരത്തുന്ന ഒരു ജനാധിപത്യമുന്നേറ്റത്തിന്റെ അന്തരീക്ഷത്തിലാണ് ഈ തിരഞ്ഞെടുപ്പ് വന്നിരുന്നതെങ്കിൽ പ്രതീക്ഷയോടെയും ശുഭാപ്തിവിശ്വാസത്തോടെയും ജനങ്ങൾ ഇതിൽ പങ്കെടുക്കുമായിരുന്നു. തിരഞ്ഞെടുപ്പും ജനാധിപത്യപ്രക്ഷോഭത്തിന്റെ അവിഭാജ്യമായ ഘടകമായി മാറുന്നതിലൂടെ ജനങ്ങളുടെ സക്രിയമായ രാഷ്ട്രീയ ഇടപെടൽ ഉണ്ടാകുമായിരുന്നു. അത്തരമൊരു സാഹചര്യം സൃഷ്ടിക്കപ്പെട്ടതേയില്ല. ഭരിക്കുന്ന കക്ഷിയോടുള്ള വെറുപ്പും വിദ്വേഷവും മുതലെടുത്തു കൊണ്ട് അധികാരത്തിൽ വരാൻ വെമ്പുന്ന പ്രതിപക്ഷവും വഞ്ചനയുടെ രാഷ്ട്രീയം തന്നെയാണ് അനുവർത്തിക്കുന്നതെന്ന ബോദ്ധ്യത്തിന്റെ പ്രതിഫലനമാണ് കേരളത്തിലുൾപ്പടെ ഒരു വിഭാഗം ജനങ്ങളിൽ നാം ദർശിച്ച നിർവ്വികാരത.

## എൽഡിഎഫ് സർക്കാരിന്റെ വലതു നയങ്ങളിൽ നിരാശരായ ഇടതുപക്ഷ വിശ്വാസികൾ

നമ്മുടെ സംസ്ഥാനത്തെ സവിശേഷമായ രാഷ്ട്രീയ സാഹചര്യം ജനങ്ങളുടെ മടുപ്പിന്റെ ആഴമേറ്റുന്നു. പ്രമുഖ എതിരാളികളെന്ന നിലയിൽ പരസ്പരം ഏറ്റുമുട്ടുന്ന യുഡിഎഫ്–എൽഡിഎഫ് മുന്നണികളിലെ ഘടകകക്ഷികൾ നമ്മുടെ സംസ്ഥാനത്തിനു പുറത്ത് ഒറ്റ മുന്നണിയായാണ് മൽസരിക്കുന്നത്. അവർ തമ്മിലുള്ള മൽസരത്തിന്റെ രാഷ്ട്രീയ വിശ്വാസ്യതയും ധാർമ്മികതയും ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യം തദ്വാര സൃഷ്ടിക്കപ്പെട്ടു. സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന സിപിഐ(എം) മുന്നണി കൈക്കൊള്ളുന്ന തീർത്തും ഇടതുപക്ഷ വിരുദ്ധമായ നയങ്ങൾ, സത്യസന്ധരായ ഇടതുപക്ഷ വിശ്വാസികളെയും പുരോഗമന ചിന്താഗതിക്കാരെയും നിരാശയുടെ ആഴങ്ങളിലേക്ക് തള്ളിയിട്ടിരിക്കുന്നു. ഇടതു സർക്കാരൊന്നാകെയും മുഖ്യമന്ത്രി പ്രത്യേകിച്ചും അനുവർത്തിക്കുന്ന സ്വേഛാപരമായ നയങ്ങളും മർദ്ദന നിലപാടുകളും സംസ്ഥാനത്തിന്റെ ജനാധിപത്യഘടനയ്ക്ക് ഏൽപ്പിച്ചിരിക്കുന്ന ആഘാതം അളവറ്റതാണ്. അവയാകട്ടെ, ആകെത്തുകയിൽ ഫാസിസ്റ്റ് രാഷ്ട്രീയത്തിന് ബലം പകരുകയും ചെയ്യുന്നു. ജനാധിപത്യവിശ്വാസികൾ, ഇടതുഭരണത്തിൽ അക്ഷരാർത്ഥത്തിൽ പകച്ചുനിൽക്കുകയാണ്. ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെ അഗാധമായ ചുഴിയിൽനിന്നും രാജ്യത്തെ രക്ഷിക്കേണ്ട അടിയന്തര ഘട്ടത്തിൽ ആ ദൗത്യത്തെ സങ്കുചിതമായ പാർലമെന്ററി ലക്ഷ്യത്തിനുവേണ്ടി വലിച്ചെറിയുകയും മറുവശത്ത് ഭരണനയങ്ങളിലൂടെ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തെ ദുർബ്ബലപ്പെടുത്തുകയും ചെയ്യുന്നതിൽ യഥാർത്ഥ ഇടതുപക്ഷ വിശ്വാസികൾ അതീവ ദുഃഖിതരാണ്. കേരളത്തിൽ സിപിഐ–സിപിഐ(എം) അണികളിൽ ഗണ്യമായ ഒരു വിഭാഗത്തെ തിരഞ്ഞെടുപ്പ് പ്രവർത്തന രംഗത്തുനിന്നു വിട്ടുനിൽക്കാൻ പ്രേരിപ്പിച്ചത് മുകളിൽ സൂചിപ്പിച്ച വേദനാകരമായ രാഷ്ട്രീയ സാഹചര്യമാണ്.

ഏതാണ്ട് നാല് പതിറ്റാണ്ടായി കണ്ടുകൊണ്ടിരിക്കുന്ന തിരഞ്ഞെടുപ്പ് മൽസരത്തിന്റെ ചിത്രം തന്നെയായിരുന്നു ഇത്തവണയും സംസ്ഥാനത്ത് ആവർത്തിക്കപ്പെട്ടത്. രാഷ്ട്രീയം പൂർണ്ണമായും ചോർത്തപ്പെട്ടു. ജനങ്ങളുടെ ജീവിതത്തെ പിടിച്ചുലയ്ക്കുന്ന അതീവ ഗുരുതരമായ ഒരു പ്രശ്നവും അർഹമായ ഗൗരവത്തോടെ തിരഞ്ഞെടുപ്പ് പ്രചാരണരംഗത്തെ ചർച്ചയ്ക്ക് വിഷയമായില്ല. ജനങ്ങളുടെ താണരാഷ്ട്രീയ ബോധനിലവാരത്തെ മുതലെടുത്തുകൊണ്ട് ഏറ്റവും നിന്ദ്യമായ വർഗ്ഗീയ കണക്കുകൂട്ടലുകളോടെ പ്രചരണവിഷയങ്ങൾ തിരഞ്ഞെടുത്തു. രാഹുൽ ഗാന്ധിയുടെ റോഡ് ഷോയിൽ ലീഗിന്റെയും കോൺഗ്രസ്സിന്റെയും കൊടി പിടിച്ചില്ല എന്നുതുടങ്ങിയ വിമർശനത്തിലായിരുന്നു സഖാവ് പിണറായി വിജയന്റെ തുടക്കം. കോൺഗ്രസ്സിന്റെ തിരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പൗരത്വ നിയമം പിൻവലിക്കുമെന്ന് പറഞ്ഞിട്ടില്ല എന്നതാതായിരുന്നു അദ്ദേഹം ഉന്നയിച്ച മറ്റൊരു കാര്യം. 'കേരളത്തിനെതിരെ രാഹുൽ ഗാന്ധിയും ബിജെപിയും ഒരേ സ്വരത്തിൽ സംസാരിക്കുന്നു, കേരളത്തിൽനിന്ന് ജയിച്ചുപോകുന്ന കോൺഗ്രസ്സ് എംപിമാർ ബിജെപി പാളയത്തിലേക്ക് മറുകണ്ടം ചാടും', ഇതൊക്കെയായിരുന്നു സിപിഐ(എം) പ്രചാരണം. ബിജെപിയുടെ വേട്ടയാടലിനെതിരെ ന്യൂനപക്ഷങ്ങൾക്കിടയിലുള്ള ആശങ്കകളെയും വികാരത്തെയും മുതലെടുക്കുക എന്നതുമാത്രമായിരുന്നു ഈ പ്രചാരണങ്ങളുടെ ലക്ഷ്യം. കോൺഗ്രസ്സ് സ്ഥാനാർത്ഥികൾ ബിജെപി പാളയത്തിലേക്ക് കൂറുമാറുമെന്ന് പ്രചരിപ്പിച്ച്, ന്യൂനപക്ഷങ്ങളെ ഭയപ്പെടുത്തി വോട്ട് നേടാൻ ശ്രമിക്കുന്നത് എന്തുതരം ജനാധിപത്യബോധത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ബിജെപിയിലേക്ക് കാലുമാറാൻ സാധ്യതയുള്ള കോൺഗ്രസ്സിന്റെ വടക്കേ ഇന്ത്യയിലെ സ്ഥാനാർത്ഥി കൾക്കുവേണ്ടി വോട്ട് അഭ്യർത്ഥിക്കുന്നത് ഇതേ സിപിഐ (എം) തന്നെയല്ലേ?

കോൺഗ്രസ്സിന്റെ തിരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പൗരത്വ നിയമം പിൻവലിക്കുമെന്ന് പറഞ്ഞിട്ടില്ല എന്ന് ഉന്നയിക്കുന്നതിന്റെ ലക്ഷ്യം വളരെ വ്യക്തമാണ്. അത് പൗരത്വ നിയമത്തിനെതിരായ ജനാധിപത്യനിലപാടിന്റെ അടിസ്ഥാനത്തിൽ വരുന്ന വിമർശനമല്ല. സിഎഎക്കെതിരെ ചിട്ടയായ ഒരു ജനാധിപത്യമുന്നേറ്റം വളർത്തിയെടുക്കാൻ കേരളത്തിൽ എന്തുപരിശ്രമമാണ് സിപിഐ(എം) നടത്തിയത്. പാർലമെന്ററി കണക്കുകൂട്ടലോടെ നടത്തുന്ന അനുഷ്ഠാന പ്രതിഷേധങ്ങളുടെ കണക്കല്ല വേണ്ടത്. സ്വന്തം സംഘടനയുടെ അക്കൗണ്ടിൽ രേഖപ്പെടുത്താനും തങ്ങളും പ്രതിഷേധിച്ചു എന്ന് ചിലരെയൊക്കെ ബോധ്യപ്പെടുത്താനും വേണ്ടി നടത്തുന്ന ഷോ അല്ല യഥാർത്ഥ സമരം. സംസ്ഥാനത്തെ ജനാധിപത്യ- മതേതര ശക്തികളെയും അവസാനത്തെ മനുഷ്യസ്നേഹിയെയും ഒരുമിപ്പിച്ചുകൊണ്ട് പൗരത്വ നിയമത്തിനെതിരെ ഒരു ജനകീയപ്രക്ഷോഭം വളർത്തിയെടുക്കാനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ സിപിഐ(എം)ന്റെ ഭാഗത്തുനിന്ന് ഉണ്ടായതേയില്ല. ആ വിധമുള്ള സമരങ്ങൾ ഉയർത്തിക്കൊണ്ടുവന്ന ജനാധിപത്യശക്തികളെ പോലീസിനെ ഉപയോഗിച്ച് നേരിടാനും അടിച്ചൊതുക്കാനുമാണ് ഇടതു സർക്കാർ ശ്രമിച്ചത്. ജനാധിപത്യവിശ്വാസികൾ ഉയർത്തിക്കൊണ്ടുവന്ന തിരുവനന്തപുരം ഷഹീൻബാഗ് സമരത്തിനെതിരെ നിരവധി കേസ്സുകൾ രജിസ്റ്റർ ചെയ്തു. സമരപന്തലിന്റെ ഉടമയെ പോലീസിനെ വിട്ടു ഭീഷണിപ്പെടുത്തി. സിഎഎ വിരുദ്ധ പ്രക്ഷോഭങ്ങളുടെ പേരിൽ സംസ്ഥാനമെമ്പാടും അറുനൂറിലധികം കേസ്സുകൾ രജിസ്റ്റർ ചെയ്തു. ഇപ്പോൾ തിരഞ്ഞെടുപ്പ് അടുത്തപ്പോൾ അതിൽ നാനൂറിലധികം കേസ്സുകൾ പിൻവലിച്ചതിൽ നിന്നും അവയെല്ലാം കള്ളക്കേസ്സായിരുന്നു വ്യക്തമായി. ഇക്കൂട്ടരുടെ ന്യൂനപക്ഷപ്രേമം വോട്ട് നേടാനുള്ള സങ്കുചിതനീക്കം മാത്രം.

## ഇവന്റ് മാനേജുമെന്റായി മാറിയ തിരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ ജനങ്ങൾ കാഴ്ചക്കാർ പോലുമല്ലാതായി

എല്ലാ മുന്നണികളും കോടികളൊഴുക്കി മുഴുനീള പത്രപരസ്യങ്ങളും ലക്ഷക്കണക്കിന് പോസ്റ്ററുകളും ചുവരെഴുത്തുകളും കൂറ്റൻ ഫ്ളെക്സ് ബോർഡുകളും ഹോർഡിംഗുകളുമൊക്കെയായി കണ്ണഞ്ചിപ്പിക്കുന്ന പ്രചാരണം സംഘടിപ്പിക്കുമ്പോഴും പ്രചാരണരംഗം വളരെ നിർജ്ജീവമായിരുന്നു. പ്രവർത്തനരംഗത്ത് സാധാരണ അണികളുടെ പങ്കാളിത്തമോ പ്രവർത്തകരുടെ ആവേശപൂർണ്ണമായ മുൻകൈയോ എങ്ങുമുണ്ടായില്ല. ഇവന്റ് മാനേജുമെന്റ് കമ്പനികളും ഉയർന്ന റേറ്റിംഗ് ഉള്ള അഡ്വർടൈസിംഗ് സ്ഥാപനങ്ങളുമാണ് പ്രചാരണം മുഴുവൻ നിർവ്വഹിച്ചത്. പ്രതിഫലം നൽകി നൂറുകണക്കിന് സ്റ്റാഫിനെ നിയോഗിച്ച് കേന്ദ്രീകൃതമായി നിർവ്വഹിക്കപ്പെട്ട ഒന്നായിരുന്നു സോഷ്യൽ മീഡിയ പ്രചാരണം. എഐ സാങ്കേതികവിദ്യവരെ ഉപയോഗപ്പെടുത്തി വ്യാജവീഡിയോകളും വ്യാജപോസ്റ്റുകളും സന്ദേശങ്ങളും ലക്ഷക്കണക്കിന് സൃഷ്ടിച്ച് വാസ്തവവിരുദ്ധമായ വാർത്തകളുടെ ലോകം തന്നെ നിർമ്മിച്ചു. ആർക്കും ഒന്നിനോടും ബാദ്ധ്യതപ്പെടേണ്ടതില്ലാത്ത, ആദർശവും തത്വവും പൂർണ്ണമായും ബലികഴിച്ച, അടിമുടി അധാർമ്മികത അരങ്ങുവാണ ഒന്നായിരുന്ന സോഷ്യൽ മീഡിയ പ്രചാരണം. ആർക്കാണോ കോടികൾ വാരിയെറിയാൻ കഴിയുന്നത്, അവർ പടയ്ക്കുന്നതാണ് സത്യമെന്നു സ്ഥാപിക്കപ്പെട്ടു. വസ്തുതകൾ കുഴിച്ചുമൂടപ്പെട്ടു.

സ്റ്റാർ പ്രചാരകർ പങ്കെടുത്ത അപൂർവ്വ യോഗങ്ങളല്ലാതെയുള്ള തെരുവ് യോഗങ്ങൾ ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കി. യുവാക്കൾ പ്രചാരണരംഗത്തുനിന്നുമാത്രമല്ല, പോളിംഗിൽ നിന്നും വിട്ടുനിന്നു. ഭവനസന്ദർശനാർത്ഥമുള്ള സ്ക്വാഡ് പ്രവർത്തനങ്ങൾ വളരെ പരിമിതമായിരുന്നു. സ്ലിപ്പ് വിതരണം പോലും ഭാഗികമായി മാത്രമാണ് നടന്നത്. ജനങ്ങൾ കാഴ്ചക്കാർ പോലുമല്ലാതായി.

ഇന്ത്യ എന്ന ജനാധിപത്യ റിപ്പബ്ലിക്കിന്റെ ആധാരശിലകൾ ക്രമേണ തകർക്കപ്പെടുന്ന ഏറ്റവും നിർണ്ണായകവേളയിലാണ് പതിനെട്ടാം ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്നത്. വെറുപ്പ് പടർത്തി ജനങ്ങളെ തമ്മിലടിപ്പിക്കുന്ന നീചമായ രാഷ്ട്രീയത്തിനെതിരെയുള്ള പ്രവർത്തനരംഗത്ത് നഷ്ടപ്പെടുന്ന ദിനങ്ങളും മണിക്കൂറുകളും ഈ രാജ്യത്തിന്റെ ഭാവിയെ ഇരുളടഞ്ഞതാക്കുമെന്ന് ഉറപ്പിക്കപ്പെട്ടിരിക്കുമ്പോഴും ജനാധിപത്യരാഷ്ട്രീയത്തെ കൈവെടിഞ്ഞുകൊണ്ടുള്ള മാപ്പർഹിക്കാത്ത സമീപനമാണ് സംസ്ഥാനത്തെ ഇടതു–വലതു മുന്നണികൾ സ്വീകരിക്കുന്നത്. കോൺഗ്രസ്സിൽനിന്നും ഉത്തരവാദിത്തപൂർണ്ണമായ ജനാധിപത്യസമീപനം ആരുംതന്നെ പ്രതീക്ഷിക്കുന്നില്ല. മുതലാളിവർഗ്ഗ സേവയ്ക്കായി നിയോഗിക്കപ്പെട്ട മറ്റൊരു കക്ഷി മാത്രമാണ് കോൺഗ്രസ്സ്. അധികാരത്തിലവരോധിമായിരിക്കുന്ന പാർട്ടിയെ പുറത്താക്കിയാലേ തങ്ങൾക്ക് ഭരണം ലഭിക്കൂ എന്നതിനാൽ മാത്രം നിലനിർത്തിയിക്കുന്ന എതിർപ്പാണ് കോൺഗ്രസ്സ്, ബിജെപിയോട് നിലനിർത്തിയിട്ടുള്ളത്. ബിജെപിയുടെ നയങ്ങളെ തത്വാധിഷ്ഠിതമായി

(ശേഷം 5–ാം പേജിൽ)

# ലഡാക്കിലെ ജനങ്ങളുടെ ഐതിഹാസികമായ പ്രക്ഷോഭണത്തെ പിന്തുണയ്ക്കുക

**അ**തീവ പരിസ്ഥിതിലോല പ്രദേശമായ ഹിമാലയൻ മേഖലയിലെ ലഡാക്കിൽ അധിവസിക്കുന്ന ജനങ്ങൾ ഐതിഹാസികമായ ഒരു പ്രക്ഷോഭണത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ലഡാക്കിനെ ഭരണഘടനയുടെ ആറാമത്തെ ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും, ഗുരുതരമായ പാരിസ്ഥിതികാഘാതങ്ങൾ സൃഷ്ടിക്കുന്നതും ജനജീവിതം ദുസ്സഹമാക്കുന്നതും സംസ്കാരത്തെ നശിപ്പിക്കുന്നതുമായ കേന്ദ്രസർക്കാരിന്റെ കോർപ്പറേറ്റ് പ്രീണന നയങ്ങൾക്കെതിരെയും ആണ് ഈ സമരം. അറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തകനും ശാസ്ത്രജ്ഞനും വിദ്യാഭ്യാസ വിദഗ്ധനും മഗ്സസെ അവാർഡ് ജേതാവുമായ സോനം വാങ്ചുക്കി (Sonam Wangchuk)ന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ സമരത്തെ പക്ഷേ കേന്ദ്ര സർക്കാരിനും കോർപ്പറേറ്റുകൾക്കും ദാസ്യവേല ചെയ്യുന്ന മുഖ്യധാര മാധ്യമങ്ങളെല്ലാം അവഗണിച്ചിരിക്കുകയാണ്.

ലഡാക്ക് ഉൾപ്പെടുന്ന ജമ്മു-കാശ്മീർ സംസ്ഥാനത്തിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനയുടെ 370-ാം വകുപ്പ് 2019 ആഗസ്റ്റ് മാസത്തിൽ ബിജെപി ഭരിക്കുന്ന കേന്ദ്രസർക്കാർ റദ്ദാക്കിയതോടെയാണ് ലഡാക്കിലെ ഇപ്പോഴത്തെ പ്രശ്നങ്ങൾ ആരംഭിക്കുന്നത്. പ്രസ്തുത നടപടിയുടെ ഭാഗമായി ജമ്മു-കാശ്മീർ സംസ്ഥാനത്തെ രണ്ടായി വിഭജിക്കുകയും ലഡാക്കിനെ സംസ്ഥാന പദവി ഇല്ലാത്ത ഒരു യൂണിയൻ ടെറിട്ടറി ആയി പ്രഖ്യാപിക്കുകയും ചെയ്തു. ഇതിനെതിരെ ഉണ്ടായ പ്രതിഷേധം തണുപ്പിക്കാനായി ലഡാക്കിനെ ഭരണഘടനയുടെ ആറാമത്തെ ഷെഡ്യൂളിൽ ഉൾപ്പെടുത്താമെന്ന് ബിജെപി വാഗ്ദാനം നൽകിയെങ്കിലും അവർ അത് നടപ്പാക്കാൻ തയ്യാറായില്ല. ആദിവാസികൾ ഭൂരിപക്ഷമുള്ള പ്രദേശങ്ങളിൽ, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അടങ്ങിയ പ്രാദേശിക, ജില്ലാ കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് പ്രാദേശിക ഭരണ സംവിധാനം സ്ഥാപിക്കാനുള്ള അനുമതിയാണ് ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുന്നതുവഴി ലഭിക്കുന്നത്. അത്തരത്തിലുള്ള പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് അതത് പ്രദേശത്തെ ഭൂമി, വനം, ജല വിനിയോഗം, കൃഷി, ഗ്രാമഭരണം, സ്വത്തവകാശം എന്നിവയുമായി ബന്ധപ്പെട്ട നിയമനിർമ്മാണം നടത്താനും ആ പ്രദേശത്തെ ജനങ്ങളുടെ അനുമതിയില്ലാതെ പുറത്തുള്ളവർ ഭൂമി വാങ്ങുന്നത് തടയാനുമുള്ള അവകാശം ഉണ്ടായിരിക്കും. അസം, മേഘാലയ, ത്രിപുര, മിസോറാം എന്നീ സംസ്ഥാനങ്ങളിലെ ആദിവാസി മേഖലകൾ ഇപ്പോൾ ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുന്നവയാണ്. ലഡാക്കിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷംപേരും പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നവരാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ (National Commission for Scheduled Tribes), അതിന്റെ 119-ാമത് യോഗത്തിന്റെ തീരുമാനപ്രകാരം ലഡാക്കിനെ ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന് 2019 സെപ്റ്റംബറിൽ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. പക്ഷേ കേന്ദ്ര ഗവൺമെന്റ് ഒരു നടപടിയും എടുത്തില്ല. ബിജെപി യുടെ വാഗ്ദാന ലംഘനത്തിനെതിരെയും ലഡാക്കിനെ ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും 2020 സെപ്റ്റംബർ മാസത്തിൽ വലിയ ജനപങ്കാളിത്തത്തോടെ പ്രതിഷേധ പ്രകടനം സംഘടിപ്പിക്കപ്പെട്ടു. 2021 ഡിസംബറിലും 2022 നവംബറിലും സമാനമായ പ്രക്ഷോഭ പരിപാടികളിൽ ജനങ്ങൾ അണിനിരന്നെങ്കിലും കേന്ദ്ര സർക്കാർ ലഡാക്കിനെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ തയ്യാറായില്ല എന്ന് മാത്രമല്ല ലഡാക്ക് മേഖലയിൽ വലിയതോതിൽ പാരിസ്ഥിതിക ആഘാതം ഉണ്ടാക്കുന്ന വൻകിട പദ്ധതികൾ ആരംഭിക്കാനുള്ള നീക്കം നടത്തുകയും ചെയ്തു. കോർപ്പറേറ്റുകൾക്ക് ഈ മേഖലയിലെ പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കാനും വൻതോതിൽ ലാഭം കൊയ്യുന്ന നിർമ്മാണ-ഖനന പ്രവർത്തനങ്ങൾ നടത്താനും വേണ്ടി ഭൂമി കൈമാറ്റം ചെയ്യാൻ സാധ്യമല്ലാതാകും എന്നതാണ് ലഡാക്കിനെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം എന്നത് പകൽപോലെ വ്യക്തമാണ്.

കേന്ദ്രസർക്കാരുമായുള്ള ചർച്ചകൾ എല്ലാം പരാജയപ്പെട്ടതിനെ തുടർന്ന് 2024 മാർച്ച് മാസത്തിൽ അനിശ്ചിതകാല നിരാഹാരം ഉൾപ്പെടെയുള്ള വലിയ സമരപരിപാടികൾ ആരംഭിച്ചു. 21 ദിവസം നീണ്ട നിന്ന സോനം വാങ്ചുക്കിന്റെ നിരാഹാര സമരത്തിനോട് അനുബന്ധിച്ച് നടന്ന സമരപരിപാടികളിൽ ഏതാണ്ട് 60,000 ത്തോളം പേർ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. അതിർത്തി മേഖലകളിലെ ഭൂമി കൈയേറ്റത്തിനെതിരെ ആഹ്വാനം ചെയ്ത ബോർഡർ മാർച്ച് സെക്ഷൻ 144 ഉൾപ്പെടെ പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്രസർക്കാർ തടഞ്ഞു. പക്ഷേ ഇത്തരം അടിച്ചമർത്തലുകളെ അതിജീവിച്ചുകൊണ്ട് സമരം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. "ഹിമാലയൻ മേഖല, കോർപ്പറേറ്റുകൾക്കും വ്യവസായ ഖനന ലോബികൾക്കും കൊള്ളയടിക്കാനും ചൂഷണം ചെയ്യാനുമുള്ള സാഹചര്യം ഒരുക്കുകയാണ് ഗവൺമെന്റ്. അതിലൂടെ അവർക്ക് ഇലക്ഷൻ ഫണ്ട് ലഭിക്കും, കോർപ്പറേറ്റുകൾക്ക് ലാഭവും ലഭിക്കും. പക്ഷേ ഒരു പാരിസ്ഥിതിക ദുരന്തം ഉണ്ടാകുമ്പോൾ അനുഭവിക്കുന്നത് ഈ പ്രദേശത്തെ ജനങ്ങളാണ്", വാങ്ചുക്ക് മുന്നറിയിപ്പ് നൽകുന്നു. അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതിലോല പ്രദേശമായ ഉത്തരാഖണ്ഡിലെ ജോഷിമഠിൽ സൃഷ്ടിച്ച ദുരന്തം നമ്മുടെ മുന്നിലുണ്ട്. മണിപ്പൂരിലും ലക്ഷദ്വീപിലും എല്ലാം കേന്ദ്രസർക്കാർ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ആ പ്രദേശങ്ങളിലെ പ്രകൃതി വിഭവങ്ങൾ കോർപ്പറേറ്റുകൾക്ക് കൊള്ളയടിക്കാനുള്ള അവസരം സൃഷ്ടിക്കാനാണ്. സംഘടിതമായ ജനകീയ മുന്നേറ്റങ്ങളിലൂടെ മാത്രമേ കേന്ദ്രസർക്കാരിന്റെ ഈ നയങ്ങളെ പ്രതിരോധിക്കാൻ പറ്റുകയുള്ളൂ. ■

---

(2-ാം പേജിൽ നിന്ന്)

എതിർക്കുന്ന രാഷ്ട്രീയ നിലപാട് കോൺഗ്രസ്സ് സ്വീകരിച്ചിട്ടില്ല. രാഷ്ട്രീയമണ്ഡലത്തെ പടിപടിയായി വർഗ്ഗീയവൽക്കരിച്ചത് കോൺഗ്രസ്സ് തന്നെയാണ്. അവരെയും കടത്തിവെട്ടി വർഗ്ഗീയതയുടെ സമർത്ഥരായ പ്രയോക്താക്കളായി ബജെപി ഉയർന്നുവന്നപ്പോൾ കോൺഗ്രസ്സ് പിന്നിലായി എന്നമാത്രം. ബിജെപിയോട് മൽസരിക്കാനായി ഇന്നും-വടക്കേ ഇന്ത്യയിൽ പ്രത്യേകിച്ചും -മൃദുഹിന്ദുത്വത്തിന്റെ സമീപനം കോൺഗ്രസ്സ് മാത്രമല്ല പ്രാദേശികകക്ഷികൾ സ്വീകരിക്കുന്നതുകാണാം. ലക്ഷ്മീദേവിയുടെ ചിത്രം കറൻസിയിൽ അച്ചടിച്ചാൽ രാജ്യത്തിന്റെ സാമ്പത്തികപ്രതിസന്ധി മാറുമെന്ന് പ്രഖ്യാപിക്കുന്ന ആം ആദ്മി പാർട്ടിയും ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ പേരിൽ രാമക്ഷേത്രത്തിന്റെ ക്രെഡിറ്റിനുവേണ്ടി വിലപേശുന്ന ശിവസേനയുമെല്ലാം ഹൈന്ദവ വർഗ്ഗീയ ധ്രുവീകരണത്തെ ലക്ഷ്യമിടുകയാണ്. ആശയപരമായ വ്യതിരിക്തത കോൺഗ്രസ്സോ ഇൻഡ്യാ സഖ്യത്തിന്റെ ഘടകകക്ഷികളോ തരിമ്പും പ്രതിനിധാനം ചെയ്യുന്നില്ല.

### ജനങ്ങളുടെ നീറുന്ന ജീവിതപ്രശ്നങ്ങൾ തമസ്കരണത്തെയും മറികടന്ന് തിരഞ്ഞെടുപ്പിന്റെ വിഷയങ്ങളായി ഉയരുന്നു

ജനങ്ങളുടെ ജീവിതപ്രശ്നങ്ങളെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കൈവെടിഞ്ഞപ്പോഴും രാജ്യത്തിന്റെ സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിലെ വ്യക്തിത്വങ്ങളും കൂട്ടായ്മകളും ജനജീവിതത്തിന്റെ യഥാർത്ഥപ്രശ്നങ്ങളെ തിരഞ്ഞെടുപ്പിന്റെ രംഗത്ത് ഉയർത്തിക്കൊണ്ടുവരികയുണ്ടായി. ഭീകരമായ സാമ്പത്തിക അസമത്വം, സ്ഫോടനാത്മകമായ തൊഴിലില്ലായ്മ, ദാരിദ്ര്യം, വിലക്കയറ്റം, ജനാധിപത്യധ്വംസനങ്ങൾ, പൗരാവകാശലംഘനങ്ങൾ തുടങ്ങിയവയെ വിധിയെഴുത്തിന്റെ മാനദണ്ഡമാക്കി ഉയർത്തിക്കൊണ്ടുവരാൻ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) നടത്തുന്ന അതിശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ, തിരഞ്ഞെടുപ്പ് ഫലത്തെ നിർണ്ണയിക്കുന്നതിൽ അവഗണിക്കാനാവാത്ത ഒരു ഘടകമായി മാറുകയാണ്. മുഖ്യധാര പ്രതിപക്ഷ പ്രസ്ഥാനങ്ങൾ ജനജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ അവഗണിച്ചിട്ടും തൊഴിലില്ലായ്മയും സാമ്പത്തിക അരക്ഷിതാവസ്ഥയും നട്ടെല്ലൊടിക്കുന്ന വരുമാനത്തകർച്ചയും തിരഞ്ഞെടുപ്പിന്റെ പ്രധാന വിഷയങ്ങളായി ക്രമേണ മാറുന്നത് നമ്മൾ കാണുകയാണ്. മതവികാരത്തേക്കാൾ പ്രധാനം വിശപ്പിന്റെയും നിലനിൽപ്പിന്റെയും പ്രശ്നങ്ങളാണെന്ന് അത്ര ചെറുതല്ലാത്ത ഒരു വിഭാഗം ജനങ്ങൾ അനുഭവങ്ങളിലൂടെ തിരിച്ചറിയുന്നുവെന്നും അവ തിരഞ്ഞെടുപ്പിൽ ഗൗരവപ്പെട്ട വിഷയങ്ങളായി ഉയരുന്നുവെന്നുമാണ് റിപ്പോർട്ട്. വടക്കേഇന്ത്യയിലെ പോളിംഗിലുണ്ടായ സാരമായ ഇടിവ്, അതിന്റെ കൂടി പ്രതിഫലനമാണെന്ന് ചില മാധ്യമങ്ങൾ നിരീക്ഷിക്കുകയുണ്ടായി. ഒന്നാം ഘട്ടത്തിൽ മോദിയും സംഘവും ആവർത്തിച്ച മോദി ഗാരന്റിയും അഞ്ചാം സാമ്പത്തിക ശക്തിയായി എന്ന വീമ്പുപറച്ചിലും ക്രമേണ അവസാനിക്കുന്നതാണ് കണ്ടത്. രാജ്യത്തിന്റെ വലിയ വളർച്ചയുടെ അവകാശവാദങ്ങൾ കഴമ്പില്ലാത്തവയാണെന്ന് രൂക്ഷമായ തൊഴിലില്ലായ്മയും സാമ്പത്തികത്തകർച്ചയും തെളിയിച്ചു. വികസനത്തിന്റെ കഥകൾ പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കാനാവില്ല എന്നുവന്നപ്പോൾ മോദി എല്ലാ അതിരുകളും വിട്ട വർഗ്ഗീയപ്രചാരണം വർദ്ധിത വീര്യത്തോടെ നടത്തുന്നത് നാം കണ്ടു. പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിലെ തിരഞ്ഞെടുപ്പ് റാലിയിൽ തുടങ്ങുകയും നിർബാധം തുടരുകയും ചെയ്യുന്ന ഒരു മറയുമില്ലാത്ത വർഗ്ഗീയ വിഷം ചീറ്റൽ, ചില തിരിച്ചടികളുടെ സൂചനകൾ ലഭിച്ചതിന്റെ പ്രതികരണമാണെന്നും ഏതാണ്ട് എല്ലാ മാധ്യമങ്ങളും വിലയിരുത്തി. 400 സീറ്റെന്ന അവകാശവാദം പൊടുന്നനെ ബിജെപി ഉച്ചരിക്കാതായിരിക്കുന്നു. മതത്തെയും വിശ്വാസത്തെയും അന്യമതവിദ്വേഷത്തെയും ഏറ്റവും നീചമായ നിലയിൽ ഉപയോഗപ്പെടുത്തി ദാരിദ്ര്യവും വിലക്കയറ്റവും തൊഴിലില്ലായ്മയും തിരഞ്ഞെടുപ്പ് വിഷയങ്ങളാകാതിരിക്കാൻ ശ്രമിക്കുകയാണ് നരേന്ദ്രമോദിയും സംഘവും.

### ബിജെപിയുടെ കോർപ്പറേറ്റ് നയങ്ങൾക്കും ഫാസിസ്റ്റ് പദ്ധതിക്കുമെതിരെയുള്ള ജനാധിപത്യമുന്നേറ്റത്തിനായി രാജ്യം കേഴുന്നു

പ്രമുഖ പ്രതിപക്ഷ പ്രസ്ഥാനങ്ങൾ അവഗണിച്ചിട്ടും ജനങ്ങളുടെ പ്രശ്നങ്ങൾ ഈയളവിൽ ഉയർന്നുവന്നത് തമസ്കരിക്കാനാവാത്ത വിധം അവ ചുട്ടുപൊള്ളിക്കുന്നതാണെന്നതുകൊണ്ടാണ്. ഈ ജനകീയ പ്രശ്നങ്ങളെ ആധാരമാക്കികൊണ്ടുള്ള പ്രക്ഷോഭം ജനങ്ങൾ അഭിലഷിക്കുന്നുവന്നതിന്റെ വ്യക്തമായ സൂചന കൂടിയാണത്. രാജ്യത്തിന്റെ രാഷ്ട്രീയാന്തരീക്ഷത്തിൽ ജനകീയസമരദൗത്യത്തെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കാൻ കഴിയുമെന്നും ഇത് വ്യക്തമാക്കുന്നു. പ്രതിപക്ഷ പ്രസ്ഥാനങ്ങൾ ജനകീയപ്രക്ഷോഭത്തിന്റെ കടമ ഏറ്റെടുക്കാൻ മുന്നോട്ടുവന്നിരുന്നുവെങ്കിൽ ബിജെപിയുടെ ഫാസിസ്റ്റ് പദ്ധതിയിൽ നിന്നും രാജ്യത്തെ രക്ഷിക്കാനുള്ള മാർഗ്ഗം സുനിശ്ചിതമായും തെളിയുമായിരുന്നു.

ബിജെപി ഭരണത്തെ പുറത്താക്കുക, ജനകീയ സമര രാഷ്ട്രീയത്തെ ശക്തിപ്പെടുത്തുക എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട്, മൽസരിക്കുന്ന 151 മണ്ഡലങ്ങളിലും ജനങ്ങൾക്ക് ശരിയായ ദിശ പകർന്നുനൽകുന്ന പ്രചാരണമാണ് പാർട്ടി സംഘടിപ്പിക്കുന്നത്. എപ്പോഴാണോ സമരരാഷ്ട്രീയത്തിന്റെ അപ്രതിരോധ്യത രാഷ്ട്രീയമണ്ഡലത്തിൽ സുസ്ഥാപിതമാകുന്നത് അന്ന് മാത്രമേ ഫാഷിസ്റ്റ് വിപത്തിനെ ചെറുക്കാൻ കളമൊരുങ്ങൂ. വലിയ വിഭാഗം ജനങ്ങൾക്കിടയിലും ജനാധിപത്യ-മതേതര-ശാ സ്ത്രീയ മൂല്യങ്ങൾ വേരുറപ്പിക്കുമ്പോൾ മാത്രമേ ഫാസിസത്തെ ശാശ്വതമായി പരാജയപ്പെടുത്താനുള്ള മാർഗ്ഗം തെളിയൂ. മതാന്ധതയും അന്യമത വെറിയും യുക്തിരാഹിത്യവും സങ്കുചിതമായ ദേശഭ്രാന്തും ചിന്താമണ്ഡലത്തിൽ സ്വാധീനഘടകങ്ങളായി തുടരവേ തന്നെ, അവയെ അപ്രകാരം നിലനിർത്തിക്കൊണ്ടുതന്നെ ബിജെപിക്കുമേൽ നേടുന്ന താൽക്കാലിക തിരഞ്ഞെടുപ്പ് വിജയങ്ങൾക്ക് ആയുസ്സ് ഉണ്ടാകില്ല. തങ്ങൾക്കുനേരിട്ട പരാജയത്തെ മറികടക്കാൻ ഫാസിസ്റ്റ് മനോഘടനയെ കൂടുതൽ ആളിക്കത്തിക്കാൻ അവർ മുതിരുന്നതോടെ സമൂഹം വർദ്ധിച്ച അപകടത്തിലേക്ക് കൂപ്പുകുത്തുകയും ചെയ്യും. മറിച്ച് ജനങ്ങൾക്കിടയിൽ വെറുപ്പും ഉന്മത്തതയും പടർത്താനുള്ള അവരുടെ നടപടികളെ സബോധതയോടെ തള്ളിക്കളയത്തക്കവിധം ജനങ്ങൾ ഉയർന്ന മൂല്യങ്ങളാൽ നയിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിച്ചാൽ ബജെപിയുടെ രാഷ്ട്രീയത്തെ ആത്യന്തികമായി ചെറുക്കാൻ കഴിയും. ഇന്നത്തെ സങ്കീർണ്ണമായ സാഹചര്യത്തിൽ ജനങ്ങളുടെ കടമ വിശദമാക്കുന്ന ഈ കാഴ്ചപ്പാട് പരമാവധി പ്രചരിപ്പിക്കുകയാണ് പാർട്ടി നിറവേറ്റുന്ന ദൗത്യം. ■

# ലെനിനന്തരകാലഘട്ടത്തിൽ ലോകതൊഴിലാളിവർഗ്ഗ പ്രസ്ഥാനം നേരിട്ട വെല്ലുവിളികൾക്ക് സഖാവ് ശിബ്ദാസ് ഘോഷ് ഉത്തരംനൽകി

*(1–ാം പേജിൽ നിന്ന്)*

മായും ജനങ്ങളെ സിപിഐ പ്രസ്ഥാനത്തിൽ അണിനിരക്കാൻ പ്രേരിപ്പിച്ചു. പ്രതീക്ഷയോടെ ജനങ്ങൾ ആ പ്രസ്ഥാനത്തെ നോക്കിക്കണ്ടു. എന്നാൽ ദേശീയ പ്രസ്ഥാനത്തിലെ വർഗ്ഗവിന്യാസങ്ങളെയും ധാരകളെയും മാർക്സിസ്റ്റ് വിശകലന പദ്ധതി പ്രകാരം വിലയിരുത്തുന്നതിൽ അവർ പൂർണ്ണമായും പരാജയപ്പെടുകയുണ്ടായി. സ്വാഭാവികമായും തദനുസൃതമായ തെറ്റുകൾ രാഷ്ട്രീയ നിലപാടുകളിലും ഉണ്ടായി. ക്വിറ്റ് ഇന്ത്യ സമരകാലത്ത് സ്വീകരിച്ച നിലപാട് ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിൽനിന്നുതന്നെ അവരെ അകറ്റാൻ ഇടയാക്കി. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ അധികാരത്തിൽ അവരോധിതമായ ഭരണകൂടത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതിലും സാമ്പത്തിക ഘടനയെ വിലയിരുത്തുന്നതിലും അവർ തീർത്തും പരാജയപ്പെട്ടു. സാമ്പത്തിക- രാഷ്ട്രീയ സാഹചര്യത്തെ നിർണ്ണയിക്കുന്നതിൽ സംഭവിച്ച ഈ ഗുരുതരമായ പരാജയംമൂലം, രാജ്യത്തിന്റെ വസ്തുനിഷ്ഠ വിപ്ലവപ്രക്രിയയെയും അതിന്റെ സങ്കീർണ്ണതകളെയും പ്രതിഫലിപ്പിക്കുന്ന അടിസ്ഥാനരാഷ്ട്രീയലൈൻരൂപപ്പെടുത്താൻ അവർക്ക് കഴിയാതെ പോയി.

ശരിയായ മാർക്സിസ്റ്റ് വീക്ഷണവും വിശകലന രീതിയും പ്രയോഗപദ്ധതിയും ഗ്രഹിക്കുന്നതിൽ ഇക്കൂട്ടർക്ക് സംഭവിച്ച അടിസ്ഥാനപിശക്, രാഷ്ട്രീയ–സാമ്പത്തിക മേഖലകളിൽ മാത്രമല്ല, ജീവിതത്തിന്റെ മറ്റെല്ലാ മേഖലകളിലും മാർക്സിസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ പ്രയോഗവത്ക്കരിക്കുന്നതിൽ ശേഷിയില്ലാത്തവരായി അവരെ മാറ്റി. ബൂർഷ്വാ മാനവവാദവീക്ഷണത്തിൽ അധിഷ്ഠിതമായ ധാർമ്മിക സദാചാര നൈതിക ധാരണകളിൽനിന്നും തികച്ചും വ്യത്യസ്തമായ കമ്മ്യൂണിസ്റ്റ് ധാർമ്മിക സദാചാര നൈതിക ധാരണകളെ അടിസ്ഥാനമാക്കിയുള്ള തൊഴിലാളിവർഗ്ഗ സംസ്കാരം നേതാക്കളുടെ വ്യക്തി ജീവിതത്തിലും പൊതുജീവിതത്തിലും, സചേതനമായി പ്രയോഗിക്കുന്നതിലും കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ അധിഷ്ഠിതമായ ഉയർന്ന സാംസ്കാരിക ജീവിതം രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് ആനുപാതികമായി വളർത്തെയെടുക്കുന്നതിനും അവർക്ക് കഴിഞ്ഞില്ല. എന്നുമാത്രമല്ല, കമ്മ്യൂണിസ്റ്റ് സംസ്കാരം ആർജ്ജിക്കാനുള്ള സമരത്തിന്റെ പ്രാധാന്യം അവർ മനസ്സിലാക്കുക പോലും ഉണ്ടായില്ല. സത്യസന്ധതയും ത്യാഗസന്നദ്ധതയും വേണ്ടുവോളം ഉണ്ടായിരുന്നിട്ടും വ്യക്തിജീവിതത്തിൽനിന്നും വ്യക്തിവാദവും താൻപ്രമാണിത്തവും ഉപേക്ഷിക്കുവാനും മാർക്സിസ്റ്റ് ദർശനത്തിന് ഇണങ്ങും വിധം തൊഴിലാളിവർഗ്ഗ സംസ്കാരം ജീവിതത്തിൽ പാലിക്കാനും മാതൃകായോഗ്യരായ കമ്മ്യൂണിസ്റ്റുകളായിമാറാനും സിപിഐ നേതൃത്വത്തിന് കഴിയാതെ പോയി. സ്വാഭാവികമായും ബൂർഷ്വാ പെറ്റിബൂർഷ്വാ സംസ്കാരങ്ങളുടെ ഉൽപ്പന്നമായ ഗ്രൂപ്പിസവും വിഭാഗീയതയും തുടക്കംമുതൽത്തന്നെ ആ സംഘടനയുടെ ഭാഗമായി. പ്രത്യയശാസ്ത്ര കേന്ദ്രീയതയെ ആധാരമാക്കി സംഘടനാ കേന്ദ്രീയത സൃഷ്ടിച്ചുകൊണ്ട് ഒറ്റ കല്ലിൽകൊത്തിയെടുത്ത ജൈവശരീരത്തിന് സമാനമായ ലെനിനിസ്റ്റ് പാർട്ടിസംഘടന സ്ഥാപിക്കുന്നതിൽ അവർ പൂർണമായും പരാജയപ്പെട്ടു. ഇപ്രകാരം, ഇന്ത്യൻ മണ്ണിൽ ഒരു ശരിയായ തൊഴിലാളിവർഗ്ഗ വിപ്ലവപ്പാർട്ടി നിലവിലില്ല എന്ന ചരിത്രപ്രധാനമായ നിഗമനത്തിൽ സഖാവ് ശിബ്ദാസ്ഘോഷും സഖാക്കളും എത്തിച്ചേർന്നു. അങ്ങനെ ഇന്ത്യയിലെ തൊഴിലാളിവർഗ്ഗത്തിന്റെ യഥാർത്ഥ വിപ്ലവ പാർട്ടിയെന്ന നിലയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി രൂപീകരിക്കാൻ അവർ തീരുമാനമെടുത്തു.

വിട്ടുവീഴ്ചയില്ലാത്ത സത്യാന്വേഷണവും കണ്ടെത്തിയ സത്യത്തെ കലവറയില്ലാതെ മുറുകെപ്പിടിക്കാനുള്ള സന്നദ്ധതയും ആധാരമാക്കി അനിതരസാധാരണമായ ഒരു വിപ്ലവസമരത്തിന് അവർ തയ്യാറായി. ജിവിതത്തിന്റെ സമസ്തമേഖലകളെയും സംബന്ധിക്കുന്ന മാർക്സിസ്റ്റ് സമീപനം വികസിപ്പിച്ചുകൊണ്ട് ആ വിപ്ലവകാരികളിൽ പ്രത്യയശാസ്ത്രകേന്ദ്രീയതയ്ക്ക് ജന്മംനൽകി. അതിന്റെ അടിത്തറയിൽ കമ്മ്യൂണിസ്റ്റ് സംഘടനാതത്വങ്ങൾക്കനുസൃതമായി സംഘടനാ സംവിധാനവും കെട്ടിപ്പടുത്തു. അവൈയക്തികമായ ആ സമരം എല്ലാവരുടെയും നേതാവായി ശിബ്ദാസ്ഘോഷ് ഉയർന്നുവരുന്നതിന് സ്വാഭാവികമായി വഴിയൊരുക്കി. പാർട്ടിയുടെ ആചാര്യനും വഴികാട്ടിയുമായി വളർന്ന അദ്ദേഹത്തിന്റെ കഠിനമായ ജീവിതസമരം മാർക്സിസത്തിന്റെ ആധികാരിക നേതൃത്വത്തിന്റെ തലത്തിലേയ്ക്ക് അദ്ദേഹത്തെ ഉയർത്തി.

മുതലാളിത്ത സംസ്കാരമായ വ്യക്തിവാദം എല്ലാ മനുഷ്യരുടെയും ജീവിതത്തെ നിർണായകമായി സ്വാധീനിക്കുന്ന ഒരു ചരിത്രഘട്ടത്തിൽ ആ വ്യക്തിവാദത്തിൽ നിന്ന് മുക്തമാകാനുള്ള സമരമാണ് കമ്മ്യൂണിസ്റ്റുകൾ ഏറ്റെടുക്കേണ്ടതെന്ന് സഖാവ് ശിബ്ദാസ്ഘോഷ് ചൂണ്ടിക്കാണിച്ചു. തൊഴിലാളിവർഗ സംസ്കാരമായ സാമൂഹികത ആർജ്ജിക്കാനുള്ള സമരംതന്നെയാണത്. ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായിക്കൊണ്ടുമാത്രമേ ഈ സമരം വിജയകരമായി മുന്നോട്ടുകൊണ്ടുപോകാനാകൂ. വിപ്ലവത്തോടും തൊഴിലാളി വർഗ്ഗത്തോടുമുള്ള കൂറ് വിപ്ലവപാർട്ടിയോടുള്ള കൂറായി മാറുന്നത് അതുകൊണ്ടാണ്.

മഹാനായ സ്റ്റാലിനുശേഷം സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ തിരുത്തൽ വാദം പിടിമുറുക്കി. മാർക്സിസ്റ്റ് പാതയിൽ നിന്നുള്ള വ്യതിചലനം പാർട്ടിയെ ആശയപരമായും സംഘടനാപരമായും ദുർബലമാക്കി. സാർവദേശീയ രംഗത്ത് ഇത് സൃഷ്ടിച്ച പ്രത്യാഘാതം വളരെ വലുതായിരുന്നു. സോവിയറ്റ് യൂണിയന്റെ മാത്രമല്ല, സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയ്ക്കുതന്നെ ഇത് ഇടയാക്കി. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ തിരുത്തൽവാദ സ്വാധീനത്തിൽ നിന്ന് മോചിപ്പിക്കാനുള്ള മഹാനായ മാവോ സെതുങ്ങിന്റെ ശ്രമവും പൂർണവിജയം കണ്ടില്ല. അതോടെ ചൈനീസ് വിപ്ലവവും പിന്നോട്ടടിക്കപ്പെട്ടു.

സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ച സാമ്രാജ്യത്വചേരിക്ക് മേധാവിത്വം നൽകി. ലോകകമ്പോളത്തിന്റെദൃഢീകരണത്തിനായി ആഗോളീകരണനയങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടു. ലോകത്തെ അപൂർവം സോഷ്യലിസ്റ്റ് രാജ്യങ്ങളൊഴികെ എല്ലാവരും ആഗോളീകരണത്തെ പുൽകി. ലോകജനതയാകെ വർദ്ധിതവീര്യത്തോടെയുള്ള മുതലാളിത്ത ചൂഷണത്തിൽ ഞെരിപിരികൊണ്ടു.

മാർക്സിസം ശാസ്ത്രമാണ്. എല്ലാ ശാസ്ത്ര ശാഖകളെയും കോർത്തിണക്കുന്ന ശാസ്ത്രങ്ങളുടെ ശാസ്ത്രം. അനുനിമിഷം വികസിച്ചുകൊണ്ടേ ഏതൊരു ശാസ്ത്രശാഖയ്ക്കും നിലനിൽക്കാനാകൂ. മാർക്സിസത്തിന്റെ കാര്യവും അങ്ങനെതന്നെ. മനുഷ്യജീവിതത്തിനുമുന്നിൽ പ്രത്യക്ഷപ്പെടുന്ന പുതിയ പുതിയ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തിക്കൊണ്ട് മാർക്സിസത്തെ കാലോചിതം വികസിപ്പിക്കാനുള്ള ദൗത്യം ഏറ്റെടുത്തുകൊണ്ടേ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് സമൂഹത്തെ വിപ്ലവത്തിലേയ്ക്ക് നയിക്കാനാകൂ. തിരുത്തൽവാദം ഈ പ്രക്രിയയ്ക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. ലെനിനുശേഷമുള്ള കാലഘട്ടത്തിൽ മാർക്സിസത്തിന്റെ സൈദ്ധാന്തികധാരണകൾ പര്യാപ്തമാംവിധം വികസിപ്പിക്കുന്ന ദൗത്യം ചുമലിലേറ്റിയത് ശിബ്ദാസ് ഘോഷാണ്.

തിരുത്തൽവാദത്തിന്റെ ഉറവിടം കണ്ടെത്തിയ അദ്ദേഹം സാമൂഹികമായും വ്യക്തിപരമായും കമ്മ്യൂണിസ്റ്റുകൾ അനുവർത്തിക്കേണ്ട സമരത്തിന്റെ ഉയർന്ന തലങ്ങൾ വ്യക്തമാക്കിത്തന്നു. സാമൂഹ്യതാൽപര്യവുമായി വ്യക്തിതാൽപര്യത്തെ താദാത്മ്യപ്പെടുത്തുന്ന ഒരു ഉർന്ന ജീവിതസമരം അനിവാര്യമാണെന്ന് അ്ദദേഹം സമർത്ഥിച്ചു. എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ആ മൂശയിൽ വാർത്തെടുക്കുകയും ചെയ്തു. മാർക്സിസ്റ്റ് സംഘടനയെ സംബന്ധിച്ച ഈ വികസിത ധാരണ ആർജിക്കുന്നതിൽ പരാജയപ്പെട്ടതുമൂലം ഇന്ത്യയിലടക്കം എല്ലാ രാജ്യങ്ങളിലെയും കമ്മ്യൂണിസ്റ്റ് പാർട്ടികൾ ധാർമ്മികമായ തകർച്ച നേരിട്ടു.

സംഘടനാരംഗത്തും സൈദ്ധാന്തിക തലത്തിലും നേരിട്ട ഈ തിരിച്ചടിയോടൊപ്പം ആഗോളീകരണം അഴിച്ചുവിട്ട മാർക്സിസ്റ്റ് വിരുദ്ധ പ്രചാരണംകൂടെയായപ്പോൾ പിന്തിരിപ്പത്തത്തിന് ആഗോള തലത്തിൽ വലിയ മേൽക്കൈ കൈവന്നു. കഠിനമായ വിപ്ലവസമരപാതവെടിഞ്ഞ് പാർലമെന്ററി രാഷ്ട്രീയത്തിന്റെ ശീതളഛായയിലേയ്ക്ക് കമ്മ്യൂണിസ്റ്റ് പാർട്ടികൾ ചേക്കേറി. ലോകത്തെ അധ്വാനിച്ച് ജീവിക്കുന്ന ജനകോടികൾ നിർദ്ദയമായ മുതലാളിത്ത ചൂഷണത്തിന് എറിഞ്ഞുകൊടുക്കപ്പെട്ടു. സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നെങ്കിൽ ഈ ദുർഗതി വരില്ലായിരുന്നു.

മുതലാളിത്ത ഉൽപ്പാദനം സഹജമായിത്തന്നെ പ്രതിസന്ധി സൃഷ്ടിക്കുന്നതാണ്. കമ്പോള പ്രതിസന്ധി മറികടക്കാൻ അതിനാവില്ല. താത്ക്കാലികമായ പ്രശ്നപരിഹാരങ്ങളും ക്ഷണികമായ നേട്ടങ്ങളും പെരുപ്പിച്ച് കാണിച്ച് മുതലാളിത്തം ജനങ്ങളെ കബളിപ്പിച്ചുകൊണ്ടേയിരുന്നു. എന്നാൽ ജീവിതത്തിൽ അത് സൃഷ്ടിക്കുന്ന ദുരിതങ്ങൾ ജനങ്ങളെ പ്രതിഷേധത്തിന്റെയും സമരങ്ങളുടെയും പാതയിലേയ്ക്ക് തള്ളിവിടുകതന്നെ ചെയ്യും. പ്രതിഷേധങ്ങളെ ക്രൂരമായി അടിച്ചമർത്തിയിട്ടും ജനരോഷം ഒഴിവാക്കാനാകുന്നില്ല. വികസിത മുതലാളിത്ത രാജ്യങ്ങളിലടക്കം പണിമുടക്കുകളും സമരങ്ങളും ഉയർന്നുവരുന്നത് അതുകൊണ്ടാണ്.

സോഷ്യലിസ്റ്റ് ചേരി പ്രബലമായിരുന്നപ്പോൾ ലോകത്ത് ഒരു പരിധിവരെ സമാധാനവും നിലനിന്നിരുന്നു. സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയോടെ ചെറുതും വലുതുമായ യുദ്ധങ്ങളും അധിനിവേശങ്ങളും നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്നു. മുതലാളിത്തത്തിന്റെ സാമ്പത്തികപ്രതിസന്ധി മറികടക്കാനുള്ള കുറുക്കുവഴി തേടലാണ് യുദ്ധം. അതോടൊപ്പം അസംതൃപ്തരായ ജനങ്ങളെ രാജ്യസ്നേഹത്തിന്റെ പേരിൽ അടക്കിനിർത്തുകയുമാകാം. എന്നാൽ യുദ്ധങ്ങൾ പ്രതിസന്ധി മൂർച്ഛിപ്പിക്കുകയാണ്. ജനങ്ങളിൽ തൊണ്ണൂറുശതമാനവും യാതനാപൂർണമായ ജീവിതം നയിക്കുകയും മേൽത്തട്ടിലുള്ള പത്തുശതമാനം മാത്രം സുഖലോലുപരായി കഴിയുകയും ചെയ്യുന്ന ഭീകരമായ അസമത്വമാണിന്ന് ലോകത്ത് കളിയാടുന്നത്.

പ്രതിസന്ധിയിലകപ്പെട്ട മുതലാളിത്ത വ്യവസ്ഥ ഫാസിസത്തിൽ അഭയം പ്രാപിക്കുന്നതായി സഖാവ് ശിബ്ദാസ് ഘോഷ് നിരീക്ഷിച്ചു. സമ്പത്തിന്റെയും രാഷ്ട്രീയാധികാരത്തിന്റെയും കേന്ദ്രീകരണവും സാംസ്കാരിക രംഗത്തെ ചിട്ടപ്പെടുത്തലുമായി അത് ജനങ്ങളെയാകെ അപമാനവീകരിക്കാനാണ് ശ്രമിക്കുന്നത്. ജാതി, മതം, വംശം തുടങ്ങി എന്തും ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ആയുധങ്ങളായി പ്രയോഗിക്കുന്നു മുതലാളിത്തം. ചൂഷിതജനതയുടെ ഐക്യം തകർത്ത് അവരെ അനൈക്യത്തിൽ തളച്ചിടാനുള്ള ചതിപ്രയോഗമാണിത്. അമാനുഷനായ ഒരു നേതാവിന്റെ പരിവേഷം സൃഷ്ടിച്ച് അയാളെ രക്ഷകനായി അവതരിപ്പിക്കുന്നു. അയാളുടെ ആജ്ഞാനുസരണം എന്തുഹീനകൃത്യം ചെയ്യാനും തയ്യാറാകുന്ന ആൾക്കൂട്ടമായി ജനങ്ങൾ ക്രമേണ മാറ്റപ്പെടുകയാണ്. സോഷ്യലിസ്റ്റ് ചേരിയുടെ പതനത്തോടെ ലോകമെമ്പാടും പ്രതിലോമ ആശയങ്ങൾ പത്തിവിടർത്തിയാടുന്നു. നവനാസി പ്രസ്ഥാനങ്ങൾ ഇതിൽനിന്ന് ഊർജ്ജംനേടി, രാഷ്ട്രീയാധികാരത്തിലേക്ക് വരുന്നു.

അധികാരത്തിലിരിക്കുന്ന പാർട്ടി കൈക്കൊള്ളുന്ന നയനടപടികളെല്ലാം കോർപ്പറേറ്റുകൾക്ക് അനുകൂലവും അതുകൊണ്ടുതന്നെ ജനങ്ങൾക്ക് എതിരുമായിരിക്കും. ഭരണത്തോടുള്ള ജനങ്ങളുടെ വെറുപ്പ് മുതലെടുത്ത് മുതലാളിവർഗ്ഗത്തിന്റെ തന്നെ വിശ്വസ്തമായ മറ്റൊരു പാർട്ടിയെ അല്ലെങ്കിൽ മുന്നണിയെ അധികാരത്തിലെത്തിക്കാനും അതുവഴി മുതലാളിത്തവാഴ്ച സുഗമമായി തുടരുവാനുമുള്ള തന്ത്രങ്ങളാണ് മുതലാളിവർഗ്ഗം പയറ്റുന്നത്. തിരഞ്ഞെടുപ്പുകളും ഭരണഘടനയും ഒന്നും ഇവിടെ ജനങ്ങളുടെ രക്ഷയ്ക്കെത്തുന്നില്ല.

ഗവൺമെന്റിനും ജനങ്ങൾക്കുമിടയിൽ നിലകൊണ്ട് ജനങ്ങളെ സത്യം അറിയിക്കാൻ ബാദ്ധ്യസ്ഥമായ മാധ്യമങ്ങളാകട്ടെ ഭൂരിഭാഗവും ഭരണവർഗ്ഗത്തിന്റെ കുഴലൂത്തുകാരായി അധ:പതിച്ചിരിക്കുന്നു. ജനങ്ങളുടെ അന്തിമാശ്രയമായ ജുഡീഷ്യറിപോലും ഭരണവർഗതാൽപര്യ സംരക്ഷകരായി പ്രത്യക്ഷപ്പെടുകയാണ്. എല്ലാ പാർട്ടികളും കേന്ദ്രത്തിലോ സംസ്ഥാനങ്ങളിലോ ഭരണകക്ഷികളാകുന്നതോടെ ജനങ്ങൾക്കുവേണ്ടിസംസാരിക്കാൻപ്രതിപക്ഷവുമില്ലാത്ത അവസ്ഥവരുന്നു. തീർത്തും നിരാശ്രയരായ ജനങ്ങളും എല്ലാ അധികാരങ്ങളും കൈയാളുന്ന ഭരണവർഗവും എന്ന നിലയിലേയ്ക്ക് സമൂഹം വിഭജിക്കപ്പെടുകയാണ്.

പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങി എല്ലാ പ്രശ്നങ്ങളും സൃഷ്ടിക്കുന്നത് അപരിഹാര്യമായ പ്രതിസന്ധിയിലകപ്പെട്ട മുതലാളിത്ത വ്യവസ്ഥയാണെന്ന യാഥാർത്ഥ്യം ജനങ്ങളെ ബോധ്യപ്പെടുത്തി അവരെ വിപ്ലവപാതയിലേയ്ക്ക് ആനയിക്കുകയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചുമതല. നമ്മു

*(ശേഷം 5–ാം പേജിൽ)*

# ഇലക്ടറൽ ബോണ്ട് കോഴക്കേസ്: പ്രധാനമന്ത്രി മോദിയുടെ അഴിമതി വിരുദ്ധനാട്യത്തെ പൊളിച്ചുകാട്ടി



**പൂച്ച സഞ്ചിയിൽനിന്ന് പുറത്തു ചാടിയിരിക്കുന്നു. ഇലക്ടറൽ ബോണ്ട് കച്ചവടത്തെ സംബന്ധിച്ച വിവരങ്ങൾ ജൂൺ 30ന് മുമ്പ് പുറത്തുവിടാൻ സാധിക്കുകയില്ല എന്ന തരത്തിലുള്ള പ്രാരംഭഘട്ടത്തിലെ ചാഞ്ചാട്ടത്തിനുശേഷം, സുപ്രീംകോടതിയുടെ കർക്കശമായ ആജ്ഞാപനത്തെ തുടർന്ന് എസ്ബിഐ മാർച്ച് 13, 17 തീയതികളിലായി കണക്ക് വിവരങ്ങൾ പുറത്തുവിട്ടു. പാർലമെന്റ് തിരഞ്ഞെടുപ്പിന് മുൻപായി വിവരങ്ങൾ പുറത്തുവിടരുതെന്ന് ബാങ്ക് അധികാരികൾക്കുമേൽ നിക്ഷിപ്ത താൽപര്യക്കാരുടെ സമ്മർദ്ദമുണ്ടായിരുന്നു എന്നത് വ്യക്തം. അങ്ങനെ അല്ലായിരുന്നുവെങ്കിൽ ചടുലമായി പ്രവർത്തിച്ചാൽ ഉടനടി തന്നെ ലഭ്യമാക്കാവുന്ന ഒരു വെളിപ്പെടുത്തലിന് മൂന്ന് മാസത്തെ സമയം ആവശ്യപ്പെടാൻ എങ്ങനെ സാധിക്കും.**

പ്രതീക്ഷിച്ചതുപോലെ, ബോണ്ടിലൂടെയുള്ള ഭീമമായ കോർപ്പറേറ്റ് ഫണ്ടിംഗിന്റെ ഏറ്റവും വലിയ സ്വീകർത്താവ് ഭരണ പാർട്ടിയായ ബിജെപി തന്നെയാണ്. കോൺഗ്രസും തൃണമൂൽ കോൺഗ്രസും വളരെ താഴെ രണ്ടും മൂന്നും സ്ഥാനത്തുണ്ട്. തമിഴ്നാട്ടിലെയും ആന്ധ്രപ്രദേശിലെയും ഭരണകക്ഷികളായ യഥാക്രമം ഡിഎംകെയും ഭാരത് രാഷ്ട്രസമിതി(ബിആർഎസ്)യും പങ്കുവയ്പ്പിന്റെ പ്രായോജകരായി. രാഷ്ട്രീയ പാർട്ടികളുടെ ഫണ്ടിലേക്ക് കള്ളപ്പണം ഒഴുകുന്നത് തടയാനെന്ന പേരിൽ ബിജെപി സർക്കാരാണ് 2018ൽ ഇലക്ടറൽ ബോണ്ട് പരിപാടി ആവിഷ്കരിച്ചത്. വൻവ്യവസായികളുടെ വർഗ്ഗതാൽപര്യങ്ങൾക്ക് കീഴ്‌വഴങ്ങുന്ന വിശ്വസ്തരായ രാഷ്ട്രീയകക്ഷികളിലേക്ക് കള്ളപ്പണം ഒഴുക്കാനുള്ള ഒരു കുഴൽ മാത്രമാണ് സമ്പൂർണ്ണമായും അതാര്യമായ ഈ ബോണ്ട് പദ്ധതിയെന്ന് സാമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാവും. ഇപ്പോഴത് സംശയത്തിനതീതമായി തെളിയിക്കപ്പെട്ടിരിക്കുന്നു. വിറ്റഴിക്കപ്പെട്ട 16,518.11 കോടി രൂപയുള്ള ബോണ്ടിന്റെ ഭൂരിഭാഗവും ബിജെപിക്കാണ് ലഭിച്ചിരിക്കുന്നതെന്ന് വെളിപ്പെട്ടിരിക്കുന്നു. ഈ ഇലക്ടറൽ ബോണ്ട് പദ്ധതി സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും വലിയ തട്ടിപ്പാണെന്ന് പൊതുവായി ലഭ്യമായ വിവരങ്ങൾ വച്ച് നോക്കുമ്പോൾ മനസ്സിലാവും. ലഭ്യമായ കണക്കുകൾ വച്ച് നോക്കുകയാണെങ്കിൽ 2017–18നും 2022–23നും ഇടയ്ക്ക് വിതരണം ചെയ്ത 16,518.11 കോടി രൂപയിൽ 57%, അതായത് 8250 കോടി രൂപയും ഭരണ പാർട്ടിയായ ബിജെപിക്കാണ് ലഭിച്ചിരിക്കുന്നത്. ബിജെപി മാത്രം പകുതിയിലധികം സമാഹരിച്ചുവെന്നും മറ്റ് 20 പാർട്ടികൾക്ക് ബാക്കി തുക വീതിച്ചെടുക്കേണ്ടി വന്നുവെന്നതും കാണിക്കുന്നത്, പലവിധ ട്രസ്റ്റുകളിലും ഷെൽ കമ്പനികളിലുമായി മറഞ്ഞിരിക്കുന്ന വൻകിട കോർപ്പറേറ്റുകൾക്ക് ബിജെപി എത്ര മാത്രം സ്വീകാര്യരാണ് എന്നാണ്. ഭരിക്കുന്ന രാഷ്ട്രീയ പാർട്ടിയും കുത്തക കുടുംബങ്ങളും തമ്മിൽ ആഴത്തിൽ നിലനിൽക്കുന്ന അവിശുദ്ധബന്ധവും തടയാനാവാത്ത സ്വാധീനശക്തിയുമാണ് വ്യക്തമാവുന്നത്. തൃണമൂൽ കോൺഗ്രസിന് 1609.53 കോടി രൂപയുടെ ബോണ്ട് ലഭിച്ച് കൗതുകകരമായ രണ്ടാംസ്ഥാനത്തെത്തി. 1343.24 കോടി മാത്രമേ മൂന്നാം സ്ഥാനത്തെത്തിയ കോൺഗ്രസിന്റെ പെട്ടിയിൽ വീണുള്ളൂ. തിരഞ്ഞെടുപ്പ് കമ്മീഷൻ പങ്കുവെച്ച കണക്കുകൾ പ്രകാരം ഇന്ത്യയിൽ പൊതുതിരഞ്ഞെടുപ്പ് നടന്ന 2019ൽ തന്നെ ബിജെപി 1505.4 കോടി രൂപ പണമാക്കി മാറ്റി. 2022ൽ ബിജെപി ഏതൊരു വർഷത്തേക്കാളും കൂടുതൽ, 1763.54 കോടി രൂപ പണമാക്കി എന്ന് പുതുതായി വെളിപ്പെടുത്തിയ കണക്കുകൾ പറയുന്നു. പഞ്ചാബ്, മണിപ്പൂർ, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, ഹിമാചൽപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് നടന്ന വർഷമായിരുന്നു അത്. 466.31 കോടിയുടെ ബോണ്ട് പണമാക്കി മാറ്റിയതിന് തത്തുല്യമായി നടത്തിയ തിരഞ്ഞെടുപ്പ് പ്രവർത്തനത്തിന്റെ രേഖയൊന്നുമില്ല.

## ഞെട്ടിപ്പിക്കുന്ന ചില ഉദാഹരണങ്ങൾ

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകം ടാക്സ് വകുപ്പ്, സിബിഐ, ജിഎസ്ടി വകുപ്പ് തുടങ്ങിയവയുടെ റെയ്ഡ് ഭയന്ന് ഭരണക്കാരായ ആർഎസ്എസ്-ബിജെപിക്ക് അനുകൂലമായി ഇലക്ടറൽ ബോണ്ട് വാങ്ങാൻ നിർബന്ധിതമായത് സംബന്ധിച്ച് ചില ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുകൾ നോക്കാം. പാർട്ടി ഫണ്ട് സ്വരൂപിക്കാനായി സർക്കാർ നിയന്ത്രിത അന്വേഷണ സംവിധാനങ്ങളെ വഞ്ചനാത്മകമായി ഉപയോഗിക്കുന്നത് ഇന്ത്യയുടെ തിരഞ്ഞെടുപ്പ് പ്രക്രിയ തുരങ്കം വയ്ക്കുമെന്ന് മാത്രമല്ല ജനാധിപത്യ കീഴ്‌വഴക്കങ്ങൾ ചോർന്നു പോകുകയും അധികാര ദുർവിനിയോഗം നടത്തുകയുമാണ്. ഈ കാര്യങ്ങൾ ഉണ്ടാവാതെ നോക്കാൻ ജനങ്ങൾ ചുമതലപ്പെടുത്തിയിരിക്കുന്നവർ തന്നെ അത് ചെയ്യുന്നത് ആശങ്ക സൃഷ്ടിക്കുന്നു. ഏറ്റവും കൂടുതൽ ഇലക്ടറൽ ബോണ്ട് വാങ്ങിയതായി കാണപ്പെട്ട 'ലോട്ടറി രാജാവ്' സാൻഡിയാഗോ മാർട്ടിന്റെ ഫ്യൂച്ചർ ഗെയിമിംഗ് ആൻഡ് ഹോട്ടൽ സർവീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ബന്ധപ്പെട്ട വിഷയമാണ് ഒരു ഉദാഹരണം. 2019ൽ മാർട്ടിന് എതിരെ ഇഡി ഒരു കള്ളപ്പണക്കേസ് അന്വേഷണം ആരംഭിച്ചു. അതിന്റെ ഭാഗമായി കമ്പനിയുടെ ആസ്തികൾ ഏപ്രിൽ 2022 മുതൽ മെയ് 2023 വരെ മരവിപ്പിച്ചു. 2022 ഏപ്രിലിനും ഡിസംബറിനും ഇടയിൽ ഈ കമ്പനി 290 കോടി രൂപ വിലവരുന്ന ഇലക്ടറൽ ബോണ്ടുകൾ വാങ്ങി. 2020 ഒക്ടോബറിനും 2024 ജനവരിക്കുമിടയിൽ 1368 കോടി എന്ന ഭീമമായ തുക ഈ കമ്പനി സ്വരൂപിച്ചിരിക്കുന്നു. ഇഡിയുടെയും സിബിഐയുടെയും അടക്കമുള്ള അന്വേഷണങ്ങൾ ആവർത്തിച്ച് നേരിടുമ്പോൾ തന്നെ അവയിൽ നിന്ന് രക്ഷപ്പെടാനായി ഇലക്ടറൽ ബോണ്ട് വാങ്ങാൻ വന്നത്, കോർപ്പറേറ്റ് കമ്പനികളെ തങ്ങൾക്ക് വഴങ്ങാൻ വേണ്ടി നടത്തുന്ന സമ്മർദ്ദ തന്ത്രങ്ങളെ പറ്റിയും ഗൗരവതരമായ ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. മാർട്ടിൻ ജയിലിൽ ആയിരിക്കുകയും സിബിഐ അയാളുടെ കമ്പനിക്കെതിരെ ചാർജ് ഷീറ്റ് നൽകുകയും ചെയ്തിരിക്കുന്ന

(ശേഷം 6–ാം പേജിൽ)

(4–ാം പേജിൽ നിന്ന്)

ടെ രാജ്യത്ത് ഇടത് എന്ന് അവകാശപ്പെട്ടുകൊണ്ട് പ്രവർത്തിക്കുന്ന സിപിഐ, സിപിഐ(എം) തുടങ്ങിയ പാർട്ടികളൊന്നും ഈ ദൗത്യം നിറവേറ്റുന്നില്ല എന്നതാണ് സ്ഥിതി. ഭരണമാറ്റത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാം എന്ന് മാർക്സിസ്റ്റേതരമായ മാർഗമാണ് അവർ പിന്തുടരുന്നത്. ഇത് ഇടതുപക്ഷ വിശ്വാസികളെ നിരാശരും നിഷ്ക്രിയരുമാക്കുന്നു.

ഇന്ത്യയിൽ പിന്തിരിപ്പൻ ശക്തികളുടെ വളർച്ചയ്ക്ക് വഴിയൊരുക്കിയത് സമരപാത വെടിഞ്ഞ ഇടതുപക്ഷ കക്ഷികളുടെ വഞ്ചനയാണ്. ഭരിക്കാൻ അവസരം കിട്ടിയപ്പോഴൊക്കെ അവർ മുതലാളിത്ത നയങ്ങൾതന്നെ നടപ്പിലാക്കി. ജനങ്ങളുടെ പ്രതിഷേധത്തെ കരിനിയമങ്ങൾ പടച്ചുണ്ടാക്കി അടിച്ചമർത്താൻ തുനിഞ്ഞു. അധികാരക്കസേരകൾ ഉറപ്പിക്കാൻ വർഗീയമായ ചേരിതിരിവുകൾ സൃഷ്ടിച്ചു. വർഗ്ഗീയതയും വിഭാഗീയതയും വളർത്തുന്ന പ്രസ്ഥാനങ്ങളുമായി ചങ്ങാത്തം സ്ഥാപിച്ചു. മുതലാളിത്തത്തിന്റെ കൂടെപ്പിറപ്പായ അഴിമതിയിൽനിന്നുപോലും ഇവർക്ക് മോചനമില്ലാത്തത് ഈ മുതലാളിത്ത പാതയിലൂടെയുള്ള സഞ്ചാരത്തിന്റെ ഫലമായാണ്.

കേരളം ഭരിക്കുന്ന ഇടതുമുന്നണി കടം വാങ്ങി നാടുനന്നാക്കാമെന്ന മിഥ്യ പിന്തുടരുന്നവരാണ്. ആഗോളീകരണത്തിന്റെ ഇത്തരം ചെപ്പടി വിദ്യകൾ ജനജീവിതത്തെ കൂടുതൽ പ്രതിസന്ധിയിലേയ്ക്കാണ് നയിക്കുന്നത്. ശമ്പളവും പെൻഷനും ക്ഷേമപെൻഷനുകളും കുഞ്ഞുങ്ങളുടെ ഉച്ചക്കഞ്ഞിപോലും മുടങ്ങുന്ന സ്ഥിതിയിൽ നാടിനെ എത്തിച്ചത് ഇവർ പിന്തുടർന്ന മുതലാളിത്ത നയങ്ങൾ തന്നെയാണ്. മുതലാളിത്ത വ്യവസ്ഥ നേരിടുന്ന പ്രതിസന്ധി മൂർച്ഛിക്കുന്തോറും ജനങ്ങളുടെമേലുള്ള ഭാരം വർദ്ധിച്ചുകൊണ്ടേയിരിക്കും. മുതലാളിത്ത വ്യവസ്ഥയ്ക്ക് അന്ത്യം കുറിക്കുന്ന വിപ്ലവസമരങ്ങളുടെ മാർഗ്ഗം മാത്രമേ ജനങ്ങളുടെ മുന്നിലുള്ളൂ.

അവിഭജിത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണം ലെനിനിസ്റ്റ് സംഘടനാതത്വങ്ങൾ പാലിച്ചുകൊണ്ടായിരുന്നില്ല എന്ന വസ്തുത സഖാവ് ശിബ്ദാസ് ഘോഷ് നാൽപ്പതുകളിൽത്തന്നെ ചൂണ്ടിക്കാണിച്ചിരുന്നു. ഉയർന്ന കമ്മ്യൂണിസ്റ്റ് സ്വഭാവം ആർജ്ജിക്കാനുള്ള വ്യക്തിജീവിതത്തിലെ സമരങ്ങളും അവഗണിക്കപ്പെട്ടു. മാർക്സിസത്തിന്റെ ധാരണകളെ കാലോചിതം വികസിപ്പിച്ച് അതിനെ വർത്തമാനകാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ കെല്പുള്ളതാക്കുന്ന സമരത്തിലും പരാജയപ്പെട്ടു.

ഈ പരാജയങ്ങളാണ് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും അത് പിളർന്നുണ്ടായ എല്ലാ പ്രസ്ഥാനങ്ങളുടെയും അപചയത്തിന് കാരണമായത്. അതുകൊണ്ടുതന്നെ ഈ പ്രസ്ഥാനങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ടോ ശക്തിപ്പെടുത്തിക്കൊണ്ടോ രാജ്യത്തിന്റെ വിപ്ലവമുന്നേറ്റത്തിന്റെ നേതൃത്വം സൃഷ്ടിച്ചെടുക്കാനാകില്ല. എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ രൂപീകരണം അനിവാര്യമാക്കിയ സാഹചര്യം ഇതായിരുന്നു. സാർവദേശീയവും ദേശീയവുമായി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അഭിമുഖീകരിച്ച എല്ലാ വെല്ലുവിളികളെയും നേരിട്ട തിരിച്ചടികളെയും സംഭവിച്ച പാളിച്ചകളെയും കണക്കിലെടുത്തുകൊണ്ടും അതിൽനിന്നെല്ലാം പാഠങ്ങൾ ഉൾക്കൊണ്ടുമാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി കെട്ടിപ്പടുത്തത്.

ജനാധിപത്യ-മതേതര ധാരണകൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ജനകീയ മുന്നേറ്റങ്ങൾ വളർത്തിയെടുക്കാനുള്ള പാർട്ടിയുടെ പരിശ്രമങ്ങൾ ഈ കാലഘട്ടം ആവശ്യപ്പെടുന്ന സമരപ്രക്രിയയാണ്. ശാസ്ത്രീയമനോഘടനയും യുക്തിബോധവും ആസൂത്രിതമായ ആക്രമണങ്ങൾക്കിരയാകുന്ന വർത്തമാനകാലത്ത് സയൻസിന്റെ പ്രചാരണത്തിന് പാർട്ടി വലിയ പ്രാധാന്യം കൽപ്പിക്കുന്നു. ജനങ്ങളിൽ സ്പർദ്ധ വളർത്തുന്ന ഫാസിസ്റ്റ് തന്ത്രത്തെ ചെറുക്കുന്നതിനായി ജനൈക്യം ഊട്ടിയുറപ്പിക്കുന്ന സാഹോദര്യം ഉയർത്തിപ്പിടിക്കുന്ന ജനകീയ കൂട്ടായ്മയും കലാ സാഹിത്യ സംരംഭങ്ങളും ശ്രദ്ധാപൂർവം വളർത്തിയെടുക്കുന്നു. മദ്യവിപത്തിനെതിരെ, സ്ത്രീപീഡനങ്ങൾക്കെതിരെ, അശ്ലീലതയ്ക്കെതിരെ സാംസ്കാരിക മുന്നേറ്റങ്ങൾ പോഷിപ്പിക്കുന്നു. ചരിത്രപാഠങ്ങളും സയൻസിന്റെ അടിസ്ഥാന ധാരണകളും നിഷേധിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിനെതിരെ അക്കാദമിക രംഗത്തെയാകെ ഉൾക്കൊള്ളുന്ന ചെറുത്തുനിൽപ്പും വളർത്തിയെടുക്കുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ജനദ്രോഹ നയങ്ങൾക്കെതിരെ വർഗ്ഗ-ബഹുജന പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നു.

സമരം ഒരു ജീവിത ശൈലിയായി വളർത്തിയെടുക്കേണ്ട ഒരു സന്ദർഭത്തിലാണ് നാം ഇന്ന് എത്തിയിരിക്കുന്നത്. മൗലികാവകാശങ്ങൾക്കും പൗരാവകാശങ്ങൾക്കുംവേണ്ടിപ്പോലും പൊരുതേണ്ടിവരുന്ന സ്ഥിതി. ലോകത്തിന്റെ നാനാകോണുകളിൽ ജനങ്ങൾ പ്രതിഷേധിക്കുന്നുണ്ട്. അനീതിക്കെതിരെ നിലപാടെടുക്കുന്നുണ്ട്. ഇത് ആശാവഹം തന്നെ. എന്നാൽ ഈ സമരങ്ങൾ പൊടുന്നനെയുണ്ടാകുന്ന പൊട്ടിത്തെറികളായി കെട്ടടങ്ങിപ്പോകും. താത്ക്കാലികനേട്ടങ്ങൾക്കൊണ്ട് തൃപ്തിപ്പെട്ട് പിൻവാങ്ങും. അതുകൊണ്ടുതന്നെ മുതലാളിത്ത ചൂഷണവ്യവസ്ഥയ്ക്ക് കാര്യമായ പരിക്കുകളേൽപ്പിക്കാൻ അവയ്ക്ക് കഴിയാതെ പോകും. എല്ലാ ജനകീയ മുന്നേറ്റങ്ങളെയും മുതലാളിത്ത വ്യവസ്ഥയ്ക്കെതിരായ വിപ്ലവമുന്നേറ്റത്തോട് കോർത്തിണക്കാൻ കഴിഞ്ഞാലേ ശാശ്വത പരിഹാരത്തിലേയ്ക്ക് മുന്നേറാനാകൂ. ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വം ഇവിടെ അനിവാര്യമാകുന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയാണ് സുപരീക്ഷിതമായ ആ നേതൃത്വം. തെളിഞ്ഞ ആശയവ്യക്തതയോടെ, ശരിയായ സമരപ്രക്രിയ പിന്തുടർന്ന്, ജീവിത ദുരിതങ്ങളുടെയാകെ ശാശ്വത പരിഹാരമെന്ന ലക്ഷ്യത്തിലേയ്ക്ക് കുതിക്കുന്ന ഒരേയൊരു നേതൃത്വം. ■

# ധനശക്തിയും പേശിബലവും മാധ്യമ പിൻബലവും കീഴ്‌വഴങ്ങിയ ഭരണസംവിധാനങ്ങളും ചേർന്നാണ് തിരഞ്ഞെടുപ്പ് ഫലങ്ങൾ തീരുമാനിക്കുന്നത്

(5–ാം പേജിൽ നിന്ന്)

അതേ കാലത്ത് മാർട്ടിന്റെ ഭാര്യ കോയമ്പത്തൂരിൽ നടന്ന ഒരു ചടങ്ങിൽ പ്രധാനമന്ത്രി മോദിയോടൊപ്പം വേദി പങ്കിടുന്ന ചിത്രവും വാർത്തയും *ന്യൂ ഇന്ത്യൻ എക്സ്പ്രസ്* പ്രസിദ്ധീകരിച്ചിരുന്നു. 2015 മാർട്ടിന്റെ മകൻ ചാൾസ് ബിജെപിയിൽ ചേർന്നിരുന്നു. "മോദിയെയും ബിജെപിയെയും ആദരിക്കുന്ന ഒരു നല്ല മനുഷ്യൻ" എന്ന് പറഞ്ഞ് ബിജെപിയുടെ ഒരു വക്താവ് മാർട്ടിനെ പുകഴ്ത്തുന്ന മറ്റൊരു വാർത്തയും അതേ പത്രം റിപ്പോർട്ട് ചെയ്തു. മാർട്ടിന്റെ കമ്പനിയിൽനിന്ന് 1368 കോടി രൂപ ബിജെപി വാങ്ങിയെന്ന് കേരളത്തിന്റെ അന്നത്തെ ധനകാര്യ മന്ത്രി തോമസ് ഐസക് ട്വിറ്ററിൽ കുറിച്ചിരുന്നു. ഈ കമ്പനി രണ്ട് കോടി രൂപയുടെ സംഭാവന സിപിഐ(എം)ന്റെ മലയാള മുഖപത്രം 'ദേശാഭിമാനി'ക്ക് നൽകിയിരുന്നു. പ്രതിഷേധത്തിന്റെ മുന്നിൽ അന്ന് സിപിഐ(എം)ന് പത്രത്തിലെ മാനേജരെ പുറത്താക്കുകയും പണം തിരികെ നൽകുകയും ചെയ്യേണ്ടിവന്നു.

തമിഴ്‌നാട്ടിലെ ഉത്തുക്കുടിയിൽ ജനവാസകേന്ദ്രത്തിനും കാർഷിക മേഖലയ്ക്കും സമീപമുള്ള, ഖനന മുതലാളിയായ അനിൽ അഗർവാളിന്റെ ഉടമസ്ഥതയിലുള്ള വേദാന്ത ഗ്രൂപ്പിന്റെ ചെമ്പ് ശുദ്ധീകരണ പ്ലാന്റ്, മലിനീകരണ നിയന്ത്രണ നിയമങ്ങൾ വൻതോതിൽ നഗ്നമായി ലംഘിച്ചതിന്റെ പേരിൽ അടച്ചിടാൻ നിർബന്ധിതമായി. അടച്ചിട്ട കമ്പനി തുറക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി അടുത്തയിടെ സുപ്രീംകോടതി തള്ളിയിരുന്നു. ഈ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള ഇന്ത്യയിലെ വിവിധ എണ്ണ, പ്രകൃതിവാതക പദ്ധതികളെ പരിസ്ഥിതി നിയമലംഘനങ്ങളുടെ പേരിൽ നിരവധി തവണ പിടികൂടിയിട്ടുണ്ട്. ഇന്ത്യയുടെ പരിസ്ഥിതി നിയമങ്ങൾ ലഘൂകരിക്കാനും, സർക്കാരിന്റെ ലേലം വഴി സംഘടിപ്പിച്ച ഓയിൽ ബ്ലോക്കുകളിൽ പര്യവേഷണ ഡ്രില്ലിംഗ് നടത്തുന്നത് സംബന്ധിച്ച് പൊതുജന തെളിവെടുപ്പുകൾ ഇല്ലാതാക്കാനും ഈ ഗ്രൂപ്പിന്റെ എണ്ണമേഖലയിലെ കമ്പനിയായ 'കായേൺ ഇന്ത്യ' സർക്കാരുമായി ചേർന്ന് ലോബിയിംഗ് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൽക്കരി വിതരണവുമായി ബന്ധപ്പെട്ട കുറ്റകരമായ ഗൂഢാലോചനയുടെയും വഞ്ചനയുടെയും പേരിൽ സിബിഐ വേദാന്തക്കെതിരെ കേസെടുത്തിരുന്നു. കള്ളപ്പണം വെളുപ്പിക്കൽ സംബന്ധിച്ച് ടിഎസ്‌പിഎൽ എന്ന ഒരു വേദാന്ത കമ്പനിയിൽ റെയ്ഡ് നടത്തിയിരുന്നു. ഇതേ വിവാദ കമ്പനി ഗ്രൂപ്പ് 400.65 കോടിയെന്ന വമ്പൻ തുക ഇലക്ടറൽ ബോണ്ടിലേക്ക് ഒഴുക്കി. അതേത്തുടർന്ന് രാജസ്ഥാനിലെ വിവാദപൂർണ്ണമായ ആറ് പ്രോജക്ടുകൾക്ക് പ്രാദേശിക എതിർപ്പുകളെ വകവയ്ക്കാതെ കായേൺ കമ്പനിക്ക് അനുവാദം നൽകുകയുണ്ടായി. വടക്കൻ ഗോവയിൽ ബൈക്കോലിം മിനറൽ ബ്ലോക്ക് അനുവദിച്ചുകൊണ്ട് വേദാന്ത ഗ്രൂപ്പുമായി കരാർ ഒപ്പിടാൻ ഗോവ ഗവൺമെന്റ് അനുമതി നൽകിയത് ഇക്കഴിഞ്ഞ മാസമാണ്. വേദാന്ത ഫോക്സ്‌കോൺ ഗ്രൂപ്പും ഗുജറാത്ത് സർക്കാരും തമ്മിൽ 1.54 ലക്ഷം കോടി രൂപയുടെ ഒരു സെമി കണ്ടക്ടർ ഡിസ്‌പ്ലേ ഫാബ്രിക്കേഷൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനുള്ള കരാർ ഒപ്പിട്ടതിൽ പ്രധാനമന്ത്രി ശുഭപ്രതീക്ഷ പ്രകടിപ്പിച്ചതായി 2022 സെപ്റ്റംബർ 13ന് പ്രധാനമന്ത്രിയുടെ ഓഫീസ് ഒരു പത്രക്കുറിപ്പിറക്കി. നരേന്ദ്രമോദി വേദാന്ത ഗ്രൂപ്പിന്റെ എക്സിബിഷൻ കാണാനെത്തിയെന്ന് 2023 സെപ്റ്റംബർ 17ലെ പ്രസ്താവനയിൽ ഗ്രൂപ്പ് പറഞ്ഞു.

ഹൈദരാബാദ് കേന്ദ്രമായുള്ള കരാർ ഭീമനായ മേഘ എൻജിനീയറിങ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ കാര്യമാണ് അടുത്തത്. ഏപ്രിൽ 2019നും നവംബർ 2023നുമിടക്ക് ഈ കമ്പനിക്ക് ഷെയർ വിറ്റുള്ള മൂലധനമായി ഉണ്ടായിരുന്നത് വെറും 156 കോടി രൂപയായിരുന്നു. പക്ഷേ അവർക്ക് 1.15 ലക്ഷം കോടി രൂപയുടെ 'ലോകത്തിലെ ഏറ്റവും വലിയ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട്' എന്നറിയപ്പെടുന്ന പദ്ധതിയിൽ നിരവധി ഗവൺമെന്റ് കോൺട്രാക്ടുകൾ ലഭിക്കുകയുണ്ടായി. പക്ഷേ ആയിരക്കണക്കിന് കോടി രൂപയുടെ പൊതുമുതൽ അടിച്ചുമാറ്റിയതിന്റെ പേരിൽ സിഎജി അവരെ പിടികൂടി. വെറും നാല് കരാറുകളിലൂടെ 5188.43 കോടി രൂപ അവർക്ക് അധികം നൽകിയതായി കണ്ടെത്തി 17 കരാറുകൾ കൂടി ഉണ്ടെന്നതിനാൽ ഈ തുക എത്രയോ കൂടാൻ സാധ്യതയുണ്ട്. വെറും 156 കോടി രൂപയുടെ മൂലധനമുള്ള കമ്പനി 980 കോടി രൂപയുടെ ഇലക്ടറൽ ബോണ്ടുകൾ വാങ്ങിയിരിക്കുന്നു. മേഘ എഞ്ചിനീയറിങ് ഗ്രൂപ്പിന്റെ മറ്റ് മൂന്ന് കമ്പനികൾ ചേർന്ന് ആകെ 1200 കോടി രൂപയുടെ ബോണ്ട് വാങ്ങി.

2021 ഒക്ടോബർ 19ലെ *ഇക്കണോമിക് ടൈംസ്* ഹൈദരാബാദിലെ ഹെറ്ററോ ഹെൽത്ത് കെയർ എന്ന 7500 കോടി രൂപ ആസ്തിയുള്ള കമ്പനിയെ സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഈ കമ്പനിയിൽ ഇൻകംടാക്സ് വകുപ്പ് റെയ്ഡ് നടത്തുകയും 550 കോടി രൂപയുടെ കണക്കിൽപ്പെടാത്ത തുക കണ്ടെത്തുകയും 142 കോടിയുടെ നോട്ടുകൾ പിടികൂടുകയും ചെയ്തു. കോവിഡ് ചികിത്സയ്ക്കുള്ള 'റെംഡേസിവിർ' മരുന്നിന്റെ സാമ്പിളിൽ സുതാര്യമായ നിറത്തിന് പകരം മഞ്ഞനിറം ലാബ് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഇക്കാര്യത്തിൽ കാരണം കാണിക്കൽ നോട്ടീസ് 2021 ജൂലൈയിൽ കമ്പനിക്ക് നൽകപ്പെട്ടു. ആവശ്യത്തിനു മരുന്ന് ഘടകങ്ങൾ അടങ്ങിയിട്ടില്ലാത്തതിനാലും മതിയായ ഗുണനിലവാരം ഇല്ലാത്തതിനാലും മറ്റ് രണ്ട് നോട്ടീസും കൂടെ ആ വർഷം തന്നെ നൽകപ്പെട്ടു. ഇത്തരം ലംഘനങ്ങൾ കമ്പനിയുടെ ഉൽപാദന ലൈസൻസ് റദ്ദ് ചെയ്യുന്നതിലേക്ക് നയിക്കുമായിരുന്നു. പക്ഷേ, ഈ ക്രിമിനൽ കുറ്റത്തിനെതിരെ യാതൊരു നടപടിയും ഉണ്ടായില്ല. മറിച്ച് നിലവാരം കുറഞ്ഞ മരുന്ന് പിൻവലിക്കാൻ കമ്പനിക്ക് അനുവാദം നൽകപ്പെട്ടു. ഈ കുറ്റങ്ങളുടെ കറപുരണ്ട കമ്പനിയും 60 കോടി രൂപയുടെ ബോണ്ട് വാങ്ങുകയുണ്ടായി.

സൺഫാർമ എന്ന മറ്റൊരു ഭീമൻ ഫാർമസ്യൂട്ടിക്കൽ കമ്പനി 2019 മുതൽ നികുതി വെട്ടിപ്പിന്റെ പേരിൽ ജിഎസ്ടി ഇന്റലിജൻസിന്റെ നിരീക്ഷണത്തിലായിരുന്നു. ഈ കമ്പനി 31.5 കോടി രൂപയുടെ ബോണ്ട് വാങ്ങി. തുടർന്ന് അവരുടെ സഹസ്രകോടി രൂപയുടെ ബിസിനസ്സ് തുടർന്നുകൊണ്ടു പോകാൻ യാതൊരു തടസ്സവുമുണ്ടായില്ല. ഹൈദരാബാദ് കേന്ദ്രമായുള്ള അരവിന്ദോ ഫാർമ എന്ന കമ്പനിക്ക് അഞ്ച് ചില്ലറ മദ്യവില്പന സോണുകൾ ലഭിക്കുകയുണ്ടായി. 2022 നവംബർ 11ന് ഈ കമ്പനിയുടെ ഉടമ ശരത്ചന്ദ്ര റെഡ്ഡിയെ ഇഡി കസ്റ്റഡിയിലെടുത്തു. തുടർന്ന് അയാൾ അഞ്ചു കോടി രൂപ ഇലക്ടറൽ ബോണ്ട് വഴി ബിജെപിക്ക് നൽകി. അയാളുടെ ജാമ്യാപേക്ഷ വന്നപ്പോൾ ഇഡി എതിർത്തില്ല. ജയിലിൽ നിന്ന് പുറത്ത് വന്നതിനുശേഷം അയാൾ അരവിന്ദ് കെജരിവാളിനെതിരായ 100 കോടി വെട്ടിപ്പ് കേസിൽ മാപ്പുസാക്ഷിയായി മാറി. ആ കേസിൽ കെജരിവാൾ അറസ്റ്റ് ചെയ്യപ്പെട്ടു. ആകെ 44.5 കോടി രൂപ ബിജെപിക്ക് ബോണ്ട് വഴി റെഡ്ഡി നൽകുകയുണ്ടായി.

കോട്ടക് മഹീന്ദ്ര ബാങ്കിന്റെ സിഇഒ ഉദയ് കോട്ടൽ തന്റെ ബാങ്ക് ഷെയറുമായി ബന്ധപ്പെട്ട വിഷയത്തിൽ 2018 ഡിസംബറിൽ റിസർവ്ബാങ്കുമായി ഒരു നിയമയുദ്ധത്തിലായിരുന്നു. 13 മാസത്തിനുശേഷം റിസർവ് ബാങ്ക് ഉദയ കോട്ടലിന്റെ വാദങ്ങൾ അംഗീകരിച്ചു. കോട്ടക് ഗ്രൂപ്പിന്റെ 35 കോടി രൂപ ബിജെപിക്ക് സംഭാവന ചെയ്തതിനെ തുടർന്ന് റിസർവ്ബാങ്കിന്റെ നയത്തിന് വിരുദ്ധമായി കോട്ടലിനു സിഇഒ ആയി തുടരാൻ അനുവാദം ലഭിച്ചു എന്ന് ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു.

2019നും 2024നും ഇടയ്ക്ക് ഭാരതി എയർടെൽ ബോണ്ട് വഴി ബിജെപിക്ക് 236.4 കോടി രൂപ സംഭാവന നൽകി. തുടർന്ന് അവരുടെ ഒരു കമ്പനിയായ 'ഓൺ വെബ്' സർക്കാരിൽ നിന്ന് സാറ്റലൈറ്റ് സ്പെക്ട്രം കിട്ടാൻ യോഗ്യതയുള്ള ഒരേയൊരു കമ്പനിയായി മാറി. ലേലനിയമങ്ങൾ അവർക്കുവേണ്ടി മറികടക്കപ്പെട്ടു. ഈ കമ്പനികളെ കൂടാതെ ഹീറോ മോട്ടോകോർപ്, ക്വിക് സപ്ലൈ ചെയിൻ, ഉത്ക്കൽ അലുമിനിയ, ഗ്രാസിം നവയുഗ, ഹാൽഡിയ എനർജി, ധാരിവാൾ ഇൻഫ്രാസ്ട്രക്ചർ, അരവിന്ദോ ഫാർമ തുടങ്ങിയ പല കമ്പനികളും ഇലക്ടറൽ ബോണ്ടിലൂടെ വലിയ തുകകൾ ബിജെപിക്ക് നൽകിയിട്ടുണ്ട്.

## മാധ്യമ ലോകത്തെയാകെ വൻകുത്തകകൾ കൈപ്പിടിയിലാക്കി

ഇലക്ടറൽ ബോണ്ടിലൂടെ സംഭാവന ചെയ്തവരിൽ പ്രമുഖരായ പലരും മാധ്യമ ഉടമസ്ഥതയുടെ രംഗത്ത് ശക്തമായി നിലയുറപ്പിച്ചിട്ടുള്ളവരാണ്. വാർത്താമാധ്യമങ്ങളിൽ വലിയൊരു ഭാഗം കോർപ്പറേറ്റ് ഗ്രൂപ്പുകളുടെ കൈപ്പിടിയിലായി. പരസ്യം കൊണ്ട് പ്രവർത്തിക്കുന്ന മാധ്യമങ്ങൾ ക്രമേണ തങ്ങളുടെ സ്വാതന്ത്ര്യം അടിയറവയ്ക്കുകയും 'ഗോഡി മീഡിയ' എന്നറിയപ്പെടുന്ന കോർപ്പറേറ്റ് ഉടമസ്ഥതയിലുള്ള മാധ്യമസംഘത്തിലേക്ക് ചേരുകയും ചെയ്തു. മുകേഷ് അംബാനിയുടെ ഉടമസ്ഥതയിലുള്ള നെറ്റ്‌വർക്ക് 18ന് മാത്രമാണ് വാർത്ത, എന്റർടൈൻമെന്റ്, സ്പോർട്സ്, സിനിമ തുടങ്ങിയ എല്ലാ വകഭേദങ്ങളും ഉള്ള സമ്പൂർണ്ണസ്പെക്ട്രം കൈമുതലായുള്ളത്. കൂടുതൽ നിക്ഷേപത്തിന് അവർ തയ്യാറെടുക്കുകയുമാണ്. ജനപ്രിയ ക്രിക്കറ്റ് പ്രക്ഷേപണത്തിലൂടെയും ഒടിടി മീഡിയയിലൂടെയും മറ്റും ജിയോ സിനിമയും ആധിപത്യം പുലർത്തുന്നു. ജിയോ സിനിമ, ഡിസ്നി കോർപ്പറേഷനുമായി ഒരു കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു. ടെലിവിഷൻ, ഡിജിറ്റൽ സ്ട്രീമിംഗ് മേഖലയിൽ ആധിപത്യം സ്ഥാപിക്കുകയാണ് ലക്ഷ്യം. അംബാനി ഗ്രൂപ്പിൽ ഉണ്ടായിരുന്ന സുരേന്ദ്ര ലൂനിയയുടെ 29.18% എൻഡിടിവി ഷെയറുകൾ അദാനിക്ക് കൊടുത്തതോടെ എൻഡിടിവി അദാനിയുടെ കൈയിലായി.

ഈ ലിസ്റ്റ് ഇനിയും കൂടുതൽ ദീർഘിപ്പിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. 2024 മാർച്ച് 24 വരെ ലഭ്യമായ വിവരങ്ങൾ മാത്രമേ ഈ ലേഖനത്തിൽ പരാമർശിച്ചിട്ടുള്ളൂ. കൂടുതൽ വെളിപ്പെടുത്തലുകൾ വരും ദിവസങ്ങളിൽ ഉണ്ടാവും. രജിസ്റ്റർ ചെയ്തിട്ടുള്ള 16 ലക്ഷം കമ്പനികളിൽ 1500 കമ്പനികളാണ് ഇലക്ടറൽ ബോണ്ട് വാങ്ങിയിരിക്കുന്നത്. മുകളിൽ വിശദീകരിച്ചതുപോലെ ബോണ്ട് വാങ്ങിയ പല കമ്പനികളും സാമ്പത്തിക തിരിമറികളിലും നിയമലംഘനങ്ങളിലും പിടികൂടപ്പെട്ടവരാണെന്ന് കാണാം. പരിസ്ഥിതി നിയമങ്ങൾ ദുർബലപ്പെടുത്തുന്നത് മുതൽ നികുതി വെട്ടിപ്പും കള്ളപ്പണം വെളിപ്പിക്കുന്നതുംവരെ ഈ കോർപ്പറേറ്റ് ഭീമന്മാർ രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാൻ തങ്ങളുടെ പണക്കൊഴുപ്പിനെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയുടെ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ വിശ്വാസ്യതയെ സംബന്ധിച്ച് ഗൗരവാവഹമായ സംശയത്തിന് ഇത് ഇടയാക്കുന്നുണ്ട്. പൊതുനയങ്ങൾക്ക് രൂപം കൊടുക്കുന്നതിൽ കോർപ്പറേറ്റ് താല്പര്യങ്ങൾ അവിഹിതമായ സ്വാധീനം ചെലുത്തുന്നു.

## ഈ കണ്ടെത്തലുകൾ എന്താണ് വെളിപ്പെടുത്തുന്നത്?

ദേശീയ, പ്രാദേശിക ബൂർഷ്വാ പാർട്ടികൾ വൻതോതിലുള്ള കോർപ്പറേറ്റ് ധനസഹായത്തോടെ പ്രവർത്തിക്കുന്നതിനെപ്പറ്റി, മഹാനായ മാർക്സിസ്റ്റ് ദാർശനികൻ സഖാവ് ശിബ്ദാസ് ഘോഷ് സ്ഥാപിച്ച നമ്മുടെ പാർട്ടി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) നടത്തിയ വിശകലനങ്ങൾ ശരിയാണെന്ന് പൂർണമായി സാക്ഷ്യപ്പെടുത്തുന്നതാണ് ഇലക്ടറൽ ബോണ്ട് സംഭവങ്ങൾ. 2022–23 വർഷക്കാലത്തെ കോർപ്പറേറ്റ് സംഭാവനകളുടെ 90%വും ബിജെപിക്കാണ് ലഭിച്ചതെന്ന്, ഇലക്ടറൽ ബോണ്ട് പദ്ധതി ഭരണഘടന വിരുദ്ധമാണെന്ന് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഹർജിയിൽ അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ്(എഡിആർ) എന്ന സംഘടന ചൂണ്ടിക്കാട്ടിയിരുന്നു. ആകെയുള്ള 850.438 കോടിയുടെ സംഭാവനയിൽ ബിജെപിക്ക് മാത്രം 719.858 കോടിയും കോൺഗ്രസിന് 79.92 കോടിയും എഎപിക്ക് 37 കോടിയും സിപിഐ(എം)ന് ആറ് കോടിയും ലഭിച്ചു.

പ്രധാനമന്ത്രി മോദിയും ആഭ്യന്തരമന്ത്രി അമിത്ഷായും 2000 രൂപ വീതം ബിജെപി ഫണ്ടിലേക്ക് സംഭാവന ചെയ്തുവെന്ന് കുറച്ചുദിവസം മുമ്പ് വാർത്തയിൽ വന്നിരുന്നു. ബിജെപി പ്രസിഡന്റ് നദ്ദ 1000 രൂപയും സംഭാവന ചെയ്തു. രസീതിന്റെ സ്കാൻ ചെയ്ത കോപ്പിയും പുറത്തുവിട്ടു. അത് കണ്ടാൽ ബിജെപി പ്രവർത്തിക്കുന്നത് നേതാക്കളുടെയും പ്രവർത്തകരുടെയും സംഭാവന കൊണ്ടാണെന്ന് തോന്നും. തന്റെ പെയിന്റിങ്ങുകളും പുസ്തകവും വിറ്റാണ് പാർട്ടി ചെലവുകൾ നടത്തുന്നതെന്ന് തൃണമൂൽ കോൺഗ്രസ് നേതാവ് മമത ബാനർജി കൂടെക്കൂടെ വീമ്പിളക്കാറുണ്ട്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ എസ്‌ബിഐ അപ്‌ലോഡ് ചെയ്ത വിവരങ്ങൾ ഈ അവകാശവാദങ്ങളെല്ലാം തന്നെ കാപട്യമാണെന്ന് വിളിച്ചോതുന്നു. തിരഞ്ഞെടുപ്പ് ഫലങ്ങൾ തീ

(ശേഷം 7–ാം പേജിൽ)

## മഹത്തായ മേയ്ദിനം നീണാൾ വാഴട്ടെ !
## തൊഴിലാളിവർഗ്ഗ സാർവ്വദേശീയത നീണാൾ വാഴട്ടെ !

# തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിക്കുവാൻ വീറുറ്റ പ്രക്ഷോഭണം കെട്ടിപ്പടുക്കുക

8 മണിക്കൂർ ജോലി, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ വിനോദം എന്ന സുപ്രധാന ആവശ്യം സ്ഥാപിച്ചെടുത്ത, തൊഴിലാളികളുടെ പോരാട്ട ചരിത്രത്തിൽ മഹത്വമാർന്ന ദിനമാണ് മേയ് ഒന്ന്. 1886 മേയ് ഒന്നു മുതൽ മൂന്ന് ദിവസങ്ങളിലായി അമേരിക്കയിലെ ചിക്കാഗോവിലും മറ്റ് നഗരങ്ങളിലും തൊഴിലാളികൾ നടത്തിയ വമ്പിച്ച പണിമുടക്കം, തുടർന്ന് മേയ് 4ന് ഹേമാർക്കറ്റിൽ നടന്ന പോലീസ് വെടിവെപ്പും, ഒരു വിചാരണ പ്രഹസനം നടത്തി ആൽബർട്ട് പാർസൺ ഉൾപ്പെടെയുള്ള 4 ഉശിരൻ തൊഴിലാളി നേതാക്കളെ തൂക്കിലേറ്റിയതും ഉൾപ്പെടെയുള്ള സംഭവങ്ങളാണ് ലോക ചരിത്രത്തിന്റെ ഭാഗമായി മാറിയ മഹത്തായ മേയ്ദിനത്തിന് ആധാരം.

"പ്രവൃത്തി സമയം കുറക്കുക എന്ന ആവശ്യം പ്രാഥമികമാണ്. അതൊഴിവാക്കിക്കൊണ്ട് തൊഴിലാളികളുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചോ മോചനത്തെക്കുറിച്ചോ സംസാരിക്കുന്നത് ഉദ്ദേശിച്ച ഫലം ഉണ്ടാക്കുകയില്ല" എന്ന് മഹാനായ കാൾ മാർക്സ് ചൂണ്ടിക്കാട്ടിയിരുന്നു. അദ്ദേഹത്തിന്റെ ആഹ്വാനമാണ് 8 മണിക്കൂർ ജോലി എന്നത് ഒരു സാർവ്വദേശീയ ഡിമാന്റ് ആയി ഉയർന്നുവന്നതിന് ഇടയാക്കിയത്. മാത്രമല്ല, ഇത്തരം സമരങ്ങൾ ഒരു ട്രേഡ് യൂണിയൻ സമരത്തിനുമപ്പുറം മുതലാളിവർഗ്ഗത്തിനെതിരെയുള്ള തൊഴിലാളിവർഗ്ഗ പ്രക്ഷോഭമായി വളർന്നു വരാനുള്ള സൈദ്ധാന്തിക അടിത്തറ അദ്ദേഹം ഒരുക്കുകയും ചെയ്തിരുന്നു. ഈ ചരിത്ര പ്രാധാന്യം കണക്കിലെടുത്താണ് മഹാനായ ഏംഗൽസിന്റെ മാർഗ്ഗ നിർദ്ദേശത്താൽ 1889ൽ രൂപംകൊണ്ട രണ്ടാം ഇന്റർനാഷലിന്റെ രൂപീകരണ കൺവൻഷനിൽ വച്ച് മേയ് 1 സാർവ്വദേശീയ തൊഴിലാളിവർഗ്ഗ ഐക്യദാർഢ്യദിനമായി ആചരിക്കാൻ ആഹ്വാനമുണ്ടായത്.

ലോക സമാധാനത്തിന്റെ നെടുംകോട്ടയായി നിലകൊണ്ട സോവിയറ്റ് യൂണിയന്റെയും സോഷ്യലിസ്റ്റ് ചേരിയുടെയും തകർച്ചയെതുടർന്ന് മുതലാളിത്ത-സാമ്രാജ്യത്വ ശക്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ നവലിബറൽ നയങ്ങൾ, തൊഴിലാളി വർഗ്ഗം ഇഞ്ചോടിഞ്ച് പൊരുതി സ്ഥാപിച്ച തൊഴിലവകാശങ്ങളും ട്രേഡ് യൂണിയൻ അവകാശങ്ങളും കവർന്നെടുക്കുന്നതായിരുന്നു. 8 മണിക്കൂർതൊഴിൽ 12ഉം 14ഉം മണിക്കൂർവരെ നീട്ടി. തൊഴിലെടുപ്പിക്കുന്നതിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥാപിത നിയമങ്ങൾ എടുത്തുമാറ്റിക്കൊണ്ട് കരാർ തൊഴിൽ വ്യാപകമാക്കി. പെൻഷൻ, മിനിമം വേതനം, ഗ്രാറ്റുവിറ്റി, ലീവ് ആനുകൂല്യങ്ങൾ, സാമൂഹ്യസുരക്ഷ പദ്ധതികൾ തുടങ്ങിയവയെല്ലാം അട്ടിമറിക്കപ്പെടുന്ന സ്ഥിതിയുണ്ടായി. ട്രേഡ് യൂണിയൻ അവകാശങ്ങൾ പലതും കവർന്നെടുക്കപ്പെട്ടു. ഇങ്ങനെ അന്തമില്ലാത്ത അവകാശ ധ്വംസനവും അരക്ഷിതമായ തൊഴിൽ സാഹചര്യവും കൊണ്ട് അങ്ങേയറ്റം ജീവിത പ്രതിസന്ധി നേരിടുകയാണ് തൊഴിലാളികൾ.

മുതലാളിത്ത-സാമ്രാജ്യത്വ ലോകത്തിന്റെ അവിഭാജ്യഭാഗമായിട്ടുള്ള ഇന്ത്യയിലും ഭരണ മുതലാളിവർഗ്ഗവും അവരെ സേവിക്കുന്ന സർക്കാരുകളും തൊഴിലാളികൾക്കും കർഷകർക്കും അദ്ധ്വാനിച്ച് ജീവിക്കുന്ന മറ്റു സാധാരണ ജനങ്ങൾക്കും എതിരായും ഏതാനും കോർപ്പറേറ്റുകൾക്കുമാത്രം അനുകൂലമായും നയങ്ങൾ നടപ്പിലാക്കി മുന്നേറുകയാണ്. ഒരുഭാഗത്ത്, തൊഴിൽ വൻതോതിൽ വെട്ടിക്കുറച്ചും യഥാർത്ഥ വേതനം കുറച്ചും തൊഴിൽ ആകമാനം കരാർവൽക്കരിച്ചും തൊഴിലാളികളുടെ ജീവിതോപാധി അട്ടിമറിച്ച സർക്കാർ മറുഭാഗത്ത്, നിലവിലുണ്ടായിരുന്ന തൊഴിലവകാശങ്ങളും ട്രേഡ് യൂണിയൻ അവകാശങ്ങളും നിഷേധിച്ചുകൊണ്ട് തൊഴിലാളി പ്രക്ഷോഭണങ്ങളെ തടയാനും ശ്രമിക്കുകയാണ്.

ജനങ്ങളുടെ നികുതിപ്പണംകൊണ്ട് കെട്ടിപ്പടുത്ത പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ഡിപ്പാർട്ടുമെന്റുകളുമെല്ലാം സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി അദാനി, അംബാനി പോലുള്ള കോർപ്പറേറ്റുകൾക്ക് കൈമാറുകയാണ്. രാജ്യത്ത് നിലവിലുണ്ടായിരുന്ന സുപ്രധാനങ്ങളായ 27 തൊഴിൽ നിയമങ്ങൾ റദ്ദ് ചെയ്തുകൊണ്ട്, കോർപ്പറേറ്റുകളുടെ താല്പര്യങ്ങൾക്ക് ഇണങ്ങുംപടി നാല് ലേബർ കോഡുകൾ കൊണ്ടുവന്നു. രാജ്യത്തെ സംഘടിത മേഖലയിലും, അതിബൃഹത്തായ അസംഘടിത മേഖലയിലും പണിയെടുക്കുന്നവരെ ഒരുപോലെ ആക്രമിക്കുകയാണ് കേന്ദ്രസർക്കാർ. നിയമാനുസൃത ശമ്പളം, പെൻഷൻ, വിരമിക്കൽ ആനുകൂല്യങ്ങൾ, മിനിമം വേതനം, സ്ഥിരം തൊഴിൽ, സാമൂഹ്യസുരക്ഷ തുടങ്ങിയവയും ട്രേഡ് യൂണിയൻ അവകാശങ്ങളും ഒന്നടങ്കം നിഷേധിക്കുകയാണ്. കൂടാതെ, തൊഴിലാളികളിലുള്ള വർഗ്ഗബോധവും ഐക്യവും തകർക്കാൻ അന്യമതവിദ്വേഷം, അന്ധത, അശാസ്ത്രീയത, യുക്തിരാഹിത്യം, വികലമായ ചരിത്രബോധം എന്നിവയെല്ലാം ചിട്ടയായി വളർത്തിയെടുക്കുന്നു. രാജ്യത്തെ അതിബൃഹത്തായ അസംഘടിത തൊഴിൽ മേഖലയിൽ കടുത്ത ചൂഷണമാണ് നടമാടുന്നത്. രാജ്യത്തുള്ള 30 കോടിയിലേറെ വരുന്ന കുടിയേറ്റ തൊഴിലാളികളുടെ സ്ഥിതിയാകട്ടെ പരമദയനീയമാണ്. കോവിഡ് കാലത്ത് ഇത് ലോകം കാണുകയുണ്ടായി. പ്ലാറ്റ്ഫോം വർക്കേഴ്സ് എന്നും ഗിഗ് വർക്കേഴ്സ് എന്നുമെല്ലാം അറിയപ്പെടുന്ന ഓൺലൈൻ വ്യാപാര ശൃംഖലയിലെ യുവതൊഴിലാളികളുടെ അവസ്ഥയും ഞെട്ടിപ്പിക്കുന്നതാണ്. കടുത്ത തൊഴിൽചൂഷണം നടക്കുന്ന ഈ തൊഴിൽമേഖലകളിലൊന്നും തൊഴിൽവകുപ്പിന്റെ യാതൊരു ഇടപെടലും തൊഴിലാളികൾക്കനുകൂലമായി ഉണ്ടാകുന്നതേയില്ല. തികഞ്ഞ അരക്ഷിതാവസ്ഥയും അവകാശനിഷേധവുമാണ് തൊഴിലാളികൾ നേരിടുന്നത്.

കേന്ദ്രസർക്കാറിന്റെ തൊഴിലാളിദ്രോഹനയങ്ങൾക്കും ഫാസിസ്റ്റ് ആക്രമണങ്ങൾക്കും എതിരെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ തെരുവിൽ അണിനിരത്താൻ ബാദ്ധ്യതപ്പെട്ടവരാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ. എന്നാൽ, അഖിലേന്ത്യാ തലത്തിൽ ഉയർന്നുവന്ന അത്തരം പ്രക്ഷോഭണങ്ങളുടെ യാതൊരു സാദ്ധ്യതകളും ഉപയോഗപ്പെടുത്താൻ ഇടതുപക്ഷത്തിന്റെ പേരിലുള്ള പല പ്രസ്ഥാനങ്ങളും തയ്യാറായില്ല. കേവലം പാർലമെന്ററി നേട്ടങ്ങളിൽ മാത്രമാണ് അവരുടെ ശ്രദ്ധ. മാത്രമല്ല, ഇടതുപക്ഷത്തിന്റെ പേരുപറഞ്ഞ് അധികാരത്തിലിരിക്കുന്ന സംസ്ഥാനത്തെ പിണറായി വിജയൻ സർക്കാർ ആകട്ടെ, കേന്ദ്ര ബിജെപി സർക്കാറിന്റെ നയങ്ങൾക്ക് ശക്തി പകരുംവിധം അവയെല്ലാം സംസ്ഥാനത്ത് നടപ്പിലാക്കുകയുമാണ്.

കേന്ദ്ര നയം നടപ്പാക്കുന്നതിൽ സംസ്ഥാനത്തെ പരീക്ഷണശാലയായി ഇന്ന് കെഎസ്ആർടിസി എന്ന പൊതുമേഖലാ സ്ഥാപനം മാറിയിരിക്കുന്നു. കാലാകാലങ്ങളിൽ അധികാരത്തിലെത്തിയവർ നടത്തിയ അഴിമതിയുടെയും വെട്ടിപ്പിന്റെയും സ്വജനപക്ഷപാതത്തിന്റെയും ഫലമായി കുമിഞ്ഞുകൂടിയ സാമ്പത്തിക ബാദ്ധ്യതകളെ ചൂണ്ടിക്കാട്ടി, നഷ്ടത്തിന്റെ കണക്കു പറഞ്ഞ് തൊഴിലാളികൾക്ക് ശമ്പളവും വിരമിച്ചവർക്ക് പെൻഷനും സമയത്തിന് കൊടുക്കാതെ അവരെ ആത്മഹത്യയിലേക്കുവരെ തള്ളിവിടുകയാണ്. ഭരിക്കുന്നവർ കരുതിക്കൂട്ടി സൃഷ്ടിച്ച പ്രതിസന്ധിയുടെ പേരുപറഞ്ഞ് സംസ്ഥാനത്തെ അഭിമാനകരമായ ഒരു പൊതുമേഖലാ സ്ഥാപനത്തെ തകർക്കാൻ അതിനകത്തുതന്നെ സ്വിഫ്റ്റ് എന്ന ഒരു സ്വതന്ത്ര കമ്പനി സ്ഥാപിച്ചു. അതിലെ മുഴുവൻ ജീവനക്കാരെയും കേന്ദ്ര ലേബർ കോഡിലെ ഫിക്സഡ് ടേം എംപ്ലോയ്മെന്റ് എന്ന കരാർ വ്യവസ്ഥയിലാണ് നിയമിച്ചത്. 12 മണിക്കൂർ സിംഗിൾ ഡ്യൂട്ടി നടപ്പാക്കിക്കൊണ്ട് മെയ്ദിന പോരാട്ടത്തിലൂടെ സ്ഥാപിച്ച 8 മണിക്കൂർ ജോലി സംസ്ഥാനത്ത് അട്ടിമറിച്ചു.

കെഎസ്ആർടിസിയിൽ തുടങ്ങിവച്ച ഇത്തരം തൊഴിലാളി വിരുദ്ധ നയങ്ങൾ കെഎസ്ഇബി, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് സർക്കാരിന്റെ നീക്കം. തൊഴിലാളി താൽപര്യങ്ങളെ തകർക്കുന്ന കോർപ്പറേറ്റ് അജണ്ടയായ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്' ആണ് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത തൊഴിൽ-വ്യവസായ നയം. കേന്ദ്രത്തിന്റെ ലേബർ കോഡുകൾക്ക് തങ്ങൾ എതിരാണെന്ന് പറഞ്ഞുകൊണ്ടുതന്നെ, ലേബർ കോഡുകൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് റൂളുകൾക്കും രൂപം കൊടുത്തുകഴിഞ്ഞു.

ഇപ്രകാരം, കേന്ദ്ര-സംസ്ഥാന സർക്കാറുകൾ തൊഴിലാളി വർഗ്ഗത്തിനെതിരെ സംഘടിതമായ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം മേയ്ദിനാചരണം വെറുമൊരു ആഘോഷമല്ല, വീറുറ്റ പ്രക്ഷോഭണത്തിനുള്ള ഒരുക്കംകൂട്ടലായി തന്നെ അത് ആചരിക്കപ്പെടണം.

തൊളിലാളി പ്രസ്ഥാനങ്ങളെ പിടിമുറുക്കിയിരിക്കുന്ന സാമ്പത്തിക വാദം, പരിഷ്കരണവാദം, പാർലമെന്ററിവാദം തുടങ്ങിയ എല്ലാ തരത്തിലുമുള്ള ദുഃസ്വാധീനങ്ങളിൽനിന്നും തൊഴിലാളികളെ മോചിപ്പിക്കണം. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ സ്ഥാപക നേതാവും എഐയുടിയുസിയുടെ മുൻപ്രസിഡന്റും, തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ ആചാര്യനും, പ്രമുഖ മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകൾ ഇക്കാര്യത്തിൽ നമുക്ക് കൃത്യമായ ദിശാബോധം പ്രദാനം ചെയ്യുന്നുണ്ട്.

തൊഴിലാളിവർഗ്ഗ സാർവ്വദേശീയത മുറുകെപ്പിടിച്ചുകൊണ്ട് എല്ലാവിധത്തിലുള്ള അരാഷ്ട്രീയതയെയും അരാജകത്വ ചിന്തകളെയും നിരാശാബോധത്തെയും യുക്തിസഹമായി നേരിട്ടുകൊണ്ട് ശക്തമായ തൊഴിലാളി പ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ തൊഴിലാളികൾക്ക് കഴിയണം. മുതലാളിവർഗ്ഗം സാർവ്വദേശീയമായും ദേശീയമായും ഉയർത്തിയിട്ടുള്ള കടുത്ത വെല്ലുവിളികളെ നേരിടാൻ അക്ഷീണം പ്രവർത്തിക്കുമെന്ന പ്രതിജ്ഞ എടുക്കേണ്ട സന്ദർഭമാണിത്. ■

---

(6-ാം പേജിൽ നിന്ന്)

രുമാനിക്കപ്പെടുന്നത് ധനശക്തിയും പേശിബലവും മാധ്യമ ശക്തിയും ഭരണസംവിധാനത്തിന്റെ പിൻബലവും ചേർന്നാണെന്ന് നമ്മുടെ പാർട്ടി ദീർഘകാലമായി പറഞ്ഞു വരുന്നതാണ്. ഇലക്ടറൽ ബോണ്ട് സംഭവങ്ങൾ ഇത് സാക്ഷ്യപ്പെടുത്തുന്നു. സംശയകരമായ മാർഗ്ഗത്തിലൂടെ സ്വരൂപിക്കപ്പെടുന്ന കോർപ്പറേറ്റ് ധനശക്തിയുടെ കാര്യമായ ഒരു ഭാഗം വോട്ട് വാങ്ങാൻ വേണ്ടി വിനിയോഗിക്കുന്നു. ശിക്ഷാ നടപടികളിൽനിന്ന് ഒഴിവാകാനായി എല്ലായ്പ്പോഴും ഭരിക്കുന്ന പാർട്ടിയുടെ തണലിൽ അഭയം തേടുന്ന ക്രിമിനലുകളെയും സാമൂഹ്യവിരുദ്ധരെയും ഈ കറപുരണ്ട പണം ഉപയോഗിച്ച് വിലക്ക് വാങ്ങുവാനും പാർട്ടികളുടെ ആവശ്യങ്ങൾക്കായി നിയോഗിക്കാനും വളരെ എളുപ്പമാണ്. മാധ്യമങ്ങൾ മിക്കവാറുമെല്ലാം ഇപ്പോൾ കോർപ്പറേറ്റുകളുടെ ഉടമസ്ഥതയിലാണ്. അതിനാൽ തന്നെ കുത്തകമുതലാളിമാരുടെ വിശ്വസ്തരായ പാർട്ടിക്ക് പിന്തുണ നൽകാൻ പരിശീലിപ്പിക്കപ്പെട്ടവരാണ് അവർ. ഒടുവിൽ, ഭരണയന്ത്രത്തിന്റെ മുഖ്യഭാഗവും കയ്യാളുന്ന അന്വേഷണ ഏജൻസികളെയും ബ്യൂറോക്രസിയെയും പ്രതിപക്ഷത്തെ ഉപദ്രവിക്കാനും വോട്ടെടുപ്പിൽ ശക്തരായ ഭരണകക്ഷിക്ക് അനുകൂലമായി വോട്ടെടുപ്പിനെ മാറ്റാൻ വേണ്ടിയും നഗ്നമായി ഉപയോഗിക്കുന്നു. ഒരു പാർട്ടി കോർപ്പറേറ്റ് ഭീമൻമാരിൽനിന്ന് വൻതോതിൽ പണം കൈപ്പറ്റിയാൽ, ജനങ്ങളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി അവർക്ക് നിക്ഷിപ്ത താല്പര്യങ്ങൾക്ക് വേണ്ടി സേവനം നടത്തേണ്ടി വരും എന്നതും വ്യക്തമാണ്. അടിച്ചമർത്തപ്പെട്ട ജനകോടികൾ ഈ സത്യം ഉൾക്കൊള്ളാൻ സമയം അതിക്രമിച്ചിരിക്കുന്നു. രാഷ്ട്രീയ പ്രബുദ്ധത ആർജിക്കാൻ ശ്രമിക്കുക. അങ്ങേയറ്റം ദുർഗന്ധപൂരിതവും അഴിമതി ഗ്രസ്തവുമായ ബൂർഷ്വാ രാഷ്ട്രീയത്തിന് കീഴടങ്ങണോ, അതോ ഈ കുടിലമായ കൂട്ടുകെട്ടിനെതിരെ ഉറച്ച് നിലകൊണ്ട് അതിൽനിന്ന് കുതറി പുറത്ത് കടക്കാനുള്ള ധൈര്യം സമാഹരിക്കണമോ എന്ന് തീരുമാനിക്കണം. ■

# മൂടിവയ്ക്കാനാകാത്ത പട്ടിണി, ഊതിപ്പെരുപ്പിച്ച വികസനത്തിന്റെ പൊള്ളത്തരം തുറന്നുകാട്ടുന്നു

**ആ**ഗോള പട്ടിണി സൂചിക(Global Hunger Index) വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു രാജ്യത്തെ ഭക്ഷ്യലഭ്യതയുടെ നിലവാരം അളക്കാനുള്ള മാർഗ്ഗമാണ്. ലഭ്യമായ ഏറ്റവും പുതിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നാട്ടിലെ കുട്ടികളിൽ കാണുന്ന വളർച്ചാകുറവ്, അഞ്ചുവയസ്സിനുതാഴെയുള്ള കുഞ്ഞുങ്ങളിലെ മരണനിരക്ക്, അത്തരം കുഞ്ഞുങ്ങളിലെ ഭാരക്കുറവ്, പൊതുവായ പോഷകാഹാരത്തിന്റെലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഒരു രാജ്യത്തെ പട്ടിണിയുടെ തീവ്രത 1 മുതൽ 100വരെയുള്ള ഒരു നമ്പറായി കണക്കാക്കുന്നതാണ് ഈ സൂചിക. ഇത് പത്തിൽ താഴെയാണെങ്കിൽ പട്ടിണി കുറവാണെന്നും 10നും 20നുമിടയിലാണെങ്കിൽ മിതാവസ്ഥയിലാണെന്നും കണക്കാക്കുന്നു. 20നും 30നുമിടയിലാണെങ്കിൽ വളരെ തീവ്രമായ പട്ടിണിയാണ് ആ നാട്ടിൽ. 2023ൽ ഇന്ത്യയുടെ സൂചിക 28.7 ആണ്. ലോകത്ത് 111-ാം സ്ഥാനത്താണ് ഇന്ത്യ. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പെട്ടുഴലുന്ന പാകിസ്ഥാന്റെ GHI 26.6 ആണ്. ലോകത്ത് 102-ാംസ്ഥാനത്ത്. ബംഗ്ലാദേശിന്റെ GHI 19 ആണ്, 81-ാം സ്ഥാനത്ത്. എന്തിന്, യുദ്ധംകൊണ്ടും ആഭ്യന്തര കലഹങ്ങൾകൊണ്ടും തകർക്കപ്പെട്ട ശ്രീലങ്കയും ഇറാഖും യഥാക്രമം 60, 64 സ്ഥാനങ്ങളിലാണ്.

ഇന്ത്യയിലെ ജനകോടികൾക്ക് അവശ്യംവേണ്ടുന്ന ഭക്ഷണംപോലും ആഢംബരമാണ് എന്നാണ് ഈ സൂചിക കാണിക്കുന്നത്. അതായത് നൂറുകോടി ഇന്ത്യക്കാർക്കും ആരോഗ്യകരമായ ഭക്ഷണം ഒരുനേരം കഴിക്കാൻപോലുമുള്ള പാങ്ങില്ല. (Down to earth, 17-10-22). രാജ്യത്തിന്റെ 74 ശതമാനംപേർക്ക് അതായത് നാലിൽ മൂന്ന് പേർക്കും ഒരു നേരത്തെ പോഷകാഹാരംപോലും ലഭിക്കുന്നില്ല. എങ്കിൽ എന്തുതരം രാജ്യമാണ് എഴുപത്തിയഞ്ചുവർഷങ്ങൾകൊണ്ട് നാം കെട്ടിപ്പടുത്തിരിക്കുന്നത്. എന്നാൽ നിരീക്ഷകരെയെല്ലാം അത്ഭുതപ്പെടുത്തുന്ന മറ്റൊരു വസ്തുതകൂടെയുണ്ട്. ലോകത്തിലെതന്നെ ഏറ്റവും ധനികരായ പതിനാല് ശതകോടീശ്വരന്മാർ ഇന്ത്യയിൽ നിന്നാണ്. ഇതെങ്ങനെ സംഭവിക്കുന്നു. കഴിഞ്ഞ ഒരു പതിറ്റാണ്ടായി ബിജെപിയുടെ സാമ്പത്തിക വിശാരദന്മാർ നമ്മോട് പറയുന്ന് രാജ്യം അതിവേഗം വികസിക്കുകയാണ് എന്നാണല്ലോ. ഇങ്ങനെ സാമ്പത്തികമായും സാങ്കേതികമായും ധ്രുതഗതിയിൽ വികസിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിൽ ജനങ്ങൾക്ക് അവരുടെ പ്രാഥമികമായ ഭക്ഷണംപോലും മര്യാദയ്ക്ക് ലഭിക്കാത്തത് എന്തുകൊണ്ടാണ്. ലോകത്തിലെ പട്ടിണിക്കാരുടെ മൂന്നിലൊന്നും ജീവിക്കുന്നത് ഇന്ത്യയിലാണ്.

### സാമ്പത്തിക അസമത്വമാണ് മൂലകാരണം

ഇന്ത്യയിലെ പട്ടിണിയുടെ മൂലകാരണം നാമിവിടെ ഭക്ഷണം ഉൽപാദിപ്പിക്കാത്തതല്ല, ആവശ്യത്തിന് വിഭവങ്ങളില്ലാത്തതുമല്ല. മറിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വവും ചൂഷണവും കാരണമാണ് നമ്മുടെ നാട്ടിൽ ഇത്രയും പേർ പട്ടിണി കിടക്കേണ്ടിവരുന്നത്. ഒരുപിടിവരുന്ന ശതകോടീശ്വരന്മാരുടെ സമ്പത്ത് വർദ്ധിപ്പിക്കുന്നതാണ് ഇന്ന് രാജ്യത്തിന്റെ പുരോഗതിയായി കൊട്ടിഘോഷിക്കപ്പെടുന്നത്. എന്നാൽ ഇത് കോടിക്കണക്കിന് സാധാരണക്കാരുടെ അദ്ധ്വാനം പിഴിഞ്ഞൂറ്റിയുണ്ടാക്കുന്ന വികസനമാണ് എന്ന യാഥാർത്ഥ്യമാണ് GHI നമ്മോടുപറയുന്നത്. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന ഭീമമായ അസമത്വം കാരണമാണ് പുഴക്കളെപ്പോലെ മനുഷ്യർ പുളയ്ക്കുന്ന ചേരികൾക്ക് നടുവിൽ വൻപണക്കാരുടെ രമ്യഹർമ്മങ്ങൾ ഉയരുന്നത്. അവരുടെ സമ്പത്ത് സത്യത്തിൽ ചുറ്റുമുള്ള മനുഷ്യരെ ചൂഷണം ചെയ്ത് ഉണ്ടാക്കിയതാണ്.

ഇരുപത് കോടിയോളം ഇന്ത്യക്കാർക്ക് ദിവസം ഒരുനേരംപോലും ഭക്ഷണം ലഭിക്കുന്നില്ല. പട്ടിണിയുമായി ബന്ധപ്പെട്ട അസുഖങ്ങളാൽ ദിനംപ്രതി ഏഴായിരത്തോളം ഇന്ത്യക്കാരാണ് മരിക്കുന്നത്. അതേസമയം 318 കോടിരൂപയുടെ ഭക്ഷണം ഒരു ദിവസം ഇന്ത്യയിൽ പാഴായി പോകുന്നുണ്ട്. (14 billion dollar per year, unicef report) നീതിയുക്തമായ വിതരണസംവിധാനമുണ്ടെങ്കിൽ ഭക്ഷണം ലഭിക്കാത്തവർക്ക് ഒരു നേരം കൊടുക്കാൻ പാഴായിപ്പോകുന്ന ഭക്ഷണം മാത്രം മതിയെന്ന് ചുരുക്കം.

### ഇന്ത്യൻ കർഷകരുടെ ദുരവസ്ഥ

പട്ടിണിയുടെ കാരണമന്വേഷിച്ച് പോകുമ്പോൾ ഇന്ത്യയിലെ കർഷകരുടെ ജീവിതംകൂടെ കാണേണ്ടതുണ്ട്. ഈ രാജ്യത്തെ അന്നമൂട്ടാനായി രാപകൽ പണിയെടുക്കുന്ന നമ്മുടെ കർഷകരിൽ വലിയൊരു വിഭാഗംതന്നെ മതിയായ ഭക്ഷണം ലഭിക്കാതെ പട്ടിണി കിടക്കുകയാണ്. കാർഷികോൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നില്ല. കർഷകരുടെ കഴുത്തറ്റം വരുന്നകടം. കൃഷിക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ തീപിടിച്ച വില, മതിയായ ജലസേചനസൗകര്യങ്ങളുടെ അഭാവം, വിള ഇൻഷ്വറൻസ് എന്ന പേരിലുള്ള പ്രഹസനം, മാറിമാറിവരുന്ന വരൾച്ചയും വെള്ളപ്പൊക്കവും എല്ലാംകൂടെ നമ്മുടെ കാർഷികരംഗത്തെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. തങ്ങളുടെ അദ്ധ്വാനത്തിന് മതിയായ പ്രതിഫലം ലഭിക്കാത്തതിനാൽ കർഷകർക്ക് തങ്ങളുടെ കുടുംബത്തെപ്പോലും നേരാംവണ്ണം ഊട്ടാൻ പറ്റാത്ത അവസ്ഥയിലാണ്.

സ്വന്തമായി കൃഷിഭ്രൂമിയില്ലാത്ത കൃഷിക്കാരും കർഷകത്തൊഴിലാളികളുടെയുമെണ്ണം വർദ്ധിച്ചുവരുന്നു. വാടകകൃഷിയും അതിനനുസൃതമായി കൂടുന്നു. സ്വകാര്യമൂലധനവും കൃഷി അഡ്മിനിസ്ട്രേറ്റർമാരും മധ്യവർത്തികളും കരിഞ്ചന്തക്കാരും ഭരണരാഷ്ട്രീയത്തിലെ ദല്ലാൾമാരും ചേർന്നുള്ള അവിശുദ്ധ കോക്കസ് ഈ സാഹചര്യം പരമാവധി മുതലെടുക്കുകയാണ്. മുതലാളിത്ത കാർഷികമേഖലയെ ബാധിച്ചിരിക്കുന്നഅഭ്രുതപൂർവമായ പ്രതിസന്ധിയുടെ ലക്ഷണങ്ങളാണ് ഇതൊക്കെ. കടക്കെണിയിൽ പെട്ടുഴലുന്ന കർഷകർക്കുമുമ്പിൽ ആത്മഹത്യയല്ലാതെ മറ്റ് പോംവഴികളൊന്നുമില്ലെന്ന് വരുന്നു. കർഷക ആത്മഹത്യകൾ വർദ്ധിച്ചുവരുന്നു. വമ്പൻ കോർപ്പറേറ്റുകൾക്കുവേണ്ടി കൃഷിഭ്രൂമി ഏറ്റെടുക്കുന്നതും ഈ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമ്രാജ്യത്വ മുതലാളിത്ത നയങ്ങളും ചെറുകിട കർഷകരെ കൃഷിഭ്രൂമിയിൽനിന്ന് പറിച്ചെറിയുന്നു. പട്ടിണി ഫലപ്രദമായി ഇല്ലായ്മ ചെയ്യണമെങ്കിൽ സമ്പൂർണമായ കാർഷിക പരിഷ്ക്കാരങ്ങൾ നടപ്പാക്കുകയും കൃഷിഭ്രൂമി കർഷകർക്ക് വിതരണം ചെയ്യുകയും വേണമെന്നതാണ് മാർക്സിസ്റ്റ് നിപാട്. അങ്ങനെ മാത്രമേ അസമത്വത്തിന്റെയും പട്ടിണിയുടെയും മൂലകാരണങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

### ദുർബല ജനവിഭാഗങ്ങൾ കൂടുതൽ ദുരിതമനുഭവിക്കുന്നു

ഇന്ത്യൻ സമൂഹത്തിൽ ആഴത്തിൽ അടിയുറച്ചിരിക്കുന്ന ജാതിവ്യവസ്ഥ പട്ടിണി രൂക്ഷമാക്കുന്നു. ചരിത്രപരമായി പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ വളരാനുള്ള എല്ലാ അവസരങ്ങളും വ്യവസ്ഥാപിതമായിത്തന്നെ നിഷേധിക്കപ്പെട്ടവർ, ഇവരാണ് ഈ ദുരിതത്തിന്റെ വലിയൊരു പങ്കം അനുഭവിക്കുന്നത്. പോഷകാഹാരക്കുറവും പട്ടിണിയും ഏറ്റവും കൂടുതൽ വ്യാപകമായിരിക്കുന്നത് ദളിത് ആദിവാസി ജനവിഭാഗങ്ങൾക്കിടയിലാണ്. ജാതിവ്യവസ്ഥ പടുത്തുയർത്തിയിരിക്കുന്ന അദൃശ്യമായ തടസ്സങ്ങൾ കാരണം, ഈ ജനവിഭാഗങ്ങൾക്ക് അന്തസ്സായ ഒരു ജീവിതം പോയിട്ട്, നിലനിൽക്കാനുള്ള പ്രാഥമികമായ വിഭവങ്ങൾപോലും നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇവരിൽതന്നെ സ്ത്രീകളും കുട്ടികളും ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നു. സമൂഹത്തിലാകെ നിലനിൽക്കുന്ന ലിംഗവിവേചനം മൂലം സ്ത്രീകൾക്ക് അടിസ്ഥാന ആവശ്യങ്ങളും വിഭവങ്ങളും നിഷേധിക്കപ്പെടുന്നു. ഈ വിഭാഗങ്ങൾക്കിടയിൽ സ്ത്രീകളിൽ പ്രത്യേകിച്ചും രക്തക്കുറവ്(anemia) വളരെ സാധാരണമാണ്. ഇത് കുഞ്ഞുങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. നമ്മുടെ നാടിന്റെ വരുംതലമുറയെ ആരോഗ്യമില്ലാത്തവരാക്കിമാറ്റുന്നു.

നാലായിരത്തോളം കുഞ്ഞുങ്ങളാണ് ഓരോ ദിവസവും ഇന്ത്യയിൽ മരിക്കുന്നത്. ഇതിൽത്തന്നെ മൂന്നിലൊന്ന്, കുഞ്ഞുങ്ങൾ മരിക്കുന്നത് മതിയായ പോഷകാഹാരത്തിന്റെ കുറവുകൊണ്ടാണ്. ഓരോ വർഷവും അഞ്ചുലക്ഷത്തിലേറെ കുട്ടികൾ നമ്മുടെ നാട്ടിൽ ആഹാരം കിട്ടാത്തതുകൊണ്ട് മരിക്കുന്നു. *(ഇന്ത്യൻ എക്സ്പ്രസ്സ്, 26-07-18)*

പലവിധ പരാധീനതകളോടെയും പരിമിതികളോടെയുമാണെങ്കിലും ഒരു പൊതുവിതരണ സംവിധാനം നാട്ടിലുണ്ട്. കൂടാതെ സർക്കാരുകൾ കാലാകാലങ്ങളിൽ പോഷകാഹാരം വിതരണം ചെയ്യുന്നതിനായി നിരവധി പദ്ധതികളും പ്രഖ്യാപിക്കാറുണ്ട്. എന്നിട്ടും വലിയൊരു വിഭാഗം ജനങ്ങൾക്ക് ഭക്ഷണം എത്തുന്നില്ല എങ്കിൽ അതിന്റെ പ്രധാനകാരണം അസമത്വത്തിലും ചൂഷണത്തിലും അധിഷ്ഠിതമായ ഈ മുതലാളിത്ത വ്യവസ്ഥതന്നെയാണ്. മുതലാളിത്ത ചൂഷണത്തിന്റെ തിക്തഫലങ്ങൾ പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതാണ് നിയന്ത്രണാതീതമായ അഴിമതി, ഗവൺമെന്റ് അഡ്മിനിസ്ട്രേഷന്റെ ഉത്തരവാദിത്തമില്ലായ്മയും അവർ സൃഷ്ടിക്കുന്ന ബ്യൂറോക്രാറ്റിക് പ്രതിബന്ധങ്ങളും. ജനങ്ങൾക്ക് മിനിമം കലോറി ഉറപ്പാക്കാൻവേണ്ടി അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിലാണ് നമ്മുടെ ഔദ്യോഗിക സംവിധാനങ്ങൾ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കേണ്ടത്. എന്നാൽ ആവശ്യമായ മറ്റ് പോഷകാഹാരങ്ങൾ ലഭ്യമാകാത്തതിനാലുള്ള അദൃശ്യമായ പട്ടിണി(hidden hunger) കൂടാൻ അത് കാരണമാകുന്നുണ്ട്. ദുരമൂത്ത മുതലാളിത്തത്തിന്റെ എല്ലാ നിയന്ത്രണങ്ങളും മറികടന്നുള്ള പ്രകൃതി നശീകരണവും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗവും ആഗോളതാപനത്തിന് ആക്കം വർദ്ധിപ്പിച്ചിച്ചിരിക്കുകയാണ്. അതുമൂലമുള്ള കാലാവസ്ഥാവ്യതിയാനം കൃഷിയുടെ താളം തെറ്റിച്ചിരിക്കുകയാണ്. കർഷകരുടെയും മറ്റ് ചൂഷിതജനവിഭാഗങ്ങളുടെയും ദുരിതം വർദ്ധിപ്പിക്കാൻ ഇതും കാരണമാകുന്നുണ്ട്.

### ഭക്ഷ്യധാന്യങ്ങൾ ഗവൺമെന്റ് നേരിട്ട് വിതരണം ചെയ്യണം

ഇന്ത്യയിലെ ഭക്ഷ്യപ്രതിസന്ധി നമ്മുടെ ഭരണവർഗ്ഗത്തിന്റെ തലതിരിഞ്ഞ നയങ്ങൾ കാരണമുണ്ടാകുന്നതാണ് എന്ന് വ്യക്തമാണ്. പുതിയ GHI റാങ്കിംഗ് നമ്മെ ആലസ്യത്തിൽനിന്നും തട്ടിയുണർത്തണം. നമ്മുടെ ഭരണാധികാരികൾ ജനങ്ങളിൽ ഏറ്റവും ദുർബലരോടുള്ള ഉത്തരവാദിത്തം നിറവേറ്റേണ്ടതുണ്ട് എന്ന് അത് ഓർമ്മിപ്പിക്കുന്നു. പതിറ്റാണ്ടുകളായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനവിരുദ്ധമായ നയങ്ങളുടെ ബാക്കിപത്രമാണ് ഇന്ന് നാം കാണുന്നത്. ഗവൺമെന്റിന്റെ സ്റ്റാറ്റിറ്റിക്സ് വിദഗ്ദ്ധന്മാർ എത്രതന്നെ മറച്ചുവയ്ക്കാൻ ശ്രമിച്ചാലും തെളിഞ്ഞുനിൽക്കുന്ന ഒരു വലിയ ചോദ്യചിഹ്നം. ശരിയായ വികസനമെന്നത് ജിഡിപിയിലുണ്ടാകുന്ന പുരോഗതിയല്ല-അതുതന്നെ കെട്ടിച്ചമയ്ക്കുന്നതാണ്-മറിച്ച് എല്ലാ ഇന്ത്യക്കാർക്കും ജീവന്റെ പ്രാഥമികമായ ആവശ്യമായ ഭക്ഷണം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയാണ്.

മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനിഷ്ഠമായി പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത് ഈ ദയനീയമായ GHI റാങ്കിംഗിന്റെ പ്രധാന കാരണം ഇന്ത്യയിൽ നിലനിൽക്കുന്ന വ്യവസ്ഥാപിതമായ ഉച്ചനീചത്വങ്ങളും മുതലാളിത്തം സൃഷ്ടിക്കുന്ന സാമ്പത്തിക അസമത്വവുമാണെന്നാണ്. സമ്പത്തും വിഭവങ്ങളും ഈ നാട്ടിലെ ഒരു പിടിവരുന്ന മുതലാളിമാർ കൈയടക്കിവച്ചിരിക്കുന്നു. അനിയന്ത്രിതമായ ചൂഷണവും അന്യായമായ തൊഴിൽ നയങ്ങളും സാധാരണക്കാരെ കൂടുതൽ ദാരിദ്ര്യത്തിലേയ്ക്ക് തള്ളിവിടുന്നു. മുതലാളിവർഗ്ഗത്തിന് ഏതുവിധേനയും തങ്ങളുടെ സമ്പത്ത് വർദ്ധിപ്പിക്കുക എന്ന ഒരു ലക്ഷ്യമേയുള്ളൂ. അതിന് കുടപിടിക്കുകയാണ് നമ്മുടെ നാട് ഭരിച്ചുകൊണ്ടിരിക്കുന്നവർ ചെയ്യുന്നത്. തൊഴിലാളികളും കർഷകരും മറ്റ് ദുർബലജനവിഭാഗങ്ങളുമാണ് ഇതിന്റെ വില കൊടുക്കുന്നത്. മുതലാളിത്തം അവസാനിക്കാതെ ഇതിനൊരു പരിഹാരമില്ല. എന്നിരിക്കിലും ജനങ്ങളുടെ ദുരിതം അൽപമൊന്ന് ശമിപ്പിക്കാൻ ശരിയായ നയരൂപീകരണം കൊണ്ട് സാധിക്കും. നമ്മുടെ പാർട്ടി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കഴിഞ്ഞ എഴുപത് വർഷമായി ആവശ്യപ്പെടുന്നത് എല്ലാ ഭക്ഷ്യധാന്യങ്ങളും പൊതുവിതരണ സമ്പ്രദായത്തിലൂടെ സമാഹരിച്ച് വിതരണം ചെയ്യണം എന്നാണ്. ഭക്ഷ്യധാന്യങ്ങൾ സമാഹരിക്കാനോ വിതരണം ചെയ്യാനോ അതുവഴി ലാഭമുണ്ടാക്കാനോ സ്വകാര്യമൂലധനത്തെ അനുവദിക്കരുത്. ഗവൺമെന്റുതന്നെ മതിയായ വിലകൊടുത്ത് ഭക്ഷ്യധാന്യങ്ങൾ ഉൽപാദിപ്പിക്കുന്ന കർഷകരിൽനിന്ന് നേരിട്ടുവാങ്ങി, അത് ജനങ്ങൾക്ക് മിതമായ വിലയ്ക്ക് വിതരണം ചെയ്യണം. അങ്ങനെ മാത്രമേ നമ്മുടെ നാട്ടിലെ ഭക്ഷ്യദൗർലഭ്യതയ്ക്ക് നേരിയ രീതിയെലെങ്കിലും ശമനമുണ്ടാകുകയുള്ളൂ. ■

# പാർട്ടി ഓഫ് കമ്മ്യൂണിസ്റ്റ്സ്, യുഎസ്എയുടെ നാലാം കോൺഗ്രസിന് വിപ്ലവാഭിവാദ്യങ്ങൾ

സഖാവ് എഞ്ചലോ ഡി ഏഞ്ചലോ
ജനറൽ സെക്രട്ടറി
പാർട്ടി ഓഫ് കമ്മ്യൂണിസ്റ്റ്സ്, യുഎസ്എ

പ്രിയ സഖാവെ,

2024 ഏപ്രിൽ മാസത്തിൽ താങ്കളുടെ പാർട്ടി, പിസിയുഎസ്എ, അതിന്റെ നാലാം കോൺഗ്രസ് നടത്താൻ പോകുന്ന എന്നറിയുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. സാമ്രാജ്യത്വത്തിന്റെയും പിന്തിരിപ്പൻ ശക്തികളുടെയും ഹൃദയഭൂമിയിൽതന്നെ, താങ്കളുടേതു പോലെയൊരു കമ്മ്യൂണിസ്റ്റ് പാർട്ടി, മാർക്സിസം-ലെനിനിസത്തിന്റെ കൊടിക്കൂറയുയർത്തിപ്പിടിച്ചുകൊണ്ട് വിപ്ലവകരമായ സാമൂഹിക-രാഷ്ട്രീയ മാറ്റത്തിനുവേണ്ടി തൊഴിലാളിവർഗ്ഗത്തെയും അധ്വാനിക്കുന്ന ജനങ്ങളെയും സംഘടിപ്പിക്കുന്നതിനായി പ്രവർത്തിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നുവെന്നത് ഏറെ ആഹ്ലാദകരമാണ്.

സാമ്രാജ്യത്വ-മുതലാളിത്തലോകം ഒന്നടങ്കം ആഴത്തിലുള്ള പ്രതിസന്ധികളിൽ കുടുങ്ങി കരകയറാനാകാതെയിരിക്കുന്ന സമയത്താണ് നിങ്ങൾ നിങ്ങളുടെ പാർട്ടി കോൺഗ്രസ് നടത്തുന്നത്. ഈ പ്രതിസന്ധി സാമ്പത്തികരംഗത്തു മാത്രമല്ല. ജനങ്ങളുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളേയും അത് ഗ്രസിച്ചിരിക്കുന്നു, അങ്ങനെ മാർക്സിന്റെ പ്രവചനങ്ങൾ സത്യമെന്ന് തെളിയിക്കുകയും ചെയ്തിരിക്കുന്നു. ജനങ്ങളുടെ ജീവിതത്തിൽ മുമ്പുണ്ടായിട്ടില്ലാത്ത തരത്തിലുള്ള ദുരിതങ്ങൾ ബാധിച്ചിരിക്കുന്നത് അങ്ങേയറ്റത്തെ അമർഷത്തിനു ജന്മം നൽകുകയും, ക്രൂരമായ അടിച്ചമർത്തലുകളെപ്പോലും നേരിട്ടുകൊണ്ട് തെരുവിലിറങ്ങി പ്രതിഷേധിക്കാൻ അവരെ നിർബന്ധിതരാക്കുകയും ചെയ്യുന്നു. വിവിധ വിഭാഗങ്ങളിലുള്ള അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പ്രതിഷേധത്തിരമാലകൾ, നിത്യേനയെന്നോണം മിക്കവാറും എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളിലും ഉണ്ടാകുന്നുവെങ്കിലും അതൊക്കെയിനിയും ഒരു യുക്തിപരമായ അന്ത്യത്തിലേക്ക് എത്തിയിട്ടില്ല. വിപ്ലവത്തിനുള്ള വസ്തുനിഷ്ഠ സാഹചര്യം പൂർത്തീകരിച്ചുവെങ്കിലും ആത്മനിഷ്ഠസാഹചര്യം ആയിട്ടില്ല.

യുഎസ് സാമ്രാജ്യത്വവും അതിന്റെ യുദ്ധമുന്നണിയായ നാറ്റോയും ഇപ്പോൾ റഷ്യൻ സാമ്രാജ്യത്വത്തിനെതിരെ യുക്രെനിലും പലസ്തീനെതിരെ ഗാസയിലും നിഴൽ യുദ്ധം നടത്തി ഭീകരമായ നാശനഷ്ടങ്ങളും നിരപരാധികളുടെ ജീവഹാനിയും വരുത്തിക്കൊണ്ടിരിക്കുന്നു. മഹാനായ സ്റ്റാലിന്റെ നേതൃത്വത്തിനു കീഴിൽ സോവിയറ്റ് യൂണിയൻ വിജയം വരിച്ച രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം, കോളനികളിലും അർദ്ധ-കോളനികളിലും സാമ്രാജ്യത്വവിരുദ്ധ സ്വാതന്ത്ര്യപ്പോരാട്ടങ്ങളുടെ വമ്പിച്ച തരംഗമുണ്ടായി. ഒപ്പം, പ്രധാന മുതലാളിത്തരാജ്യങ്ങളിൽ തൊഴിലാളിവർഗ്ഗ പോരാട്ടങ്ങളും അലയടിച്ചു. മഹാനായ മാവോയുടെ നേതൃത്വത്തിനുകീഴിൽ ചൈനയിലെ വിപ്ലവത്തിനുണ്ടായ വിജയം ഇതിന് കൂടുതൽ പ്രോത്സാഹനമേകി. പക്ഷേ മഹാനായ സ്റ്റാലിന്റെ നിര്യാണത്തിനുശേഷം, സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വം ക്രൂഷ്ചേവൈറ്റ് തിരുത്തൽവാദികൾ കൈയടക്കി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ സമുന്നതനായ മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷ് 1956ൽ തന്നെ മുന്നറിയിപ്പ് നൽകിയതു പോലെ, മഹാനായ സ്റ്റാലിന്റെ ആധികാരികതയെ തള്ളിപ്പറയുകയെന്നത് ലെനിനെത്തന്നെ തള്ളിക്കളയുന്നതിലേക്കാകും നയിക്കുക. വാസ്തവത്തിൽ, തിരുത്തൽവാദത്തിന്റെ സ്വാധീനത്തിനെതിരെ തക്കസമയത്തുള്ള പോരാട്ടം നടത്തി പുറന്തള്ളുന്നില്ലായെങ്കിൽ, അത് ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെത്തന്നെ ചവിട്ടിത്താഴ്ത്തുകയും പ്രതിവിപ്ലവത്തിന് തിരികൊളുത്തുകയും ചെയ്യും എന്ന് അദ്ദേഹം മുന്നറിയിപ്പ് തന്നിരുന്നു. ആദ്യം സോവിയറ്റ് യൂണിയനിലും പിന്നീട് ചൈനയിലും ഇത് യഥാർത്ഥത്തിൽ സംഭവിച്ചു എന്നതാണ് വസ്തുത. പക്ഷേ, ഞങ്ങളുടെ പാർട്ടിയുടെ യഥാസമയത്തുള്ള ചൂണ്ടിക്കാണിക്കൽ ലോക കമ്മ്യൂണിസ്റ്റുകളോട് ആശയവിനിമയം ചെയ്യാൻ സാധിച്ചില്ല.

ഇന്ത്യയിൽ ഞങ്ങളുടെ പാർട്ടി, മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയാൽ സായുധരായി ഇന്ത്യയിലെ സാമ്രാജ്യത്വ-മുതലാളിത്തത്തിനെതിരെ വർഗ്ഗ-ബഹുജന പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും, അതോടൊപ്പം തന്നെ, തിരുത്തൽവാദത്തിനും പരിഷ്കരണവാദികളായ കപടകമ്മ്യൂണിസ്റ്റ് പാർട്ടികൾക്കുമെതിരെ പ്രത്യയശാസ്ത്ര പോരാട്ടങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതോടൊപ്പം തന്നെ, തൊഴിലാളിവർഗ്ഗ സംസ്കാരത്തിലും നൈതികതയിലും അധിഷ്ഠിതമായ കമ്മ്യൂണിസ്റ്റ് സ്വഭാവത്തിന്റെ നിലവാരത്തെ നിരന്തരം ഉയർത്തുന്നതിനുള്ള വിട്ടുവീഴ്ച്ചയില്ലാത്ത സമരത്തിലും ഏർപ്പെടുന്നു. മാർക്സിസം-ലെനിനിസവും തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയും അടിസ്ഥാനമാക്കി പരസ്പരം സഹോദരബന്ധം വികസിപ്പിച്ചുകൊണ്ട് ലോക കമ്മ്യൂണിസ്റ്റ് മുന്നേറ്റത്തെ വളർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുകയെന്നതാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്ന് ഞങ്ങൾ കരുതുന്നു. ഈ ലക്ഷ്യത്തിനായി പ്രവർത്തിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

വിപ്ലവം നീണാൾ വാഴട്ടെ!

വിപ്ലവാഭിവാദ്യങ്ങളോടെ,

**പ്രൊവാഷ് ഘോഷ്**
ജനറൽ സെക്രട്ടറി,
സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ
ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
31.03.2024

# യെമൻ: മദ്ധ്യപൂർവ്വ ദേശത്തെ പുതിയ തീച്ചൂള

**വെ**റും രണ്ട് കോടി മാത്രം ജനസംഖ്യയുള്ള, ചെങ്കടലിന്റെ തീരത്ത് മദ്ധ്യപൂർവ്വദേശത്തെ വളരെ ദരിദ്രമായ ഒരു ചെറിയ അറബ് രാജ്യമാണ് യെമൻ. കിഴക്ക് പേർഷ്യൻ ഗൾഫിനും പടിഞ്ഞാറ് ചെങ്കടലിനും ഇടയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ചെങ്കടലിലേക്കുള്ള പ്രവേശന കവാടത്തിലെ ഇടുങ്ങിയ ബാബ് എൽ മണ്ടേബ് കടലിടുക്കും ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട കപ്പൽ പാതകളിലൊന്നായ സൂയസ് കനാലിലേക്കുള്ള പ്രവേശനമാർഗ്ഗവും അതിർത്തി പങ്കിടുന്നു. ഫോസിൽ ഇന്ധനങ്ങൾ വഹിക്കുന്ന കപ്പലുകൾ, പേർഷ്യൻ ഗൾഫിനും മെഡിറ്ററേനിയൻ കടലിനും ഇടയിൽ സൂയസ് കനാൽ വഴി സുമെഡ് പൈപ്പ്‌ലൈനിലേക്ക് സഞ്ചരിക്കാൻ ആഫ്രിക്കയുടെ കൊമ്പിനും അറേബ്യൻ ഉപദ്വീപിനും ഇടയിലുള്ള ഈ ബുദ്ധിമുട്ടേറിയ ഭാഗം കടന്നുപോകണം. ഒരു ജനകീയ ദേശീയ പ്രസ്ഥാനത്തിൽ അധിഷ്ഠിതമായ ഒരു യെമൻ ഗവൺമെന്റ് ബാബ് എൽ-മണ്ടേബിനും അവരുടെ ആധിപത്യത്തിനും ഭീഷണിയാകുമെന്ന ഭയത്തിലാണ് യുഎസ് യുദ്ധമോഹികളും അവരുടെ ബ്രിട്ടീഷ് സഖ്യകക്ഷികളും അതുപോലെ തന്നെ തികച്ചും അഴിമതിക്കാരായ സൗദി രാജകുടുംബവും ജീവിക്കുന്നത്.

അതിനാൽ യെമൻ ഏറെക്കാലമായി പാശ്ചാത്യ സാമ്രാജ്യത്വത്തിന്റെ ലക്ഷ്യമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ഭൂരിഭാഗവും യെമൻ രണ്ട് വ്യത്യസ്ത രാജ്യങ്ങളായി നിലനിന്നിരുന്നു – വടക്ക് യുഎസ്-സൗദി അറേബ്യ പിന്തുണയോടെ ക്രൂരനായ ഏകാധിപതി അലി അബ്ദുല്ല സാലിഹ് ഭരിക്കുന്ന യെമൻ അറബ് റിപ്പബ്ലിക്. മറുവശത്തുണ്ടായിരുന്ന, പീപ്പിൾസ് ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് യെമൻ, സോഷ്യലിസത്തിലേക്ക് ശക്തമായ ചായ്‌വുള്ളതും പഴയ സോവിയറ്റ് യൂണിയനുമായും മറ്റ് ചില സോഷ്യലിസ്റ്റ് രാജ്യങ്ങളുമായും അടുത്ത ബന്ധമുള്ളതുമായിരുന്നു. സോവിയറ്റ് യൂണിയന്റെ ദുഃഖകരമായ ശിഥിലീകരണത്തിന്റെ സമയത്ത്, 1990ൽ, ദക്ഷിണ യെമൻ, വടക്കുള്ള വലതുപക്ഷ രാഷ്ട്രവുമായി നിർബന്ധിതമായി ലയിപ്പിക്കപ്പെട്ടു. അങ്ങനെ യെമനിലുടനീളം ഒരു ബൂർഷ്വാ സ്വേച്ഛാധിപത്യ രാജവാഴ്ച സ്ഥാപിക്കപ്പെട്ടു. 31 വർഷമാണ് സാലിഹ് രാജ്യം ഭരിച്ചത്. ഇറാഖിലെയും അഫ്ഗാനിസ്ഥാനിലെയും യുഎസ് അധിനിവേശത്തെ അദ്ദേഹം പിന്തുണച്ചു. പ്രത്യേകിച്ചും, 2000ൽ യെമനിലെ തുറമുഖ നഗരമായ ഏഡനിൽ നങ്കൂരമിട്ട യുഎസ് നേവി കപ്പൽ കോളിനു നേരെ ബോംബാക്രമണമുണ്ടായപ്പോൾ, വാഷിംഗ്ടണിന്റെ "ഭീകരതയ്ക്കെതിരായ യുദ്ധ"ത്തിൽ അദ്ദേഹം പങ്കുചേർന്നു.

തുടർന്നുള്ള കാലഘട്ടം ഹൂതികളുടെ ഉദയമായിരുന്നു. ദശാബ്ദങ്ങൾ നീണ്ട ഭരണം കൊണ്ട് യെമനെ യഥാർത്ഥ നരകമാക്കി മാറ്റിയ നിർദ്ദയനായ സ്വേച്ഛാധിപതി സാലിഹിനെതിരായ ഒരു പ്രതിപക്ഷ പ്രസ്ഥാനമായി, ഔദ്യോഗികമായി 'അൻസാർ അല്ലാഹ്'(ദൈവത്തെ പിന്തുണയ്ക്കുന്നവർ) എന്നറിയപ്പെടുന്ന ഹൂതി പ്രസ്ഥാനം ഉയർന്നുവന്നു. 2000കളുടെ തുടക്കത്തിൽ ഹൂതികൾ സാലിഹിനെതിരെ നിരവധി കലാപങ്ങൾ നടത്തി. ലെബനനിലെ രാഷ്ട്രീയ-സൈനിക സംഘടനയായ ഹിസ്ബുള്ളയുടെ സ്വാധീനത്തിൽ ഹൂതികൾ യുഎസ്, ഇസ്രായേൽ, സയണിസം എന്നിവയ്ക്കെതിരെ ഔദ്യോഗിക നിലപാട് സ്വീകരിച്ചു. യെമനിലെ പ്രതിഷേധിക്കുന്ന മറ്റ് വിഭാഗങ്ങൾക്കൊപ്പം ഹൂതികളും 'അറബ് ഉണർവ്', 'അറബ് പ്രക്ഷോഭങ്ങൾ' തുടങ്ങിയ പേരുകളിലും അറിയപ്പെടുന്ന 'അറബ് വസന്ത'ത്തിൽ ചേർന്നു. അറബ് ലോകത്തിന്റെ ഭൂരിഭാഗവും വ്യാപിച്ച സർക്കാർ വിരുദ്ധ പ്രതിഷേധങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും സായുധ കലാപങ്ങളുടെയും ഒരു പരമ്പരയായിരുന്നു ഇത്. ലക്ഷക്കണക്കിന് യെമനികൾ ദാരിദ്ര്യത്തിനും തൊഴിലില്ലായ്മയ്ക്കുമെതിരെ പ്രതിഷേധിച്ച് തെരുവുകളിൽ നിറഞ്ഞു. ക്രമേണ പ്രതിഷേധക്കാരുടെ ആഹ്വാനവും സാലിഹിനെ നീക്കം ചെയ്യണമെന്ന ആവശ്യത്തിലേക്ക് ഉയർന്നു. പടർന്നുപിടിച്ച പ്രതിഷേധം ക്രൂരമായ അടിച്ചമർത്തലിന് വിധേയമായി. ഇത് നിരവധി ആളുകളുടെ മരണത്തിന് കാരണമായി. 2012 ഫെബ്രുവരി അവസാനത്തോടെ യെമനിലും മറ്റ് രാജ്യങ്ങളിലും ഭരണാധികാരികൾ അധികാരത്തിൽ നിന്ന് പുറത്തുപോകാൻ നിർബന്ധിതരായി. 33 വർഷത്തെ ഭരണത്തിന് അന്ത്യംകുറിച്ചുകൊണ്ട് പ്രസിഡന്റ് സാലിയെ അധികാരത്തിൽ നിന്ന് താഴെയിറക്കി, വൈസ് പ്രസിഡന്റ് അബ്ദുറബ്ബ് മൻസൂർ ഹാദിയെ പുതിയ ഭരണാധികാരിയായി നിയമിച്ചു. 2015 ജനുവരി 23ന് ഹാദിയുടെയും മന്ത്രിസഭയുടെയും രാജി ഹൂതി വിഭാഗം നിർബന്ധിതമാക്കി.

സൗദി അറേബ്യയുടെ നിർദ്ദേശപ്രകാരം ഗൾഫ് സഹകരണ കൗൺസിൽ(ജിസിസി) 2015 മാർച്ച് 26ന് യെമനിൽ ബോംബാക്രമണം ആരംഭിച്ചതായി പ്രഖ്യാപിച്ചു. 31 ദശലക്ഷം ജനസംഖ്യയും രാജകുടുംബത്തിന്റെ കൈവശം കേന്ദ്രീകരിച്ചിരിക്കുന്ന ഭീമാകാരമായ എണ്ണ സമ്പത്തും ഉള്ള ഒരു വിശാലമായ പ്രദേശം സൗദി അറേബ്യ കൈവശപ്പെടുത്തിയിരിക്കുന്നു. നൂറുകണക്കിന് ബില്യൺ ഡോളർ വിലമതിക്കുന്ന യുഎസ് നിർമ്മിത യുദ്ധവിമാനങ്ങളും മറ്റ് ആയുധങ്ങളും സൗദി സൈന്യം വാങ്ങുന്നു. പ്രാദേശിക ശക്തികളുടെ ഈ ആക്രമണാത്മക നീക്കങ്ങൾക്ക് പിന്നിൽ, ഈ മുഴുവൻ മേഖലയിലും പെന്റഗൺ നടത്തിയ സൈനികസന്നാഹ വിപുലീകരണമായിരുന്നു. അതാകട്ടെ, യുഎസ് ബഹുരാഷ്ട്രകുത്തകകളുടെ സാമ്പത്തിക-രാഷ്ട്രീയ താൽപ്പര്യങ്ങൾ വിപുലീകരിക്കാൻ ലക്ഷ്യമിട്ടുള്ളതും. പെന്റഗൺ-യുകെ-സൗദി അറേബ്യയും ജിസിസിയിലെ മറ്റ് അംഗങ്ങളും ചേർന്ന കൊള്ളക്കൂട്ടുകെട്ടിൽ നിന്ന് വാൾസ്ട്രീറ്റ്, ഭീമൻ യുഎസ് എണ്ണ കോർപ്പറേഷനുകൾ, സൈനിക വ്യവസായങ്ങൾ, ബാങ്കുകൾ എന്നിവ ഭീമമായ ലാഭം കൊയ്യുന്നതിനാൽ, സൗദി സൈന്യത്തെ ആയുധമണിയിക്കാനും പരിശീലിപ്പിക്കാനും ശക്തിപ്പെടുത്താനും അവർ സാധ്യമായതെല്ലാം ചെയ്തു. ഈ കൊള്ളക്കാരുടെ കൂട്ടത്തിന് മാന്യതയുടെ ഒരു മുഖം നൽകുക എന്നതാണ് കോർപ്പറേറ്റ് മാധ്യമങ്ങളുടെ ധർമ്മം. ഇത് വ്യാപകമായ വിമർശനത്തിന് ഇടയാക്കി. സംഘർഷത്തിന്റെ നില 2019ൽ "സൈനിക സ്തംഭനാവസ്ഥ"എന്ന് വിശേഷിപ്പിക്കപ്പെട്ടു. ആറ് വർഷത്തെ നിരന്തരമായ ബോംബാക്രമണം, യുഎസ് നാവിക ഉപരോധം, സാമ്പത്തിക ഉപരോധം, ഡ്രോൺ ആക്രമണങ്ങൾ എന്നിവയൊക്കെ ഉണ്ടായിരുന്നിട്ടും, ഹൂതികളെ പരാജയപ്പെടുത്തുന്നതിൽ യുഎസ്-സൗദി സഖ്യം പൂർണ്ണമായും പരാജയപ്പെട്ടു. 2020ന്റെ തുടക്കത്തിൽ, ഹൂതികൾക്കെതിരെ വിജയം നേടുന്നത് അസാധ്യമാണെന്ന് കണ്ടെത്തിയപ്പോൾ, കോവിഡ്-19 മഹാമാരിക്കും സൈനിക പരാജയങ്ങൾക്കുമിടയിൽ എങ്ങനെയെങ്കിലും പുറത്തുകടക്കാൻ സൗദി അറേബ്യ തന്ത്രം തിരയാൻ തുടങ്ങി. 2022 മാർച്ച് 29ന് സൗദിയുടെ നേതൃത്വത്തിലുള്ള സഖ്യം യെമനുള്ളിലെ എല്ലാ ശത്രുതകളും അവസാനിപ്പിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ■

# സഖാവ് വി.വേണുഗോപാൽ

# തൊഴിലാളിവർഗ്ഗവുമായും പാർട്ടിയുമായും വിപ്ലവവുമായും താദാത്മ്യപ്പെടാനുള്ള സമരത്തിൽ ആമഗ്നമായ ജീവിതമാതൃക

*(1–ാം പേജിൽ നിന്ന്)*

കേഡറോ നമ്മെ വിട്ടുപിരിയുമ്പോൾ അതു നമ്മിൽ കഠിനമായ വ്യഥ സൃഷ്ടിക്കുന്നു. ഒരു വിദേശ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ നേതാവിന്റെ മരണമോ ആ പാർട്ടി നേരിടുന്ന എന്തെങ്കിലും പ്രശ്നമോ അറിയുമ്പോൾ സാർവ്വദേശീയവാദികളെന്ന നിലയിൽ നാം സമാനമായ ദുഃഖമനുഭവിക്കുന്നു.

കേരളത്തിൽ നമ്മുടെ പാർട്ടി രൂപീകരിച്ചതെങ്ങനെയെന്നും സഖാവ് വേണുഗോപാൽ പാർട്ടിയിലേക്കു വന്നതും പ്രവർത്തനങ്ങളിൽ ഉൾച്ചേർന്നതും എങ്ങനെയെന്നും സഖാവിന്റെ സമരമെന്തായിരുന്നു എന്നതിനെക്കുറിച്ചുമുള്ള ഏതാനും കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ജാദവ്പൂർ എഞ്ചിനീയറിംഗ് കോളേജിലെ ഒരു വിദ്യാർത്ഥിയായിരുന്ന നചികേത മുഖർജിക്ക് എഐഡിഎസ്ഒ യുമായി ബന്ധമുണ്ടായിരുന്നു, നമ്മുടെ പാർട്ടിയുടെ അനുഭാവിയുമായിരുന്നു. അദ്ദേഹത്തിന് കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ ജോലികിട്ടി. അദ്ദേഹം ജോലിയിൽ പ്രവേശിക്കാൻ പോകുമ്പോൾ സഖാവ് ശിബ്ദാസ് ഘോഷിന്റെ ഏതാനും പുസ്തകങ്ങൾകൂടി കൊണ്ടുപോകാൻ പാർട്ടി നിർദ്ദേശിച്ചിരുന്നു. അവിടെ പാർട്ടി സംഘടന രൂപീകരിക്കാനുള്ള സാധ്യതകളെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് അതു ചെയ്തത്. അങ്ങനെ ഏതാനും മുതിർന്ന വിദ്യാർത്ഥികളുമായി അദ്ദേഹം സമ്പർക്കത്തിലാകുകയും അവർ ആ പുസ്തകങ്ങൾ പഠിച്ച് പാർട്ടിയെക്കുറിച്ചറിയാൻ താല്പര്യപ്പെടുകയും ചെയ്തു. തുടർസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പാർട്ടി സഖാവ് കൃഷ്ണ ചക്രവർത്തിയെ അങ്ങോട്ടയച്ചു. കേരളത്തിൽ പാർട്ടി പ്രവർത്തനം തുടങ്ങുന്നതിൽ അദ്ദേഹം സുപ്രധാനമായ ഒരു സ്ഥാനം വഹിക്കുകയും ചെയ്തു. ഇങ്ങനെയാണ് കേരളത്തിൽ പാർട്ടി പ്രവർത്തനം ആരംഭിച്ചത്. നമുക്കെല്ലാവർക്കുമുള്ള പാഠമെന്ന നിലയിൽ ഒരു കാര്യം ഊന്നിപ്പറയാൻ ഞാനാഗ്രഹിക്കുന്നു. സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകൾ ഉൾക്കൊള്ളുന്ന സാഹിത്യത്തിന് എന്തത്ഭുതം കാണിക്കാൻ കഴിയും എന്നതാണത്. പാർട്ടി സംഘടനയുടെ വികാസത്തിന് അത് എങ്ങനെ നിദാനമായി എന്നും. സഖാവ് ശിബ്ദാസ് ഘോഷ് പങ്കെടുക്കുന്ന ഒരു പരിപാടി അവിടെ ആസൂത്രണം ചെയ്യപ്പെട്ടു. പക്ഷെ, അനാരോഗ്യം നിമിത്തം സഖാവിന് അതിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. നമ്മുടെ കേന്ദ്ര ഓഫീസിൽ സഖാവ് ശിബ്ദാസ് ഘോഷിന്റെ ഒരു ചിത്രം നിങ്ങൾക്ക് കാണാം. കേരളത്തിലെ ആദ്യകാല സംഘാടകരിൽ ഒരാളായ സഖാവ് നടരാജനാണ് അത് വരച്ചത്. ആദ്യകാലത്ത് കേരളത്തിൽ പാർട്ടി കെട്ടിപ്പടുക്കുന്നതിൽ ഗണ്യമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്. പക്ഷെ, അദ്ദേഹം പെട്ടെന്ന് അന്തരിച്ചു. അന്നത്തെ പാർട്ടിയുടെ ചുമതലയിലുണ്ടായിരുന്ന ജയിംസ് ജോസഫിന്റെ വ്യതിചലനത്തോടെ, അന്തരിച്ച പൊളിറ്റ്ബ്യൂറോ അംഗവും സഖാവ് നടരാജന്റെ ഉറ്റസുഹൃത്തുമായിരുന്ന സഖാവ് സി.കെ.ലൂക്കോസ് പാർട്ടി ഉത്തരവാദിത്തമേറ്റെടുക്കാൻ മുന്നോട്ടുവന്നു.

വിവിധ സംസ്ഥാനങ്ങളിൽ പാർട്ടി കെട്ടിപ്പടുക്കാനുള്ള സമരത്തിലേർപ്പെട്ട സഖാക്കൾ നിരവധി തടസ്സങ്ങളും ബുദ്ധിമുട്ടുകളും നേരിട്ടിരുന്നു എന്നു നിങ്ങൾ മനസ്സിലാക്കണം. എന്നാൽ കേരളത്തിലെ സാഹചര്യം കൂടുതൽ ബുദ്ധിമുട്ടുള്ളതായിരുന്നു. പാർട്ടി സംഘാടനത്തിന്റെ ആദ്യനാളുകളിൽ പശ്ചിമബംഗാളിലെന്നതു പോലെ പാർട്ടി രൂപീകരണത്തിനിറങ്ങിയ സഖാക്കൾക്ക് സിപിഐ(എം)ൽ നിന്ന് ശക്തമായ എതിർപ്പ് നേരിടേണ്ടിവന്നു. കേരളത്തിലും സിപിഐ(എം) ശക്തമായ ഒരു പാർട്ടിയായിരുന്നു. അവർ പല തവണ സർക്കാർ അധികാരത്തിലുമുണ്ടായിരുന്നു. പാർട്ടിരൂപീകരണ പ്രക്രിയയ്ക്കു മുൻകൈയെടുത്ത സഖാക്കൾക്ക് വലിയ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബുദ്ധിമുട്ടേറിയതായിരുന്നു അവരുടെ സമരം. സിപിഐ(എം)ൽ നിന്നവർക്കു കഠിനമായ എതിർപ്പുകൾ നേരിടേണ്ടിവന്നു. സ്ഥിരമായ കിടപ്പാടമവർക്കുണ്ടായിരുന്നില്ല. അവർക്കു പട്ടിണി കിടക്കേണ്ടി വന്നിട്ടുണ്ട്. പക്ഷെ അവർ വിദ്യാസമ്പന്നരും സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകളാൽ പ്രചോദിക്കപ്പെട്ടവരുമായിരുന്നു. അവർ നിശ്ചയദാർഢ്യമുള്ളവരും മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകളിലുള്ള സമർപ്പണത്താലും ഉറച്ച ബോധ്യത്താലും പ്രചോദിക്കപ്പെട്ടവരുമായിരുന്നു. ഒഴുക്കിനെതിരെ നീന്തുന്നതു പോലെ ഈ ചെറിയ സംഘത്തിനു കഠിനമായി പൊരുതേണ്ടിവന്നു. ഒരു മെഡിക്കൽ വിദ്യാർത്ഥിയായ സഖാവ് വേണുഗോപാൽ ആ സമയത്താണ് പാർട്ടിയിലേക്കുവരുന്നത്. സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകൾ അദ്ദേഹത്തിന്റെ ഹൃദയത്തെ തൊട്ടു, ബോധത്തെ ഉണർത്തി, അദ്ദേഹം പാർട്ടി കെട്ടിപ്പടുക്കാനുള്ള സമരത്തിൽ സമ്പൂർണ്ണമായി മുഴുകുകയും ചെയ്തു. പാർട്ടി വളർന്ന ഘട്ടത്തിൽ അതിൽച്ചേരുക താരതമ്യേന എളുപ്പമാണ്. പക്ഷെ, പാർട്ടി ഒരു ഭ്രൂണാവസ്ഥയിലുള്ളപ്പോൾ, അതിന്റെ പേരു പോലും അറിയപ്പെടാതിരിക്കുമ്പോൾ വർണ്ണാഭമായ ഒരു വൈദ്യവൃത്തി ഉപേക്ഷിച്ച് പാർട്ടി ജീവിതം സ്വീകരിക്കാനുള്ള തീരുമാനം ബുദ്ധിമുട്ടേറിയതാണ്. സഖാവ് വേണുഗോപാലിനെ മനസ്സിലാക്കുന്നതിന് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങൾ അവർ പ്രചരിപ്പിച്ചുകൊണ്ടിരിക്കേ ആരൊക്കെ ആ ചിന്തകളുമായി സമ്പർക്കത്തിൽ വന്നോ അവരെല്ലാം പറഞ്ഞത് അത് പുതിയ മാർക്സിസം ആണെന്നാണ്. സിപിഐ(എം)ന്റെ മാർക്സിസം ഒരു തരത്തിലുള്ള മാർക്സിസമാണ്. ഒരർത്ഥത്തിലതു ശരിയാണ്. അവർ ഒരു കപടമാർക്സിസ്റ്റ് പാർട്ടിയായിരുന്നു, ഇപ്പോഴുമാണ്. വിപ്ലവകരമായ ഉൾക്കാമ്പ് നഷ്ടപ്പെട്ടതാണ് അവരുടെ മാർക്സിസം. സഖാവ് ശിബ്ദാസ് ഘോഷ് ഉദ്ബോധിപ്പിച്ച മാർക്സിസത്തിന് ഈ വിപ്ലവകരമായ ഉള്ളടക്കമുണ്ട്, അവിടെയാണതിന്റെ മൗലികവ്യത്യാസം. പാർട്ടി സംഘാടനത്തിന്റെ സമരത്തിൽ സഖാവ് സി.കെ.ലൂക്കോസായിരുന്നു നേതൃത്വത്തിലുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ഉറ്റസഖാവായിരുന്നു സഖാവ് വേണുഗോപാൽ. യഥാർത്ഥത്തിൽ സഖാവ് വേണുഗോപാലിന്റെ പേര് സഖാവ് സി.കെ.ലൂക്കോസിന്റേതിൽ നിന്നു വേർപെടുത്താനാകില്ല. തിരിച്ചും. അങ്ങനെയായിരുന്നു അവർ തമ്മിലുള്ള ബന്ധം.

സഖാവ് വേണുഗോപാലിന് ഒരു ദാമ്പത്യ ജീവിതമുണ്ടായിരുന്നു. അദ്ദേഹത്തിനു രണ്ടു പുത്രന്മാരുണ്ട്. പക്ഷേ, അദ്ദേഹമൊരു കുടുംബജീവിതമല്ല നയിച്ചത്. അദ്ദേഹത്തിന്റെ ഭാര്യയും പാർട്ടി കേരള സംസ്ഥാന കമ്മിറ്റി അംഗമാണ്. മക്കളും പാർട്ടിയുമായി ബന്ധപ്പെട്ടു നിൽക്കുന്നു. അദ്ദേഹം പാർട്ടി സെന്ററിലാണ് താമസിച്ചിരുന്നത്. കുട്ടികൾക്കും ചെറുപ്പക്കാരായ പ്രവർത്തകർക്കും അദ്ദേഹം പ്രിയങ്കരനായിരുന്നു. എല്ലാ സഖാക്കളുടെയും കുട്ടികളുടെ പിതാവായി അക്ഷരാർത്ഥത്തിൽ അദ്ദേഹം മാറി. സഖാക്കളുടെ കുട്ടികളെല്ലാം സഖാവ് വേണുഗോപാലിനെ രക്ഷാകർത്താവായി, പിതാവായി കണ്ടു. ഇതെളുപ്പമുള്ള ഒരു കാര്യമല്ല. എല്ലാ കുട്ടികളോടും വ്യക്തിനിരപേക്ഷമായ വാത്സല്യം ഇതിനാവശ്യമാണ്. അദ്ദേഹമവരുടെ കാര്യത്തിൽ അങ്ങേയറ്റം ശ്രദ്ധ പുലർത്തി, പാർട്ടി പ്രവർത്തകരായി വളർത്തിയെടുത്തു. പലരും നേതൃതലത്തിലെ സഖാക്കളായി മാറി.

ഒരു തിരഞ്ഞെടുപ്പിലൂടെ നേതൃത്വത്തിൽ വന്നയാളല്ല സഖാവ് വേണുഗോപാൽ. അദ്ദേഹം നേതാവായത് സഖാക്കളുടെ ഹൃദയത്തിലിടം നേടിക്കൊണ്ടാണ്. ഉയർന്ന പ്രത്യയശാസ്ത്ര, സാംസ്കാരിക, സംഘാടന നിലവാരം നിമിത്തം എല്ലാ സഖാക്കളുടെയും പ്രിയങ്കരനും ബഹുമാന്യനുമായ നേതാവായി മാറി അദ്ദേഹം. സഖാക്കൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുകയോ പ്രശ്നങ്ങൾ അനുഭവിക്കുകയോ ചെയ്യുമ്പോൾ ഉചിതമായ മാർഗ്ഗനിർദ്ദേശത്തിനായി അവർ സഖാവ് സി.കെ.ലൂക്കോസിനെയോ സഖാവ് വേണുഗോപാലിനെയോ സമീപിച്ചിരുന്നു. ചെറുപ്പക്കാരായ നിരവധിപേരെ അദ്ദേഹം പാർട്ടിയിലേക്കു കൊണ്ടുവന്നു എന്നു നിങ്ങൾ ഇതിനകം കേട്ടു. കേരളത്തിലുടനീളം പാർട്ടി സംഘടന വികസിപ്പിച്ചെടുക്കുന്നതിൽ അദ്ദേഹം വളരെ പ്രധാനപ്പെട്ട ഒരു പങ്കു വഹിച്ചു. അദ്ദേഹം നിരവധി സമരങ്ങൾക്കും ജനകീയ പ്രക്ഷോഭണങ്ങൾക്കും നേതൃത്വം നൽകി. കേന്ദ്രകമ്മിറ്റിയുടെ അനുസ്മരണക്കുറിപ്പിൽനിന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കും അദ്ദേഹം കേരളത്തിലെ പുരോഗമന ബുദ്ധിജീവികൾക്കിടയിൽ അങ്ങേയറ്റം പരിചിതനായിരുന്നു എന്ന്. അവരിൽ പലരെയും അദ്ദേഹം പ്രക്ഷോഭണങ്ങളിൽ സഹകരിപ്പിക്കുകയും ബഹുജന പ്രക്ഷോഭണങ്ങൾ വളർത്തിയെടുക്കാനായി *ജനകീയപ്രതിരോധസമിതി* എന്ന ശക്തമായ ബഹുജനസംഘടന രൂപീകരിക്കുകയും ചെയ്തു. അന്തരിച്ച ബഹുമാന്യനായ നേതാവ് സഖാവ് നിഹാർ മുഖർജിയുടെ മാർഗ്ഗനിർദ്ദേശത്താൽ, നമ്മെ വിട്ടുപിരിഞ്ഞ പോളിറ്റ്ബ്യൂറോ അംഗം സഖാവ് മണിക് മുഖർജി പശ്ചിമബംഗാളിൽ നടത്തിയ വിദ്യാഭ്യാസ പ്രക്ഷോഭണവുമായി താരതമ്യപ്പെടുത്താവുന്ന കാര്യമാണിത്. ഡോ.സുകുമാർ സെൻ, പ്രേമേന്ദ്ര മിത്ര, സന്തോഷ് ഘോഷ്, ഡോ. നിഹാർ രഞ്ജൻ റായ്, ഡോ.സുശീൽ മുഖർജി തുടങ്ങിയ നിരവധി പ്രമുഖവ്യക്തിത്വങ്ങളെ പ്രക്ഷോഭണത്തിൽ പങ്കെടുപ്പിക്കാൻ സഖാവ് മണിക് മുഖർജിക്കു കഴിഞ്ഞു. അതുപോലെ, സഖാവ് സി.കെ.ലൂക്കോസിന്റെ മാർഗ്ഗനിർദ്ദേശത്തിൽ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ, ഡോ. എൻ.എ.കരീം തുടങ്ങിയ നിരവധി പ്രമുഖവ്യക്തികളെയും വിഖ്യാതരായ പല വിദ്യാഭ്യാസവിദഗ്ധരെയും ഈ മുന്നേറ്റത്തിൽ

*(ശേഷം 11–ാം പേജിൽ)*




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൽക്കത്ത മൌലാലി ഹാളിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ കേന്ദ്രകമ്മിറ്റിയംഗങ്ങൾ

**എസ്**യുസിഐ(സി) പൊളിറ്റ്ബ്യൂറോ അംഗവും കേരള സംസ്ഥാനകമ്മിറ്റിയുടെ മുൻസെക്രട്ടറിയുമായിരുന്ന സഖാവ് വി.വേണുഗോപാലിനെ അനുസ്മരിച്ചുകൊണ്ടുള്ള യോഗം ഏപ്രിൽ 12ന് കൊൽക്കത്ത മൗലാലി യുവകേന്ദ്രയിൽ നടന്നു. പാർട്ടി കേന്ദ്രക്കമ്മിറ്റി സംഘടിപ്പിച്ച അനുസ്മരണ യോഗത്തിൽ ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് മുഖ്യപ്രസംഗം നടത്തി. മുതിർന്ന പൊളിറ്റ്ബ്യൂറോ അംഗം സഖാവ് അസിത് ഭട്ടാചാര്യ അധ്യക്ഷത വഹിച്ച യോഗത്തിൽ കേന്ദ്രകമ്മിറ്റി അംഗവും കേരള സംസ്ഥാന സെക്രട്ടറിയുമായ സഖാവ് ജയ്സൺ ജോസഫ് പ്രസംഗിച്ചു.

കേന്ദ്രക്കമ്മിറ്റിയുടെ അനുസ്മരണ പ്രമേയം പൊളിറ്റ്ബ്യൂറോ അംഗം സഖാവ് അമിതാവ ചാറ്റർജി അവതരിപ്പിച്ചു. തുടർന്നു സംസാരിച്ച സഖാവ് ജയ്സൺ ജോസഫ് സഖാവ് വേണുഗോപാലിന്റെ വിപ്ലവ സമരത്തിലെ മാതൃകാപരമായ വശങ്ങൾ ചൂണ്ടിക്കാട്ടി. സഖാവ് ശിബ്ദാസ് ഘോഷ് പഠിപ്പിച്ചതുപോലെ ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഉൾക്കൊള്ളുന്ന സമരമാണ് കമ്മ്യൂണിസ്റ്റുകളെ സൃഷ്ടിക്കുന്ന പ്രക്രിയയെന്നും സഖാവ് വേണുഗോപാലും ആ പ്രക്രിയ പിന്തുടർന്ന സഖാവായിരുന്നു എന്നും സഖാവ് അസിത് ഭട്ടാചാര്യ അധ്യക്ഷ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. തൊഴിലാളി വർഗ്ഗത്തിന്റെ സാർവ്വദേശീയ ഗാനാലപനത്തോടെ യോഗം അവസാനിച്ചു. ■

# കഠിനദുഃഖത്തെ കരുത്താക്കിമാറ്റുമെന്ന് പ്രതിജ്ഞചെയ്തുകൊണ്ട് സഖാവ് വി.വേണുഗോപാൽ അനുസ്മരണസമ്മേളനങ്ങൾ

## കോട്ടയം




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോട്ടയം ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ഡോ.വി.വേണുഗോപാൽ അനുസ്മരണ സമ്മേളനത്തിൽ മിനി കെ.ഫിലിപ്പ് അധ്യക്ഷ പ്രസംഗം നടത്തുന്നു.

**എസ്‌**യുസിഐ(കമ്മ്യൂണിസ്റ്റ്) കോട്ടയം ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 28-ാം തീയതി സാഹിത്യ പ്രവർത്തക സഹകരണ സംഘം ഹാളിൽ ഡോ.വി.വേണുഗോപാൽ അനുസ്മരണ സമ്മേളനം നടന്നു.

പ്രശസ്ത സാഹിത്യകാരൻ ബാബു കുഴിമറ്റം, കുറിച്ചി സദൻ, ജോർജ്ജ് മുല്ലക്കര, രാജഗോപാൽ വാകത്താനം, കമാണ്ടർ റ്റി.ഒ.ഏലിയാസ്, മോഹൻദാസ് കാരാപ്പുഴ, ഡോ.ബിജിലാൽ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനസെക്രട്ടറി സഖാവ് ജയ്സൺ ജോസഫ്, തമിഴ്നാട് സംസ്ഥാന ഓർഗനൈസിംഗ് കമ്മറ്റിയംഗം സഖാവ് എ.അനവരതൻ, ജില്ലാകമ്മറ്റിയംഗം സഖാവ് എൻ.കെ.ബിജു, ഇ.വി.പ്രകാശ്, ഡോ. എസ്. അലീന എന്നിവർ പ്രസംഗിച്ചു. കോട്ടയം ജില്ലാസെക്രട്ടറി മിനി കെ.ഫിലിപ്പ് അധ്യക്ഷത വഹിച്ചു. ■

(10-ാം പേജിൽ നിന്ന്)

ഉൾപ്പെടുത്താൻ കഴിഞ്ഞു. ജസ്റ്റിസ് കൃഷ്ണയ്യരും സഖാവ് വേണുഗോപാലും തമ്മിലുള്ള ബന്ധം ഏതുതരത്തിലുള്ളതായിരുന്നുവെന്ന് നിങ്ങൾ കേട്ടു കഴിഞ്ഞല്ലോ! ഒരു സുഹൃത്തിനെപ്പോലെ, പ്രിയ പുത്രനെപ്പോലെയാണ് ജസ്റ്റിസ് കൃഷ്ണയ്യർ സഖാവ് വേണുഗോപാലിനെ കരുതിയിരുന്നത്. സഖാവ് വേണുഗോപാലിന്റെ ഉയർന്ന പ്രത്യയശാസ്ത്ര, സാംസ്കാരിക നിലവാരവും ഉറച്ച ഉത്തരവാദിത്തബോധവും ജസ്റ്റിസ് കൃഷ്ണയ്യരുടെ ഹൃദയത്തിൽ പതിഞ്ഞതുകൊണ്ടാണിതു സാധ്യമായത്. ജസ്റ്റിസ് കൃഷ്ണയ്യർ കൊൽക്കത്തയിൽ വരികയും നമ്മുടെ ഒരു പരിപാടിയിൽ പങ്കെടുക്കുകപോലുമുണ്ടായി. നമ്മുടെ പല നയസമീപനങ്ങളെയും അദ്ദേഹം പിന്തുണച്ചിരുന്നു.

അതേസമയംതന്നെ, സഖാവ് വേണുഗോപാൽ ദരിദ്രരായ മത്സ്യബന്ധനത്തൊഴിലാളികളുമായും കർഷകത്തൊഴിലാളികളുമായും സാധാരണ ജനങ്ങളുമായും അടുത്ത സൗഹൃദം സ്ഥാപിച്ചു. അദ്ദേഹം അവരെ പല സമരങ്ങളിലും സംഘടിപ്പിച്ചു. പാവപ്പെട്ട ജനങ്ങളോടുള്ള ഗാഢമായ വൈകാരിക അടുപ്പംമൂലം അവരെ സേവിക്കാൻ അദ്ദേഹം അമ്പലപ്പുഴയിൽ സൂര്യ ഹോസ്പിറ്റൽ സ്ഥാപിച്ചു. ഈ ജനങ്ങളെ സേവിക്കാൻ സഖാവ് ഡോ.ഗോദകുമാർ ഇപ്പോഴും 24 മണിക്കൂറും അവിടെ ചെലവഴിക്കുന്നു. സഖാവ് വേണുഗോപാലിന്റെ പിതാവ് ആശുപത്രി തുടങ്ങാനായി അദ്ദേഹത്തിന് ഒരു ലക്ഷം രൂപ നൽകിയിരുന്നു. ആ തുക മുഴുവൻ അദ്ദേഹം ആശുപത്രി നിർമ്മാണത്തിനായി സംഭാവന ചെയ്തു. സഖാവ് വേണുഗോപാൽ സൈദ്ധാന്തികമായും സംഘടനാപരമായും സാംസ്കാരികമായും ഉയർന്ന നിലവാരത്തിലുള്ള ഒരു സഖാവായിരുന്നു. സാധാരണക്കാർക്കുപോലും എളുപ്പത്തിൽ മനസ്സിലാക്കാൻ പറ്റുന്ന വിധം സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങൾ അവതരിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ പെരുമാറ്റം നിരവധി പേരെ ആകർഷിച്ചിരുന്നു. സഖാക്കൾ പ്രശ്നങ്ങളിലും പ്രതിസന്ധികളിലും വൈഷമ്യങ്ങളിലുമായിരിക്കുമ്പോൾ സഖാവ് വേണുഗോപാലിന്റെ സാന്നിദ്ധ്യംതന്നെ അവർക്ക് പ്രചോദനമായിരുന്നു. ഒരു ജൂനിയർ സഖാവിൽനിന്നും ഒരു പുതിയ സഖാവിൽനിന്നും പഠിക്കുന്നതിനുള്ള മനോഭാവം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം ഒരു സഖാവിനെ വിമർശിക്കുമ്പോൾ ആ സഖാവിന് വേദനിക്കുന്നതായോ മുറിവേറ്റ പോലെയോ തോന്നിയിരുന്നില്ല. എന്നുമാത്രമല്ല, വിമർശനത്തെ സന്തോഷത്തോടെ സ്വീകരിക്കാൻ കഴിഞ്ഞിരുന്ന തരത്തിലായിരുന്നു അത്. ചർച്ചകളിലോ, വ്യത്യസ്താഭിപ്രായങ്ങൾ ഉയരുമ്പോഴോ കമ്മിറ്റി മീറ്റിംഗുകളിലോ ഒരിക്കലും അദ്ദേഹം പ്രക്ഷുബ്ധനാകുകയോ ദേഷ്യപ്പെടുകയോ ചെയ്തുകാണാറില്ല. സമചിത്തതയോടെ, ശാന്തമായി വ്യക്തമായി തന്റെ വാദങ്ങൾ അവതരിപ്പിക്കുമായിരുന്നു അദ്ദേഹം.

പ്രതിഭാധനനായ ഒരു സഖാവായിരുന്നു അദ്ദേഹം. മറ്റുള്ളവർക്ക പിന്തുടരാൻ പാകത്തിലുള്ള ഉജ്ജ്വലമായ വിപ്ലവഗുണങ്ങളും മാതൃകാപരമായ സ്വഭാവരീതികളുമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. ഇന്ത്യയെമ്പാടുമുള്ള സഖാക്കൾ അദ്ദേഹത്തെ വ്യക്തമായി മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ അപൂർവ്വഗുണങ്ങൾ അറിയുകയും വേണം. പാർട്ടിയിൽ ചിലർ നേതാക്കളാണ്, ചിലർ ജനനേതാക്കളും. എന്നാൽ അദ്ദേഹത്തിൽ ഇവരണ്ടും ഇഴചേർന്നിരുന്നു. ഈരണ്ടു ഗുണങ്ങളും ഒന്നിച്ച് ആർജ്ജിച്ചെടുക്കുക വിഷമകരമാണ്. സഖാവ് ശിബ്ദാസ് ഘോഷ് പഠിപ്പിച്ചതുപോലുള്ള നിരന്തരവും പൊതുവുമായ കൂടിച്ചേരലുകൾ, ചർച്ചകൾ, പ്രവർത്തനങ്ങൾ എന്നിവ അദ്ദേഹം എപ്പോഴും പ്രാവർത്തികമാക്കിയിരുന്നു. പാർട്ടിയിൽ കൂട്ടായ പ്രവർത്തനങ്ങൾക്ക് അദ്ദേഹം പ്രാധാന്യം നൽകി. പാർട്ടിയിലും ജനങ്ങൾക്കിടയിലും പരിചിതനും സ്വീകാര്യനുമായിരുന്ന അദ്ദേഹമെങ്കിലും സ്വയം പുകഴ്ത്തലിന്റെയോ ദുരഭിമാനത്തിന്റെയോ ഉൽക്കർഷേച്ഛയുടെയോ കണിക പോലുമദ്ദേഹത്തിലുണ്ടായിരുന്നില്ല. സൂക്ഷ്മമായ ഒരു വിഷയത്തിൽ പാർട്ടി തീരുമാനത്തെ സന്തോഷപൂർവ്വം സ്വീകരിക്കാനദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല; അതിനെ തള്ളിക്കളയാനും കഴിഞ്ഞില്ല. അദ്ദേഹം സംഘർഷത്തിലായി. ഞാനതു മനസ്സിലാക്കി. ആ വൈരുദ്ധ്യം സ്വയംതന്നെ പരിഹരിക്കാൻ ഞാനദ്ദേഹത്തെ അനുവദിച്ചു. ചികിത്സക്കായി അദ്ദേഹം കൊൽക്കൊത്തയിലെത്തിയപ്പോൾ എന്നെ കാണാൻ വന്നു. സഖാക്കൾ അമിതാവ ചാറ്റർജിയും സുഭാഷ്ദാസ് ഗുപ്തയും ആ യോഗത്തിലുണ്ടാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അവിടെ അദ്ദേഹം പറഞ്ഞു, ' സഖാവേ എനിക്ക് തെറ്റായ ഒരു ചിന്താഗതിയുണ്ടായിരുന്നു. പാർട്ടി തീരുമാനം ഉചിതവും ശരിയുമായിരുന്നുവെന്ന് എനിക്കിപ്പോൾ ബോധ്യമായി'. എത്ര സത്യസന്ധനായിരുന്നു അദ്ദേഹം! അതായിരുന്നു അദ്ദേഹത്തിന്റെ കൽക്കത്തയിലേക്കുള്ള അവസാന യാത്ര. സഖാവ് വേണുഗോപാലിന്റെ വിയോഗം പാർട്ടിക്ക് ഒരു കനത്ത നഷ്ടമാണ്. കേരളത്തിലെ പാർട്ടിക്കു മാത്രമല്ല ഇന്ത്യ മുഴുവനുമുള്ള പാർട്ടിയുടെ നഷ്ടമാണത്. മറ്റു സംസ്ഥാനങ്ങളിലെ പാർട്ടിയുടെ ഉത്തരവാദിത്തവുമുണ്ടായിരുന്നു അദ്ദേഹത്തിന്. കർണ്ണാടകയിൽ അദ്ദേഹം ചുമതല നിർവഹിച്ചു തുടങ്ങിയപ്പോഴേയ്ക്കും അദ്ദേഹം രോഗബാധിതനായി. സാവധാനം ശാരീരികമായി ദുർബലനായി. അതുകൊണ്ട് അഖിലേന്ത്യാ പാർട്ടിക്ക് അദ്ദേഹത്തിന്റെ വിലപ്പെട്ട സേവനങ്ങൾ ലഭിക്കാതായി.

സഖാക്കളേ, നമ്മൾ സഖാവ് ശിബ്ദാസ് ഘോഷിന്റെ ശിഷ്യരാണ്. അദ്ദേഹത്തിന്റെ പാഠങ്ങൾക്കനുസരിച്ച് ഉയർന്ന കമ്മ്യൂണിസ്റ്റ് സ്വഭാവം നേടിയെടുക്കാൻ നിരവധി നേതാക്കളും സഖാക്കളും സമരം ചെയ്യുകയാണ്. ഒരു വിദ്യാർത്ഥി മറ്റു വിദ്യാർത്ഥികളിൽനിന്നും പഠിക്കണം. സഖാവ് വേണുഗോപാൽ, വർഗ്ഗവുമായും പാർട്ടിയുമായും വിപ്ലവവുമായും താദാത്മ്യപ്പെടാനുള്ള സമരത്തിൽ വളരെയധികം മുന്നോട്ടു പോയി. രാജ്യത്തെ മുഴുവൻ സഖാക്കളുടെയും മുമ്പിൽ ഈ സമരം ശ്രേഷ്ഠമായ ഒന്നാണ്. കേരളത്തിലെ പാർട്ടിയിൽ അദ്ദേഹത്തിന്റെ അഭാവം ഒരു വിടവു സൃഷ്ടിക്കുമെന്നെനിക്കറിയാം. എന്നാൽ സഖാവ് ജയ്സൺ ജോസഫിന്റെ നേതൃത്വത്തിലുള്ള കേരള സംസ്ഥാനകമ്മിറ്റി, കൂട്ടായ സമരത്തിലൂടെ ഇനിയും നിലവാരമുയർത്തി ഈ വിടവു നികത്തുമെന്നും ഞാൻ വിശ്വസിക്കുന്നു. കേരളത്തിലെ ചെറുപ്പക്കാരായ സഖാക്കളോട് മുന്നോട്ടുവരാനും ഈ സമരത്തിൽ മുന്നേറാനും ഞാൻ അഭ്യർത്ഥിക്കുന്നു.

സഖാവ് വേണുഗാപോലിന് റെഡ് സല്യൂട്ട്! ■

## തിരുവല്ല




തിരുവല്ല വൈഎംസിഎ ഹാളിൽ നടന്ന ഡോ.വി.വേണുഗോപാൽ അനുസ്മരണസമ്മേളനം ഡോ.ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു

**മേയ്** 1ന് തിരുവല്ല വൈഎംസിഎ ഹാളിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി സംഘടിപ്പിച്ച ഡോ.വി. വേണുഗോപാൽ അനുസ്മരണ സമ്മേളനം ഡോ.ഗീവർഗീസ് മാർ കൂറിലോസ് ഉദ്ഘാടനം ചെയ്തു. സാമ്രാജ്യത്വം പുതിയ രൂപത്തിലും ഭാവത്തിലും പിടിമുറുക്കുകയും ഫാഷിസ്റ്റ് ശക്തികൾ ഇന്ത്യ ഉൾപ്പെടെ പല രാജ്യങ്ങളിലും ആധിപത്യം പുലർത്തുകയും മുഖ്യധാര ഇടതുപക്ഷ കക്ഷികൾ അകത്ത് വലതുപക്ഷമായി മൂലധനശക്തികളുമായി സന്ധിചെയ്യുകയും ചെയ്യുന്ന ഇക്കാലത്ത് കമ്മ്യൂണിസ്റ്റ് മൂല്യങ്ങളും ശക്തമായ നിലപാടും ഉയർത്തിപ്പിടിച്ച ഡോ.വേണുഗോപാൽ നയിച്ച വഴിയിലൂടെ ഉറച്ച പോരാട്ടവീര്യവുമായി മുന്നോട്ടുപോവുക എന്നതാണ് ഓരോരുത്തരുടെയും കർത്തവ്യം എന്ന് അദ്ദേഹം പറഞ്ഞു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ജോർജ്ജ് മാത്യു കൊടുമൺ അദ്ധ്യക്ഷത വഹിച്ചു. മുൻ എംഎൽഎ ജോസഫ് എം.പുതുശ്ശേരി, പ്രൊഫ.ഫിലിപ്പ് എൻ.തോമസ്, ഡോ.സൈമൺ ജോൺ, കവിയൂർ ശിവപ്രസാദ്, അഡ്വ.ഒ.ഹാരിസ്, അഡ്വ. പി.ജി.പ്രസന്നകുമാർ, ജെയിംസ് കണ്ണിമല, എസ്.രാജീവൻ, റെജി മലയാലപ്പുഴ, അഡ്വ.ടി.എച്ച്.സിറാജുദ്ദീൻ, ബാബു കുട്ടൻചിറ, കെ.ജി.അനിൽകുമാർ, ഡോ .എസ്.അലീന, ഏകലവ്യൻ ബോധി, അജികുമാർ കറ്റാനം, ബിനു ബേബി, തുടങ്ങിയവർ പ്രസംഗിച്ചു. ഡോ.അലക്സ്, അഡ്വ.ഇ.എൻ.ശാന്തിരാജ്, മുരുകേഷ് നടക്കൽ, ഷെൽട്ടൻ റാഫേൽ, എസ്. രാധാമണി, മിനി കെ.ഫിലിപ്പ്, എൻ. കെ.ബിജു, ബിജു കുഴിയുഴത്തിൽ, രാജ്കുമാർ, രതീഷ് രാമകൃഷ്ണൻ തുടങ്ങി നിരവധിപേർ പങ്കെടുത്തു. ■

## എറണാകുളം




എറണാകുളം അയ്യപ്പൻകാവ് സെന്ററിൽ നടന്ന ഡോ.വി.വേണുഗോപാൽ അനുസ്മരണ യോഗത്തിൽ സി.ആർ.നീലകണ്ഠൻ പ്രസംഗിക്കുന്നു.

UNITY Malayalam Monthly
2024 May
Price: Rs. 10.00

## തൊഴിലവകാശപ്രക്ഷോഭങ്ങൾക്ക് നേർദിശകാട്ടിക്കൊണ്ട്

# എഐയുറ്റിയുസിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമെമ്പാടും മേയ്ദിനാചരണം നടത്തി

**തി**രുവനന്തപുരത്ത് തമ്പാനൂരിൽനിന്നും ആരംഭിച്ച മേയ്ദിന റാലി സെക്രട്ടേറിയറ്റിനുസമീപം സമാപിച്ചു. എഐയുടിയുസി ജില്ലാ പ്രസിഡന്റ് സഖാവ് ആർ.ബിജു അധ്യക്ഷത വഹിച്ചു. അഖിലേന്ത്യ വൈസ് പ്രസിഡണ്ടും സംസ്ഥാന പ്രസിഡണ്ടുമായ സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ മുഖ്യപ്രസംഗം നടത്തി.

കൊല്ലം ടൗണിൽ സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ നേതൃത്വത്തിൽ മേയ്ദിന പ്രകടനവും സമ്മേളനവും നടന്നു. എഐയുടിയുസിയെ പ്രതിനിധീകരിച്ച് ജില്ലാ പ്രസിഡന്റ് സഖാവ് എസ്.രാധാകൃഷ്ണൻ പ്രസംഗിച്ചു. പുനലൂർ ടൗണിൽ നടന്ന സംയുക്ത പരിപാടിയിൽ എഐയുടിയുസി ജില്ലാ വൈസ് പ്രസിഡന്റ് ജി.ധ്രുവകുമാർ പ്രസംഗിച്ചു.



കണ്ണൂർടൗണിൽ നടന്ന മേയ് ദിനറാലി ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു.



കൊല്ലം ടൗണിൽ സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ നേതൃത്വത്തിൽ നടന്ന മേയ് ദിനറാലി.

മേയ് ദിനാചരണത്തിന്റെ ഭാഗമായി തിരുവല്ലയിൽ പ്രകടനവും സമ്മേളനവും നടത്തി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് എസ്.രാജീവൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. എഐയുടിയുസി ജില്ലാ പ്രസിഡന്റ് സഖാവ് എസ്.രാധാമണി അധ്യക്ഷത വഹിച്ചു. സഖാക്കൾ ബിനു ബേബി, പി.കെ.ഭഗത് എന്നിവർ പ്രസംഗിച്ചു.

ആലപ്പുഴയിൽ എസ്ഡിപി സ്കൂളിന് സമീപത്തുനിന്ന് ആരംഭിച്ച മേയ്ദിന റാലി കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ സമാപിച്ചു. സമാപന യോഗത്തിൽ ജില്ലാ പ്രസിഡന്റ് സഖാവ് കെ.ആർ.ശശി അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. സഖാക്കൾ പി.ആർ.സതീശൻ, എം.എ.ബിന്ദു, എസ്.അനിൽ പ്രസാദ്, ആർ.അർജ്ജുനൻ. ടി.മുരളി, പ്രണിഷ് എന്നിവർ പ്രസംഗിച്ചു.



തൊടുപുഴയിൽ നടന്ന മേയ് ദിനറാലി.

കോട്ടയം ഗാന്ധി സ്ക്വയറിൽ നിന്നും ആരംഭിച്ച മേയ്ദിന റാലി കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ സമാപിച്ചു. ജില്ലാ പ്രസിഡന്റ് സഖാവ് കെ.പി.വിജയൻ അധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. സഖാക്കൾ വി.പി.കൊച്ചുമോൻ, എ.ജി.അജയകുമാർ, കെ.എസ്.ചെല്ലമ്മ, എം.കെ.കണ്ണൻ, കെ.എൻ.രാജൻ, എം.ജെ.സണ്ണി എന്നിവർ പ്രസംഗിച്ചു.



ആലപ്പുഴയിൽ നടന്ന മേയ് ദിനറാലിയിൽ എഐയുറ്റിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് എസ്.സീതിലാല് പ്രസംഗിക്കുന്നു.

തൊടുപുഴയിൽ നടന്ന മേയ്ദിന റാലി ടൗൺഹാൾ പരിസരത്ത് സമാപിച്ചു. എഐയുടിയുസി ജില്ലാ പ്രസിഡന്റ് സഖാവ് എം.എൻ.അനിൽ അധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് വിനോദ് കുമാർ ഉദ്ഘാടനം ചെയ്തു. സഖാക്കൾ എൻ.എസ്. ബിജുമോൻ, പി.കെ.സജി, പി.ടി.വർഗീസ്, ജിമ്മി ജോൺ എന്നിവർ പ്രസംഗിച്ചു.



കോട്ടയത്ത് കെഎസ്ആർടിസിബസ് സ്റ്റാൻഡിനുസമീപം നടന്ന മേയ് ദിനറാലിയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാസെക്രട്ടറി മിനി കെ. ഫിലിപ്പ് പ്രസംഗിക്കുന്നു.

തൃപ്പൂണിത്തുറ കിഴക്കേക്കോട്ട ജംഗ്ഷനിൽനിന്നും ആരംഭിച്ച പ്രകടനം പ്രൈവറ്റ് ബസ് സ്റ്റാൻഡ് പരിസരത്ത് സമാപിച്ചു. എഐയുടിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് പി.എം.ദിനേശൻ അധ്യക്ഷത വഹിച്ചു. അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം സഖാവ് എൻ.ആർ.മോഹൻകുമാർ മേയ്ദിന സന്ദേശപ്രസംഗം നടത്തി. ജില്ലാ സെക്രട്ടറി സഖാവ് കെ.എസ്.ഹരികുമാർ പ്രസംഗിച്ചു.

പാലക്കാട് സ്റ്റേഡിയം ബസ് സ്റ്റാൻഡ് പരിസരത്ത് നടന്ന മേയ്ദിനാചരണ യോഗത്തിൽ ജില്ലാ വൈസ് പ്രസിഡന്റ് കെ. പ്രസാദ് അധ്യക്ഷത വഹിച്ചു. അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റിയംഗം സഖാവ് കെ.അബ്ദുൾ അസീസ് മേയ്ദിന സന്ദേശപ്രസംഗം നടത്തി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി അംഗം സഖാവ് കെ.എം.ബീവി, ആർ.ഉണ്ണികൃഷ്ണൻ, എൻ.സുഗന്ധി എന്നിവർ പ്രസംഗിച്ചു.

കോഴിക്കോട് പാളയം ബസ് സ്റ്റാൻഡിൽ നിന്നും ആരംഭിച്ച പ്രകടനം എൽഐസി കോർണറിൽ സമാപിച്ചു. ജില്ലാ പ്രസിഡന്റ് സഖാവ് എം.കെ.രാജൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി സഖാവ് പി.എം.ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. ഡോ.എം.ജ്യോതിരാജ്, അനിൽകുമാർ എന്നിവർ പ്രസംഗിച്ചു.

കണ്ണൂർ ടൗണിൽ കാൾടെക്സിൽ മേയ്ദിനാചരണ പൊതുയോഗം നടന്നു. ജില്ലാ പ്രസിഡന്റ് എം.കെ.ജയരാജ് അധ്യക്ഷത വഹിച്ചു. ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. അഡ്വ.പി.സി.വിവേക്, അനൂപ് ജോൺ, വി.രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. ■



തൃപ്പൂണിത്തറയിൽ നടന്ന മേയ് ദിനറാലിയിൽ എഐയുറ്റിയുസി അഖിലേന്ത്യ വർക്കിംഗ് കമ്മിറ്റിയംഗം സഖാവ് എൻ.ആർ. മോഹൻകുമാർ മേയ്ദിന സന്ദേശം നൽകുന്നു.

## മോദിയുടെ ഹീനമായ പ്രസ്താവന തിരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി വർഗീയ ധ്രുവീകരണം സൃഷ്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളത്

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി
സഖാവ് പ്രൊവാഷ് ഘോഷ് ഏപ്രിൽ 23ന് പുറപ്പെടുവിച്ച പ്രസ്താവന

**വ**ർഗീയ സംഘർഷങ്ങൾ ആളിക്കത്തിക്കാനും ഹിന്ദുമത വെറി കുത്തിപ്പൊക്കാനും ഉദ്ദേശിച്ചുകൊണ്ട് പ്രധാനമന്ത്രി മോദി നടത്തിയ യാതൊരു മറയുമില്ലാതെയുള്ള ഹീനമായ അഭിപ്രായ പ്രകടനങ്ങളെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു.

മുസ്ലിം പൗരന്മാർ നുഴഞ്ഞുകയറ്റക്കാരാണെന്നും അവർ വൻതോതിൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുകയാണെന്നും കോൺഗ്രസ് തിരഞ്ഞെടുപ്പിൽ വിജയിക്കുകയാണെങ്കിൽ രാജ്യത്തിന്റെ സമ്പത്ത് മുസ്ലീങ്ങൾക്ക് വിതരണം ചെയ്യുമെന്നുമാണ് മോദി ഒരു തിരഞ്ഞെടുപ്പ് റാലിയിൽ പറഞ്ഞത്. ജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങളിൽനിന്ന് പൊതുജനശ്രദ്ധ അകറ്റാനും തിരഞ്ഞെടുപ്പിൽ നേട്ടം കൊയ്യാനായി വർഗീയ ധ്രുവീകരണം കുത്തിപ്പൊക്കാനുമാണ് ഈ ഹീനമായ പ്രസ്താവന കൊണ്ട് ഉദ്ദേശിക്കുന്നത്.

തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റ ചട്ടത്തിന്റെ കടുത്ത ലംഘനമാണിത്. തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്ന് സത്വര നടപടി ഉണ്ടാവണം. എല്ലാ ജനാധിപത്യ വിശ്വാസികളും പ്രതിഷേധ ശബ്ദമുയർത്തണമെന്നും തെരഞ്ഞെടുപ്പ് കമ്മീഷന്റെ അർത്ഥഗർഭമായ മൗനത്തിന് വിരാമമിടണമെന്ന് ആവശ്യപ്പെടുകയും വേണം. ■

Volume: 51 No: 2 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.